# ആന്തരികശാന്തി

## AANTHARIKASANTHI

റേഡിയോ പ്രഭാഷണങ്ങൾ

●

**പ്രൊഫ. എം.വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെൻറ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ : (0484) 760489, 761289

●

Publisher :

**ആലീസ് യോഹന്നാൻ**

ഫീലിയോ ഹെൽത്ത് കെയർ

കോലഞ്ചേരി - 682 311.

●

DTP, TYPESETTING & DESIGN

SPECIAL EFFECTS, COCHIN–35

●

PRINTED AT

SAI GRAPHICS

SIVAKASI

# ആന്തരികശാന്തി

## റേഡിയോ പ്രഭാഷണങ്ങൾ

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher :

**ആലീസ് യോഹന്നാൻ**

മേച്ചങ്കര, കടയിരുപ്പ് പി.ഒ., കോലഞ്ചേരി - 682 311.

“ലഭിച്ചു കഴിഞ്ഞു എന്നോ തികഞ്ഞവ
നായി എന്നോ അല്ല, ഞാൻ ക്രിസ്തുയേ
ശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതു
കൊണ്ട് എനിക്കും അത് പിടിക്കാമോ
എന്നുവെച്ച് ഞാൻ പിന്തുടരുന്നതേ
യുള്ളൂ. .....ഒന്നു ഞാൻ ചെയ്യുന്നു :
പിമ്പിലുള്ളതു മറന്നും മുമ്പിലു
ള്ളതിന്നു ആഞ്ഞുംകൊണ്ട് ക്രിസ്തു
യേശുവിൽ ദൈവത്തിൻെറ പരമവിളി
യുടെ വിരുതിന്നായി ലാക്കിലേക്ക്
ഓടുന്നു.”

- ഫിലിപ്പ്യർ 3:12-14

# ആമുഖം

ബഞ്ചമിൻ ഫ്രാൻക്ലിൻ പറഞ്ഞിട്ടുണ്ട് :

""The man who does things makes many mistakes; but he never makes the biggest mistake of all – doing nothing.''

‘‘പ്രവർത്തിക്കുന്ന മനുഷ്യന് അനേകം തെറ്റുകൾ പറ്റും. പക്ഷേ, ഒന്നും പ്രവർത്തിക്കുന്നില്ല എന്ന ഏറ്റവും വലിയ തെറ്റ് അയാൾക്കൊരിക്കലും പറ്റുകയില്ല.’’

തെറ്റുകൾ തിരിച്ചറിയുന്നതും തിരുത്തുന്നതുമാണ് ജീവിതപുരോഗതിയുടെ ലക്ഷണം. മനുഷ്യരാരും തികവു റ്റവരല്ല. തികവിലേക്കും മികവിലേക്കുമുള്ള പ്രയാണമാണ് ഐഹിക ജീവിതം. ആ പ്രയാണത്തിൽ വഴുതി വീഴാം, കാലിടറാം, പരുക്കുപറ്റാം, വഴിതെറ്റാം. പക്ഷേ വീഴണമെ ന്നില്ല, തെറ്റണമെന്നില്ല. വീണാലും എഴുന്നേറ്റ് പോകുന്ന

താണ് ക്രിസ്തീയ ജീവിതം. വഴിതെറ്റിയാലും നേർപാതയിലേക്ക് തിരിച്ചുവന്ന് മുന്നേറുന്നതാണ് ക്രിസ്തീയ ജീവിതം. മനുഷ്യന് സ്വയം അസാദ്ധ്യമായ ഈ കാര്യം ക്രിസ്തുവിൻെറ ആത്മാവിനാൽ സാധിക്കുമെന്നതാണ് ക്രിസ്തീയ ജയജീവിതത്തിൻെറ രഹസ്യം.

ആ പ്രയാണത്തിൻെറ മുന്നേറ്റത്തിന് ആന്തരിക ശാന്തി അത്യന്താപേക്ഷിതമാണ്. ഹൃദയശുദ്ധീകരണമാണ് ആന്തരികശാന്തിയുടെ നിദാനം. നിരന്തരമായ ഹൃദയശുദ്ധീകരണ പ്രക്രിയയാണ് വിജയകരമായ ക്രിസ്തീയ ജീവിതത്തിൻെറ ഉരകല്ല്.

ഈ ആശയം ലക്ഷ്യമാക്കി ചെയ്തിട്ടുള്ള റേഡിയോ പ്രഭാഷണങ്ങളുടെ ഒരു സമാഹാരമാണ് ഈ ഗ്രന്ഥം. 1997 ഡിസംബർ, 1998 ജനുവരി, 1998 ഫെബ്രുവരി മാസങ്ങളിൽ ഫീബാ റേഡിയോയിലൂടെ ചെയ്ത 13 പ്രസംഗങ്ങളാണ് ഇതിലുള്ളത്.

1997 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ ചെയ്ത റേഡിയോ പ്രഭാഷണങ്ങളുടെ സമാഹാരമായ ''അമൃതധാര'' അനേകർക്ക് ആത്മീയ ജീവിതത്തിൽ വളരെയേറെ ഉത്തേജനം നൽകി എന്നറിയുവാൻ കഴിഞ്ഞു. അഭിനന്ദനങ്ങളും ആശംസകളും നിർദ്ദേശങ്ങളും തന്നുകൊണ്ട് അനേകമനേകം സഹോദരങ്ങൾ പ്രോത്സാഹിപ്പിച്ചത് ഞാൻ ഇത്തരുണത്തിൽ നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

''ആന്തരികശാന്തി''യ്ക്കും ജാതി, മത, സമുദായഭേദമെന്യേ എല്ലാവരും ഹൃദ്യമായ സ്വീകരണം നൽകുമെന്ന്

ഞാൻ വിശ്വസിക്കുന്നു. ആദ്ധ്യാത്മിക ജീവിതത്തിൽ മുന്നേറ്റം ലഭിക്കുവാൻ ഈ ഗ്രന്ഥവും ഉതകട്ടെ എന്ന് ആശംസിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും കർത്തൃകൃപയിൽ ആശ്രയിച്ചുകൊണ്ടും ഞാൻ ഈ ഗ്രന്ഥം ബഹുജനങ്ങൾക്കായി സമർപ്പിക്കുന്നു.

**എം.വൈ. യോഹന്നാൻ**

***""Reading maketh a full man ;***

***Writing an exact man ;***

***And Conference a ready man."***

***– Francis Bacon***

## റേഡിയോ പ്രഭാഷണം - 1

*''ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കുതന്നെ സകലവും നൻമയ്ക്കായികൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു.'' റോമർ 8:28.*

शिशु ने दुनियाँ में आकर
रो रोकर हँसना सीखा ।
गिर गिरकर चलना सीखा ।।

എന്ന് സുപ്രസിദ്ധ ഹിന്ദി കവയിത്രിയായ സുഭദ്രാ കുമാരി ചൗഹാൻ ചൊല്ലിയിട്ടുണ്ട്. ശിശു ലോകത്തിൽ പിറന്നിട്ട് കരഞ്ഞ് കരഞ്ഞ് ചിരിക്കാൻ പഠിച്ചു. വീണ് വീണ് നടക്കാൻ പഠിച്ചു എന്നാണ് ഈ കവിതാശീലിൻെറ അർത്ഥം.

യാതനകളും ദുരിതങ്ങളും വേദനകളും കണ്ണുനീരും പിറന്നന്നു മുതലേ മനുഷ്യനുണ്ട്. അവയുടെ മുന്നിൽ

അധികമാളുകളും പതറിപ്പോവുകയും നിരാശരാകുകയും ചെയ്യും. അവരുടെ ജീവിതത്തിൽ എന്നും frustration, tension and confusion ഉണ്ടായിരിക്കും.

എന്നാൽ ചുരുക്കം പേർ ദൈവത്തിൻെറ സ്നേഹ ത്തെ സംശയിക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്യാതെ ദൈവത്തിൽ ആശ്രയിക്കുകയും ദൈവം എല്ലാം നൻമയ്ക്കായി തീർത്തു തരുമെന്ന് വിശ്വസിച്ച് മനസ്ഥിരത യോടെ നില്ക്കുകയും ചെയ്യും. അവരെ അതിന് സഹായി ക്കുന്ന തിരുവചനമാണ് :

''ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നൻമ യ്ക്കായികൂടി വ്യാപരിക്കുന്നു'' എന്നത്. റോമർ 8:28.

സാഹസികനായ ഒരു കപ്പൽയാത്രക്കാരനെപ്പറ്റി ഒരു കഥയുണ്ട്. കപ്പൽച്ചേതത്തിൽപെട്ട് ഒരു ദ്വീപിൽ ചെന്നു പറ്റി അയാൾ. പക്ഷേ ആ ദ്വീപ് ആൾപ്പാർപ്പില്ലാത്തതായി രുന്നു. ദൂരെ ദൂരെക്കൂടി നീങ്ങുന്ന കപ്പലുകളുടെ ശ്രദ്ധ ആകർഷിച്ച് രക്ഷപ്പെടാനാവാതെ ആ യുവാവ് തീർത്തും നിരാശനായി. കാട്ടുകനികൾ പറിച്ചുതിന്നും കാട്ടുചോല യിലെ വെള്ളം കുടിച്ചും അയാൾ അവിടെ പാർത്തു.

വളരെ നാളത്തെ പരിശ്രമംകൊണ്ട് അയാൾ ഉണ ങ്ങിയ ഇലകളും വൃക്ഷശിഖരങ്ങളുംകൊണ്ട് ഒരു കുടിലു ണ്ടാക്കി. വെയിലിൽനിന്നും മഴയിൽനിന്നും മഞ്ഞിൽ നിന്നും അങ്ങനെ അയാൾ രക്ഷപ്പെട്ടു. കുറെനാൾ അങ്ങനെ

പോയി.

ഒരു ദിവസം അയാൾ കാട്ടിലൂടെ അലഞ്ഞുതിരിഞ്ഞ് കനികൾ പറിച്ചു തിന്നും മറ്റും പതിവുപോലെ വന്നപ്പോൾ കണ്ട കാഴ്ച അയാളെ ഞെട്ടിപ്പിച്ചു. അയാളുടെ നെടുനാളത്തെ പരിശ്രമംകൊണ്ട് പടുത്തുയർത്തിയ കിടപ്പാടം ഇതാ കത്തിയെരിയുന്നു. കാട്ടുതീ പിടിച്ചതാണ് കാരണം. ഉയരുന്ന തീജ്ജ്വാലയെ നോക്കി അയാൾ അമ്പരപ്പോടെ നിന്നു.

ഏങ്ങലടിച്ചുകൊണ്ട് ആ തീജ്ജ്വാലയെ നോക്കിക്കൊണ്ട് അയാൾ പറഞ്ഞു: "എന്റെ ദൈവമേ എന്നെ ഇവിടെനിന്ന് ഏതെങ്കിലും ഒരു കപ്പൽ വന്ന് രക്ഷപ്പെടുത്തണമേ എന്ന പ്രാർത്ഥന നീ കേട്ടില്ല എന്ന് മാത്രമല്ല, ഇപ്പോൾ ഇതാ എന്റെ ഈ കിടപ്പാടവും കത്തിപ്പോയല്ലോ."

ഇങ്ങനെ അവൻ കരഞ്ഞുകൊണ്ട് നിൽക്കുമ്പോൾ കേൾക്കാം ഒരിരമ്പൽ, കടലിൽനിന്ന്. അവൻ തിരിഞ്ഞു നോക്കിയപ്പോൾ അതാ ഒരു ബോട്ട്. ബോട്ടിലേക്ക് അവനെ വിളിച്ചു. ബോട്ട് ദൂരെ നങ്കൂരമിട്ട് കിടക്കുന്ന കപ്പലിലേക്ക് അവനെ എത്തിച്ചു.

കപ്പലിൽ കയറിയ ഉടനെ കപ്പിത്താൻ പറയുകയാണ് : ''ചെറുപ്പക്കാരാ, നീ അത്രയും ഉയരത്തിൽ ആ തീ കത്തിച്ചതുകൊണ്ടാണ് നീ ഒരാൾ രക്ഷപ്പെടാനാഗ്രഹിച്ച് ആ ദ്വീപിലുണ്ടെന്ന് ഞങ്ങളറിഞ്ഞത്. നീ തീ കത്തിച്ചതു നന്നായി'' എന്ന്.

സ്നേഹിതരേ, എല്ലാം നൻമയ്ക്കാക്കുവാൻ ദൈവ

ത്തിനു കഴിയും. All for the best. അതേ, എല്ലാം ആത്യന്തിക നൻമയ്ക്ക്.

ഇതിന് ഉത്തമോദാഹരണമാണ് ഉല്പത്തി പുസ്തകത്തിലെ യൗസേഫിൻെറ ജീവിതം. ബാല്യപ്രായം മുതൽ ദുഃഖവും ഒറ്റപ്പെടുത്തലും അവഗണനയും വൈരാഗ്യവും നേരിട്ട്, വലഞ്ഞ ഒരു യുവാവാണ് യൗസേഫ്. ലേയയുടെ മടിയിൽ സഹോദരൻമാരായ രൂബേനും ലേവിയും യഹൂദയും ആശേരും മറ്റും ഇരിക്കുന്നതു കാണുമ്പോൾ അവനോർക്കും എന്നെ ലാളിക്കാൻ എനിക്കൊരമ്മയില്ലല്ലോ എന്ന്.

അവന് ഇതേ ഓർമ്മയുള്ളു. ഒരുനാൾ അവൻെറ അപ്പൻ വിതുമ്പിക്കരഞ്ഞുകൊണ്ട് വഴിയോരത്തിരിക്കുന്നു. ബേത്‌ലഹേമിലേക്കുള്ള വഴിയുടെ അരികിൽ അവൻെറ അമ്മ രണ്ടാം പ്രസവത്തോടെ മരിച്ചു എന്ന് മറ്റുള്ളവർ പറഞ്ഞാണ് അവനറിഞ്ഞത്.

എല്ലാവരും മ്ലാനരാണ്. ചോരക്കുഞ്ഞായ അവൻെറ അനുജൻ ബെന്യാമീനെ മടിയിൽവെച്ച് അവൻെറ അമ്മയായ റാഹേലിനെ ഓർത്ത് അപ്പൻ യാക്കോബ് കരയുന്നു. വഴിയോരത്ത് അമ്മയെ അടക്കീട്ട് അപ്പനും ചേട്ടൻമാരും യാത്ര തുടരുന്നു. അന്നു മുതലുള്ള ദുഃഖം.

പതിനേഴാമത്തെ വയസ്സിലാണ് കാട്ടിൽ അവൻെറ ചേട്ടൻമാർ അവനെ പൊട്ടക്കിണറ്റിൽ തള്ളിയിടുന്നത്. തള്ളിയിടുന്നതിനു മുമ്പ് അവൻെറ അങ്കി അവർ ഊരിയെടുത്തു. എന്തിനാണ് എന്നെ കൊല്ലുന്നത്. തേളും അട്ടയും പാമ്പും പുഴുവും കല്ലും മുള്ളും നിറഞ്ഞ ആ പടുകുഴിയിൽ (pit)

അവൻ എത്രനേരം കിടന്നു എന്ന് അവനോർമ്മയില്ല.

ഇതാ അവർ അവനെ കിണറ്റിൽനിന്ന് വലിച്ച് പൊക്കിയെടുക്കുന്നു. യിശ്മായേല്ല്യ കച്ചവടക്കാർക്ക് അവനെ ഇരുപത് വെള്ളിക്കാശിന് വിൽക്കുന്നു. അവരുടെ കൂടെ ഒരടിമയായി പോകുമ്പോൾ അവൻ അവൻെറ ചേട്ടൻ മാരെ പേർചൊല്ലി വിളിച്ച് കരയുന്നുണ്ട്. അവർക്കാർക്കും അല്പംപോലും മനസ്സലിയുന്നില്ല. അവർ അവനെ മിസ്ര യീമിൽ - ഈജിപ്റ്റിൽ - ഫറവോ രാജാവിൻെറ ഉന്നതോ ദ്യോഗസ്ഥനായ പൊത്തീഫറിൻെറ വീട്ടിൽ വിറ്റു.

അവിടെയും പ്രശ്നം. പൊത്തീഫറിൻെറ ഭാര്യ അവനെ തിൻമയ്ക്ക് പ്രേരിപ്പിച്ചു. പ്രലോഭനത്തിന് വഴ ങ്ങാതെ അവൻ ഓടി. ആ സ്ത്രീ അവനെക്കുറിച്ച് ദുരാരോ പണം പറഞ്ഞു. ഫലമോ കാരാഗൃഹവാസം.

അതേ pit-ൽ നിന്ന് prison-ലേക്ക്. പതിമൂന്ന് വർഷം കാരാഗൃഹത്തിൽ. pit-ലും prison-ലും ദൈവത്തെ ഭയന്ന്, ആദരിച്ച് പാപം വരാതെ, നിന്നത് ഉയരങ്ങളിൽ നിത്യനായ ദൈവത്തെ ആനന്ദിപ്പിച്ചു. അതവനെ കൊട്ടാരത്തിലെ ത്തിച്ചു.

pit-ൽനിന്ന് prison-ലേക്കും prison-ൽനിന്ന് palace-ലേക്കും. All for the best. എല്ലാം നൻമയ്ക്ക്. ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ട വർക്ക് തന്നെ സകലവും നൻമയ്ക്കായികൂടി വ്യാപരി ക്കുന്നു. ദൈവത്തിന് സ്തോത്രം.

മാന്യ സഹോദരാ, താങ്കളുടെ ജീവിതത്തിൽ സംഭവി

ക്കുന്നതെല്ലാം നൻമയിലേക്ക് നയിക്കാൻ സർവ്വവല്ലഭനായ ക്രിസ്തുവിന് കഴിയും എന്ന് താങ്കൾ വിശ്വസിക്കുമോ? ക്രിസ്തു കാണിച്ചുതന്ന മാതൃക അതത്രേ.

''തൻെറ മുമ്പിൽ വെച്ചിരുന്ന സന്തോഷം അവ നോർത്ത് അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിൻെറ വലതുഭാഗത്തിരിക്കുകയും ചെയ്തു. അതുകൊണ്ട് നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ച് മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊൾവിൻ.'' എബ്രായർ 12:2-3. നമുക്ക് പിൻതുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്ന ക്രിസ്തുവിനെ നമുക്ക് അനുഗമിക്കാം.

യൗസേഫ് മിസ്രയീമിലെ ഏറ്റവും ഉയർന്ന ഉദ്യോഗ സ്ഥനായിരിക്കുന്ന കാലത്ത് സഹോദരൻമാർ അവൻെറ അരികിൽ ധാന്യം തേടി ക്ഷാമദേശത്തുനിന്ന് ചെന്നു. തൻെറ മുമ്പിൽ സാഷ്ടാംഗം വീണുകിടക്കുന്ന സഹോദരൻ മാരോട് തെല്ലും നീരസമോ പകയോ ഇല്ലാതെ യൗസേഫ് പറയുകയാണ് :

''നിങ്ങൾ മിസ്രയീമിലേക്ക് വിറ്റുകളഞ്ഞ നിങ്ങളുടെ സഹോദരൻ യൗസേഫാകുന്നു ഞാൻ. എന്നെ ഇവിടെ വിറ്റതുകൊണ്ട് നിങ്ങൾ വ്യസനിക്കേണ്ട ; വിഷാദിക്കയും വേണ്ട. ജീവരക്ഷയ്ക്കായി ദൈവം എന്നെ നിങ്ങൾക്കു മുമ്പേ അയച്ചതാകുന്നു. ഭൂമിയിൽ നിങ്ങൾക്ക് സന്തതി ശേഷിപ്പിക്കേണ്ടതിനും വലിയൊരു രക്ഷയാൽ നിങ്ങളുടെ ജീവനെ രക്ഷിക്കേണ്ടതിനും എന്നെ നിങ്ങൾക്കു മുമ്പെ അയച്ചിരിക്കുന്നു. ആകയാൽ നിങ്ങൾ അല്ല, ദൈവം അത്രേ

എന്നെ ഇവിടെ അയച്ചത്.'' ഉല്പത്തി 45:4-7.

നമ്മുടെ ദ്രവ്യാഗ്രഹംകൊണ്ട് ക്രിസ്തുവിനെ ഒറ്റിക്കൊടുക്കുകയും നമ്മുടെ ലോകസ്നേഹംകൊണ്ട് ക്രിസ്തുവിനെ തള്ളിപ്പറയുകയും നമ്മുടെ പരീശത്വംകൊണ്ടും പാപങ്ങൾകൊണ്ടും ക്രിസ്തുവിനെ ക്രൂശിക്കുകയും ചെയ്തവരായ നമ്മോട് കരുണയോടെ ക്ഷമിക്കുന്ന ക്രിസ്തുവിൻെറ ആർദ്രതയുടെയും അലിവിൻെറയും ദൃഷ്ടാന്തമല്ലേ ഇവിടെ കാണുന്നത്?

''നിത്യസ്നേഹംകൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു. വാളിന്നു തെറ്റി ശേഷിച്ച ജനം മരുഭൂമിയിൽ കൃപകണ്ടെത്തി''യെന്ന് നാം വായിക്കുന്ന യിരമ്യാവിൻെറ വചനങ്ങൾ നാമൊന്ന് ഉൾക്കൊള്ളുമോ? യിരമ്യാ 31:2-3.

യൗസേഫിനെക്കുറിച്ച് തിരുവെഴുത്ത് പറയുന്നു :

''എൻെറ സകല കഷ്ടതയും എൻെറ പിതൃഭവനം ഒക്കെയും ദൈവം എന്നെ മറക്കുമാറാക്കി എന്ന് പറഞ്ഞ് യൗസേഫ് തൻെറ ആദ്യജാതന് 'മനശ്ശെ' എന്നു പേരിട്ടു. സങ്കടദേശത്ത് ദൈവം എന്നെ വർദ്ധിപ്പിച്ചു എന്ന് പറഞ്ഞ് അവൻ രണ്ടാമത്തവന് 'എഫ്രയീം' എന്നു പേരിട്ടു. ഉല്പത്തി 41:51-52.

അപ്പനായ യാക്കോബിൻെറ മരണക്കിടക്കയിൽ യൗസേഫ് തൻെറ മക്കളെ കൂട്ടിക്കൊണ്ട് അപ്പനെ കാണാൻ ചെന്നപ്പോൾ യാക്കോബ് അനുഗ്രഹിച്ച് പറയുന്നത് കേൾക്കുക.

''നിൻെറ മുഖം കാണുമെന്ന് ഞാൻ വിചാരിച്ചിരു

ന്നില്ല. എന്നാൽ നിൻെറ സന്തതിയേയും കാണ്മാൻ ദൈവം എനിക്ക് സംഗതി വരുത്തിയല്ലൊ.'' ഉല്പത്തി 48:11.

''പിന്നെ അവൻ യൗസേഫിനെ അനുഗ്രഹിച്ചു. എൻെറ പിതാക്കൻമാരായ അബ്രാഹാമും, യിസ്ഹാക്കും ഭജിച്ചുപോന്ന ദൈവം, ഞാൻ ജനിച്ചനാൾ മുതൽ ഇന്നുവരെയും എന്നെ പുലർത്തിയിരിക്കുന്ന ദൈവം, എന്നെ സകല ദോഷങ്ങളിൽനിന്നും വിടുവിച്ച ദൂതൻ ഈ കുട്ടികളെ അനുഗ്രഹിക്കുമാറാകട്ടെ.'' ഉല്പത്തി 48:15.

മാന്യ സ്നേഹിതാ, Pit, Prison, Palace. പടിപടിയായ മുന്നേറ്റം. എല്ലായിടത്തും ദൈവപക്ഷത്തു നിന്നുകൊണ്ട് യൗസേഫ് പാപം വരാതെ തന്നെത്തന്നെ സൂക്ഷിച്ചു. ദൈവം Pit-ഉം Prison-നും – പൊട്ടക്കുഴിയും കൽത്തുറുങ്കും - നൻമയ്ക്കാക്കി തീർത്തു. താങ്കൾക്ക് വരുന്നതെല്ലാം നൻമയ്ക്കാക്കി തീർക്കാൻ ശക്തനായവൻെറ ആണിപ്പാടുള്ള കരങ്ങളിലേക്ക് ജീവിതം ഇപ്പോൾ ഏല്പിച്ചു കൊടുക്കുമോ?

ക്രിസ്തു ഇതാ താങ്കളുടെ നേരെ കരം നീട്ടി നിൽക്കുന്നു. ഏല്പിച്ചു കൊടുക്കൂ താങ്കളുടെ ജീവിതത്തെ. ക്രിസ്തു അത് പുതുക്കി മെനയട്ടെ. കർത്താവിനോട് പറയൂ : യേശുവേ, ഇന്നു മുതൽ ഞാൻ നിൻെറ വക.

എങ്കിൽ നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം : നാഥാ, കർത്താവായ യേശുവേ, ഇന്ന് ഈ വചനം കേട്ട എല്ലാവരെയും അനുഗ്രഹിക്കണമേ. തന്ന കൃപകൾക്കായി സ്തോത്രം. ദൂതിനായി സ്തോത്രം. യേശുവിൻ നാമത്തിൽ തന്നേ. ആമ്മീൻ.

★★★

## റേഡിയോ പ്രഭാഷണം - 2

*''ഒരു കുറവ് നിനക്കുണ്ട്;*
*നീ പോയി നിനക്കുള്ളതെല്ലാം വിറ്റ്*
*ദരിദ്രർക്ക് കൊടുക്ക ; പിന്നെ വന്ന് എന്നെ അനുഗമിക്ക.''*
*മർക്കോസ് 10:21.*

പ്രശാന്ത സുന്ദരമായ ഒരു ജീവിതം നയിക്കുക എന്നതാണ് സകല മനുഷ്യരുടെയും ആഗ്രഹം. സ്വസ്ഥതയും ശാന്തിയുമുള്ള നല്ല നാളെകൾ സ്വപ്നം കാണുന്നവരാണ് മിക്കവാറും എല്ലാ മനുഷ്യരും. അത് ലഭിക്കാതെ വരുമ്പോഴുള്ള നിരാശയും ടെൻഷനും ആകുലവും ആശങ്കയുമാണ് മനുഷ്യഹൃദയത്തിൽ ആകമാനം കുടികൊള്ളുന്നത്.

എന്നാൽ നിത്യസമാധാനം അഥവാ നിത്യജീവൻ അവകാശമാക്കുക എന്ന കാര്യം അനേകരുടെയും ചിന്താവിഷയമാകുന്നില്ല. നിത്യജീവനുവേണ്ടി ദാഹിച്ച് ക്രിസ്തുവിൻെറ അടുക്കൽ ചെന്ന ഒരു പ്രമാണിയായ യുവാവിനോട് ക്രിസ്തു പറഞ്ഞ വാക്കുകൾ :

''ഒരു കുറവ് നിനക്കുണ്ട്, നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്ക, പിന്നെ വന്ന് എന്നെ അനുഗമിക്ക'' എന്നാണ്. വി മർക്കോസ് 10:21.

അയ്യായിരങ്ങൾ രോഗസൗഖ്യം തേടി ക്രിസ്തുവിൻെറ പിന്നാലെ വന്നു. ഭൗതികജീവിതത്തിലെ യാതനകൾക്കും വേദനകൾക്കും ഒരു പൊറുതി കിട്ടുവാൻ ക്രിസ്തുവിൻെറ അരികിലേക്ക് തിക്കിത്തിരക്കി എത്തി. ഉദ്ദിഷ്ടകാര്യ ലക്ഷ്യപ്രാപ്തിക്കായി വന്നവരങ്ങനെ ഏറെയായിരുന്നു. അവരെയെല്ലാം ക്രിസ്തു ആശ്വസിപ്പിച്ചു.

എന്നാൽ ആത്മാവിൻെറ നിത്യജീവൻ പ്രാപിപ്പാൻ യേശുവിൻെറ അടുക്കൽ വന്നവരായി രണ്ടുപേരെ മാത്രമേ നാം തിരുവെഴുത്തിൽ കാണുന്നുള്ളു.

ഒന്ന് വി. ലൂക്കോസിൻെറ സുവിശേഷം പത്തിൻെറ ഇരുപത്തഞ്ചിൽ ഒരാൾ വന്ന് യേശുക്രിസ്തുവിനോട് നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണം എന്നു ചോദിക്കുന്ന ഭാഗമാണ്. പക്ഷേ അയാൾ ഒരു സത്യാന്വേഷി അല്ല ; കാരണം നാം വായിക്കുന്നത് അവൻ ക്രിസ്തുവിനെ പരീക്ഷിക്കാനായിരുന്നു അപ്രകാരം ചോദിച്ചത് എന്നാണ്.

രണ്ടാമത്തെ ആളാണ് മർക്കോസ് പത്തിലും മത്തായി പത്തൊൻപതിലും ലൂക്കോസ് പതിനെട്ടിലും കാണുന്ന പ്രമാണിയായ യുവാവ്. ഈ ഒരാൾ മാത്രമാണ് നിത്യജീവനെക്കുറിച്ച് സത്യാന്വേഷിയായി ക്രിസ്തുവിൻെറ അടുക്കൽ വരുന്നത്. ''ഗുരോ, നിത്യജീവനെ അവകാശമാക്കുവാൻ

ഞാൻ എന്തു ചെയ്യണം എന്ന് അയാൾ യേശുവിനോട് ചോദിച്ചു.

ജീവിതത്തിൽ ഏറ്റവും പ്രധാനമായി ഒരാൾ ചോദിക്കേണ്ട ചോദ്യമാണ് ആ യുവാവ് ചോദിച്ചത്. ആ ചോദ്യം ലോകത്തിൽ ചോദിക്കേണ്ട ആളോട് തന്നെ ചോദിച്ചു.

കല്പനകളെല്ലാം പ്രമാണിച്ചുപോരുന്നു എന്ന് സ്വയം സംതൃപ്തിയോടെ അയാൾ ക്രിസ്തുവിനോട് പറയുന്നുണ്ട്. ന്യായപ്രമാണ കല്പനകൾ എല്ലാം ബാല്യം മുതൽ പ്രമാണിച്ചുപോരുന്ന അഭിമാനകരമായ നേട്ടം അയാൾക്കുണ്ട്. സാൻമാർഗ്ഗിക നിഷ്ഠയുള്ള ഒരു യുവാവ്. അടുക്കും ചിട്ടയുമുള്ള ജീവിതം. മതപരമായ കാര്യങ്ങളിലുള്ള തീക്ഷ്ണത. ജീവിതത്തിൽ തെറ്റു പറ്റരുതെന്ന് അതിയായ നിർബന്ധം. നിത്യജീവൻ പ്രാപിക്കാനുള്ള അദമ്യമായ ആഗ്രഹം.

ഇനി എനിക്ക് കുറവുള്ളതെന്ത് എന്താണ് അവൻ ചോദിക്കുന്നത്. യേശു അവനെ നോക്കി അവനെ സ്നേഹിച്ചു. ''സദ്ഗുണപൂർണ്ണനാകുവാൻ ഇച്ഛിക്കുന്നു എങ്കിൽ നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രർക്ക് കൊടുക്കുക'' എന്നത്രേ ക്രിസ്തു അവനോട് പറയുന്നത്.

മാന്യ സ്നേഹിതാ, താങ്കൾക്ക് നിത്യജീവനെക്കുറിച്ചുള്ള വാഞ്ഛയുണ്ടോ? നിത്യജീവൻ പ്രാപിക്കുന്നതിന് എന്തു ചെയ്യണമെന്ന് ചിന്തിച്ചിട്ടുണ്ടോ? നിത്യജീവൻ ലാക്കാക്കി ക്രിസ്തുവിൻെറ അരികിൽ വന്നിട്ടുണ്ടോ? ആത്മാവ് നിത്യ സ്വർഗ്ഗതീരത്തെത്തണമെന്ന് വാഞ്ഛിച്ചി

ട്ടുണ്ടോ? അതോ, ചില ചടങ്ങുകൾ ആചരിച്ച് അനുഷ്ഠാനങ്ങളും ആചാരങ്ങളും നിർവ്വഹിച്ച് ആത്മാവ് ദൈവരാജ്യത്തിൽ ചെല്ലുമെന്നുള്ള മൂഢ ധാരണയിൽ കാലം പോക്കുകയാണോ?

നിത്യജീവൻ തീരാത്ത സമാധാനമാണ്. നിത്യജീവൻ ക്രിസ്തു ആണ്. നിത്യജീവൻ യുഗായുഗങ്ങൾ ക്രിസ്തുവിനോടുകൂടെ വാഴുന്നതാണ്. നിത്യജീവൻ നിത്യസ്വർഗ്ഗത്തിൽ പരിശുദ്ധൻമാരുടെ നിരയിൽ നിന്ന് നിത്യനായ ദൈവത്തെ മഹത്വപ്പെടുത്തുന്നതാണ്.

നിത്യജീവൻ പാപക്കറകൾ കഴുകിക്കളഞ്ഞ് ജീവിതവിശുദ്ധി പ്രാപിക്കുന്ന വിശുദ്ധൻമാർക്കുള്ളതാണ്. നിത്യജീവൻ പരിശുദ്ധാത്മാവിൻെറ അളവില്ലാത്ത ദാനമാണ്. നിത്യജീവൻ ഏകസത്യ ദൈവപിതാവിനെയും അവൻെറ പുത്രനായ യേശുക്രിസ്തുവിനെയും തിരിച്ചറിയുന്നതാണ്.

നിത്യജീവൻ താല്ക്കാലിക ലോകജീവിതത്തിൻെറ മായയിൽനിന്നുള്ള സ്വാതന്ത്ര്യമാണ്. നിത്യജീവൻ കുഞ്ഞാടിൻെറ രക്തത്തിൽ അങ്കി അലക്കി വെളുപ്പിച്ചവർക്കുള്ള അവകാശമാണ്. നിത്യജീവൻ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും ലഭിക്കുന്ന ശാശ്വത സൗഭാഗ്യമാണ്.

നിത്യജീവൻ ഈ ലോക ജീവിതത്തിലെ ദുരിതങ്ങളെയും വേദനകളെയും പ്രശ്നങ്ങളെയും മറന്നുകളയുവാൻ കൃപ തരുന്ന അത്ഭുത ശാന്തിയാണ്. നിത്യജീവൻ ആത്മാവിൽ പുതുജനനം പ്രാപിച്ച ഒരു ദൈവപൈതലിനുള്ള ശാശ്വതനിധിയാണ്. സ്നേഹിതാ, താങ്കൾ ഈ നിത്യജീ

വന്നവകാശിയാണോ?

ആ യൗവനക്കാരൻ പകച്ചുപോയി, യേശുവിൻെറ മറുപടി കേട്ടിട്ട്. കാരണം സമ്പത്തെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കേണ്ട ഒരാവശ്യം അവന് മനസ്സിലാകുന്നില്ല. അന്യായമായിട്ടൊന്നും അവൻ സമ്പാദിച്ചിട്ടില്ല. അവൻെറ ധനം മോഷ്ടിച്ചോ, കവർച്ച ചെയ്തോ നേടിയതല്ല.

പിന്നെ എന്താണ് ധനമെല്ലാം വില്ക്കാൻ ക്രിസ്തു പറഞ്ഞത്. അവന് കാര്യം മനസ്സിലായില്ല. അമ്പരപ്പോടെ ക്രിസ്തുവിൻെറ മുഖത്തേക്ക് നോക്കി അവൻ നിന്നു പോയി. അവൻെറ ധനം വിൽക്കുക എന്നത് തീർത്തും അനാവശ്യവും അസാദ്ധ്യവുമായി അവന് തോന്നി. അവൻ വളരെ ദുഃഖിതനായി മടങ്ങിപ്പോയി.

അവൻ മടങ്ങിപ്പോകുന്നത് കണ്ടിട്ട് ക്രിസ്തു നെടുവീർപ്പോടെ പറഞ്ഞു :

''സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം ! ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ് എളുപ്പം'' എന്ന്.

ശിഷ്യൻമാർ വലിയ പരിഭ്രമത്തിലും ചിന്താക്കുഴപ്പത്തിലുമായി. അവരുടെ അങ്കലാപ്പു കണ്ട് ക്രിസ്തു പറഞ്ഞു :

''മക്കളേ, സമ്പത്തിൽ ആശ്രയിക്കുന്നവർ ദൈവ

രാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം.'' മർക്കോസ് 10:24.

ഇവിടെ കർത്താവായ യേശുക്രിസ്തു വളരെ വിലപ്പെട്ട ഒരു മർമ്മം പറഞ്ഞുതരികയാണ്. ക്രിസ്തുവിനെക്കാൾ കൂടുതൽ ഏതിലെങ്കിലും ഒരാൾക്ക് ആശ്രയമുണ്ടായാൽ അത് നിത്യജീവന് തടസ്സമാണ് എന്ന് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു. ആ പ്രമാണിയായ യുവാവിന് തടസ്സം ധനത്തിലുള്ള ആശ്രയമായിരുന്നു.

ചുങ്കക്കാരൻ സഖായിക്കും തടസ്സം അവൻെറ ദ്രവ്യാഗ്രഹമായിരുന്നു. എന്നാൽ തർസോസുകാരൻ ശൗലിന് തടസ്സം അവൻെറ മതവൈരാഗ്യവും സ്വയനീതിയും പരീശത്വവുമായിരുന്നു.

നയീൻ പട്ടണത്തിലെ പാപിനിയായ സ്ത്രീക്ക് തടസ്സം അവളുടെ വ്യഭിചാരജീവിതമായിരുന്നു. ശമര്യാപട്ടണത്തിലെ സ്ത്രീക്ക് തടസ്സം ആറു പുരുഷൻമാരുമായി മാറി മാറിയുള്ള അവിഹിതവേഴ്ചയായിരുന്നു.

ശീമോൻ പത്രോസിനു തടസ്സം തൻെറ ചഞ്ചലഹൃദയമായിരുന്നു.

സ്നേഹിതരേ, ക്രിസ്തുവിനെക്കാൾ കൂടുതൽ താങ്കൾക്ക് ആശ്രയമുള്ള വിഷയമെന്താണ്? ആശ്രയം എന്നാൽ ഇവിടത്തെ അർത്ഥം Attachment എന്നാണ്. അങ്ങനെ താങ്കൾക്ക് പറ്റുമാനമുള്ള സകലത്തേയും മാറ്റി നിറുത്തി ക്രിസ്തുവിനെ ഒന്നാം സ്ഥാനത്ത് നിറുത്തുമ്പോൾ താങ്കൾക്ക് നിത്യജീവൻെറ അവകാശം

ലഭിക്കും.

ഒരു കുറവ് നിനക്കുണ്ട് എന്ന് ക്രിസ്തു പറഞ്ഞത് അവൻെറ ഏതെങ്കിലും പാപമായിരുന്നില്ല. പാപത്തിൻെറ ചിന്തയോ വാക്കോ പ്രവൃത്തിയോ ആയിരുന്നില്ല. നേരേമ റിച്ച്, അവൻെറ ഹൃദയത്തിൻെറ പറ്റുമാനം – Attachment – inclination ആയിരുന്നു. അത് അവൻെറ മനോഭാവത്തിൽ ലയിച്ചുകിടക്കുന്നതാണ്.

പണത്തോടുള്ള അഭിനിവേശവും ആശ്രയവും അവൻെറ ബന്ധനമായിരുന്നു. അത് മാറ്റുവാൻ ക്രിസ്തു അവനെ പ്രബോധിപ്പിച്ചു. ഹൃദയത്തിൽനിന്ന് അത് പറിച്ചുമാറ്റിയെങ്കിലേ നിത്യജീവൻ ലഭിക്കുകയുള്ളു എന്ന് ക്രിസ്തു അവനോട് പറഞ്ഞു.

സ്നേഹിതാ, സകലവും വിറ്റും വിട്ടും ക്രിസ്തുവിൻെറ പിന്നാലെ പോകാൻ താങ്കൾക്ക് ആഗ്രഹമുണ്ടോ? ക്രിസ്തു തന്നെത്തന്നെ മുഴുവനായി നമുക്കുവേണ്ടി ക്രൂശിൽ അർപ്പിച്ചു. അവിടത്തെ ശരീരവും ആയുസ്സും ജീവനും ഭാവിയും - സമസ്തവും ക്രൂശിൽ അർപ്പിച്ചു.

‘‘മകനേ, നിനക്കുവേണ്ടി ഞാനിതെല്ലാം ത്യജിച്ചുവല്ലോ. നീ നിന്നെത്തന്നെ എനിക്കായി തരുമോ’’ എന്ന് ചോദിച്ചുകൊണ്ട് ക്രിസ്തു ഇതാ ഹൃദയവാതിൽക്കൽ നിന്ന് കെഞ്ചുന്നു. താങ്കളുടെ ഹൃദയം തുറന്ന് ക്രിസ്തുവിനെ സ്വീകരിക്കുമോ?

എങ്കിൽ ഇപ്പോൾ പറയുക ‘‘യേശുവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഞാനിതാ ഇന്നു മുതൽ നിനക്കായി

ജീവിക്കും.''

നമുക്ക് പ്രാർത്ഥിക്കാം. കൃപാനിധിയായ യേശുവേ, അവിടത്തെ ദിവ്യ ആലോചനകൾക്കായി സ്തോത്രം. സ്വർഗ്ഗീയ ആഹ്വാനത്തിനായി സ്തോത്രം. ക്രൂശിലെ സ്നേഹത്തിൻ മുമ്പാകെ എന്നെത്തന്നെ ഞാൻ സമർപ്പിക്കുന്നു. എന്നെ നീ വാഴ്ത്തണമേ. എന്നെ നീ അനുഗ്രഹിക്കണമേ. അവിടുത്തെ രണ്ടാമത്തെ വരവുവരെയും എന്നെ കാക്കണമേ. ഈ വചനം കേട്ട എല്ലാവരെയും അനുഗ്രഹിക്കണമേ. യേശുവിൻ നാമത്തിൽത്തന്നേ. ആമ്മീൻ.

★★★

## റേഡിയോ പ്രഭാഷണം - 3

*‘‘എനിക്ക് അയ്യോ കഷ്ടം! ഞാൻ നശിച്ചു;*
*ഞാൻ ശുദ്ധിയില്ലാത്ത*
*അധരങ്ങൾ ഉള്ളോരു മനുഷ്യൻ;*
*ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള*
*ജനത്തിൻെറ നടുവിൽ വസിക്കുന്നു.’’ യെശയ്യാ 6:5.*

ക്രിസ്തീയ ജീവിതത്തിൽ രണ്ടു വിശിഷ്ടാനുഭവങ്ങളുണ്ട്. ഒന്ന്, പരിശുദ്ധനായ ദൈവത്തെ കാണുക. രണ്ട് അശുദ്ധനായ എന്നെത്തന്നെ കാണുക. ദൈവം ആര് എന്ന് തിരിച്ചറിയുക; ഞാൻ ആര് എന്ന് തിരിച്ചറിയുക. ദൈവത്തിൻെറ വിശുദ്ധിയും തേജസ്സും മഹത്വവും കാണുംതോറും എൻെറ അരിഷ്ടതയും അശുദ്ധിയും ഹീനതയും തിരിച്ചറിയും.

യെശയ്യാവിനുണ്ടായ അനുഭവമതാണ്. നിത്യ പരിശുദ്ധനും തേജോമയനുമായ ദൈവത്തെ കണ്ടു. രാജാധിരാ

ജാവായി, മഹത്വത്തിന്റെ ഉടയവനായി, സിംഹാസനത്തിൽ ഇരിക്കുന്നതു കണ്ടു. ഉസ്സീയാരാജാവ് മരിച്ച ആണ്ടിലാണ് ആ ദർശനം ലഭിച്ചത്. ഭൗതിക സിംഹാസനം ശൂന്യമായപ്പോൾ സ്വർഗ്ഗീയ സിംഹാസനത്തിൽ വാണരുളുന്ന നിത്യരാജാവിനെ കണ്ടു. സ്വർഗ്ഗീയ സേനകൾ ദൈവം പരിശുദ്ധൻ; സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ; ദൈവം പരിശുദ്ധൻ എന്ന് ആർത്തു ആഘോഷിക്കുന്നതു കണ്ടു.

അപ്പോഴാണ് തന്റെ സ്വന്തം അശുദ്ധിയെക്കുറിച്ച് യെശയ്യാവിന് സാക്ഷാത്തായ ബോധമുണ്ടായത്. യെശയ്യാവ് അത്യന്തം എളിമപ്പെട്ടുകൊണ്ട് നിലവിളിച്ചു :

''എനിക്ക് അയ്യോ, കഷ്ടം! ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു.'' യെശയ്യാ 6:5.

യേശുക്രിസ്തുവിന് എഴുന്നൂറ്റമ്പത് കൊല്ലം മുമ്പ് ജീവിച്ചിരുന്ന പ്രവാചകനാണ് യെശയ്യാവ്. ബി.സി. എഴുന്നൂറ്റിനാല്പതിൽ ആണ് ഉസ്സീയാവ് അഥവാ അസര്യ്യാവ് മരിക്കുന്നത്. രാജകുടുംബത്തോട് ബന്ധവും ചാർച്ചയുമുണ്ടായിരുന്ന യെശയ്യാവിന് ഉസ്സീയാവിന്റെ മരണം ഒരു കനത്ത ആഘാതമായിരുന്നു. ഭൗതിക സിംഹാസനം ശൂന്യമായല്ലോ എന്ന നിരാശയിൽ വലഞ്ഞുപോയ ദൈവപുരുഷന് ദൈവസിംഹാസനം വെളിപ്പെട്ടു.

ഭൗതികാശ്രയസ്ഥാനങ്ങൾ ശൂന്യമായാലും ഒരിക്കലും ഇളകാത്ത ആശ്രയം സ്വർഗ്ഗത്തിലുണ്ടെന്നുള്ള ദർശനം

യെശയ്യാവിന് നൽകി. ഭൂമിയിലുള്ളതൊക്കെയും മാറും; മാറാത്തവൻ ക്രിസ്തു മാത്രമെന്ന വ്യക്തമായ ധാരണ ഒരു ദൈവപൈതലിന്റെ സുബോധത്തിന്റെ ലക്ഷണമാണ്.

മാന്യ സ്നേഹിതാ, താങ്കൾ പിടിച്ചിരുന്ന കൊമ്പുകൾ ഇന്ന് ഒടിഞ്ഞുപോയിരിക്കുകയാണോ? താങ്കൾ ഊന്നിയിരുന്ന ചില പാറകൾ ഇളകിപ്പോയിരിക്കുക യാണോ? താങ്കൾ ആശ്രയം വെച്ചിരുന്ന ചിലരിന്ന് താങ്കളെ വിട്ടുപോയിരിക്കയാണോ?

സ്നേഹിതാ, വിശ്വസിക്കൂ; ക്രിസ്തു ജീവിക്കുന്നു. അവൻ ഇളകാത്ത പാറയത്രേ. അവൻ ഇന്നലെയും ഇന്നും എന്നന്നേക്കും മാറ്റമില്ലാത്തവനത്രേ. അവൻ യിശ്ശായിയുടെ കൊമ്പത്രേ. അവൻ ദാവീദിന്റെ വേരും വംശവും ശുഭ്ര മായ ഉദയനക്ഷത്രവുമത്രേ. അവൻ ആദിയില്ലാത്ത ആദിയും അന്തമില്ലാത്ത അന്തവുമത്രേ. അവൻ ആരും അടയ്ക്കാത വണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടയ്ക്കു കയും ചെയ്യുന്നവനത്രേ. എല്ലാവരും തെറ്റിദ്ധരിക്കുമ്പോൾ അവൻ മാത്രം ശരിയായി ധരിക്കുന്നവനത്രേ. അവൻ തകർ ന്നുപോകാത്ത കോട്ടയത്രേ.

യെശയ്യാവ് ദൈവസിംഹാസനം കണ്ടു. സിംഹാസ നത്തിൻമേൽ ഇരിക്കുന്ന ദൈവത്തെ കണ്ടു. ദൈവത്തെ സ്തുതിക്കുന്ന സ്വർഗ്ഗീയ ഗണങ്ങളെ കണ്ടു. സാറാഫുകൾ ആറാറു ചിറകുള്ളവരാണ്. ദൈവത്തെ നോക്കാൻ ഭയപ്പെ ടുന്നതുകൊണ്ട് രണ്ടു ചിറകുകൊണ്ട് അവർ മുഖം മൂടി, താഴെനിന്ന് നോക്കുന്ന മനുഷ്യൻ ദൈവത്തെ കാണാതെ തങ്ങളുടെ കാലിന്റെ തേജസ്സു കണ്ട് തങ്ങളെ നോക്കിനിന്നു

പോകാതിരിപ്പാൻ അവർ രണ്ടു ചിറകുകൊണ്ട് അവരുടെ കാൽ മൂടി. രണ്ടു ചിറകുകൊണ്ട് അവർ പറന്നുനിന്നു. ''സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നാണ് അവർ ആർത്തുപാടിക്കൊണ്ടിരുന്നത്.

സ്നേഹിതാ, താങ്കൾ ആരാധിക്കുന്ന ദൈവം ആരാണ്? ദൈവം പരിശുദ്ധനാണ്. ദൈവം വിശുദ്ധിയിൽ ഭയങ്കരനായി വിളങ്ങുന്നവനാണ്. ദൈവം അടുത്തുകൂടാത്ത തേജസ്സിൽ വസിക്കുന്നവനാണ്. ദൈവം അഗ്നിമയൻമാർ വിറയലോടെ ആരാധിക്കുന്നവനാണ്. ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്.

ദൈവം സ്തുതികളിൻമേൽ ഇറങ്ങിവരുന്നവനാണ്. ദൈവം ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവാണ്. ദൈവം സർവ്വവും സൃഷ്ടിച്ചവനും എല്ലാം തന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യനാണ്.

ഈ അത്യുന്നത പരിശുദ്ധനായ ദൈവത്തെ യെശയ്യാവ് കണ്ടപ്പോൾ ഉടനെ കണ്ടത് സ്വന്തം അശുദ്ധിയെയാണ്. എനിക്ക് അയ്യോ കഷ്ടം! ഞാൻ നശിച്ചു. ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ള മനുഷ്യൻ എന്ന സാക്ഷാത്തായ കാഴ്ചപ്പാടാണ് പ്രവാചകനുണ്ടായത്.

എന്റെ ഈ അഴുക്കാർന്ന അധരങ്ങൾകൊണ്ട് മഹാപരിശുദ്ധനായ ദൈവത്തിന്റെ വൻകാര്യങ്ങൾ പ്രസ്താവി

ച്ചുപോയല്ലോ എന്ന ചിന്ത കടുത്ത അരിഷ്ടതയിലേക്ക് യെശയ്യാവിനെ കൊണ്ടുവന്നു. ജീവിത വിശുദ്ധീകരണം കൂടാതെ ദൈവവേല ചെയ്യുന്നവർക്കുള്ള കാതലായ പ്രബോധനം ഉൾക്കൊള്ളുന്നുണ്ട് ഈ തിരുവചനം.

സഹോദരാ, താങ്കൾ മഹാപരിശുദ്ധനായ ദൈവത്തെ സാക്ഷിച്ചിട്ടുള്ളത് ജീവിത വിശുദ്ധീകരണം അനുഭവിച്ചുകൊണ്ടാണോ? ഹൃദയപാപങ്ങൾ ഏറ്റുപറഞ്ഞ് ആഴമായ വിശുദ്ധീകരണം അനുഭവിച്ചുകൊണ്ടാണോ താങ്കൾ ദൈവവേല ചെയ്യുന്നത്?

കോതമംഗലം എം.എ. കോളേജിലെ ബോട്ടണി പ്രൊഫസർ ആയിരുന്ന പ്രൊഫ. സി.എം. മാത്യു ചാന്ത്യം, യൗവ്വനാരംഭം മുതലേ വിവിധങ്ങളായ കർത്തൃശുശ്രൂഷകളിൽ ഉത്സാഹപൂർവ്വം മുഴുകിയിരുന്ന ആളാണ്. അദ്ദേഹത്തിൻെറ ജീവിതത്തിൽ ദൈവം നൽകിയ പരിവർത്തനവും ശുദ്ധീകരണാനുഭവവും എന്തെന്ന് അദ്ദേഹത്തിൻെറ വാക്കുകളിൽ നമുക്കിപ്പോൾ കേൾക്കാം.

പഴയകാല ജീവിത പശ്ചാത്തലം നമ്മുടെ ഈ റേഡിയോ പരിപാടിയിൽ സംബന്ധിക്കുന്ന ബഹുമാന്യ ശ്രോതാക്കൾക്കായി ഇപ്പോൾ ഒന്നു പറയാമോ?

പറയുന്നതിന് എനിക്ക് അതിയായ സന്തോഷമേയുള്ളൂ. ഞാൻ മൂവാറ്റുപുഴ അടുത്ത് പണ്ടപ്പിള്ളിയിൽ സഭയിലെ വളരെ സീനിയർ ആയ ബഹുമാനപ്പെട്ട ചാന്ത്യത്തിലച്ചൻെറ മകനാണ്. ബാല്യം മുതലേ പള്ളിയാരാധനയും നോമ്പും നമസ്ക്കാരങ്ങളും എല്ലാമായി വളരെ അച്ചടക്കമുള്ള ഒരു ജീവിതമായിരുന്നു.

സണ്ടെ സ്കൂൾ പത്താം ക്ലാസ്സ് പഠിച്ചതിനുശേഷം യൗവ്വനാരംഭത്തിൽ തന്നെ സണ്ടെ സ്കൂൾ അദ്ധ്യാപകനായി. VBS, പ്രാർത്ഥനായോഗങ്ങൾ, കുടുംബയോഗങ്ങൾ, ബൈബിൾ ക്ലാസ്സുകൾ, യൂത്ത്ലീഗ്, പള്ളി ഗായകസംഘം എന്നിങ്ങനെ എത്രയോ പ്രവർത്തനങ്ങളിൽ ഞാൻ നേതൃത്വം നൽകി. സഭയുടെ യുവജന പ്രസ്ഥാനത്തിൻെറ സെക്രട്ടറി, കൺവൻഷൻ പ്രസംഗകൻ, യുവജന കോൺഫറൻസുകളിൽ മോഡറേറ്റർ എന്നിങ്ങനെ ഒട്ടേറെ കാര്യങ്ങളിൽ ഞാൻ മുഴുകി.

എന്നാൽ എൻെറ ഹൃദയത്തിൻെറ രഹസ്യമായ ഉള്ളറ ഏറ്റവും അശുദ്ധമായിരുന്നു. ലൈംഗികാസക്തിയും ഉന്നത പ്രതാപമോഹങ്ങളും സ്ഥാനമോഹങ്ങളും ദ്രവ്യാഗ്രഹവും സ്വാർത്ഥതയും എല്ലാം എൻെറ ഹൃദയത്തിലുണ്ടായിരുന്നു. പുറമേ പ്രകടമായ പാപപ്രവൃത്തികൾക്ക് ഞാൻ പോയിട്ടില്ലെങ്കിലും എൻെറ ജീവിതം ആകമാനം അശുദ്ധിയായിരുന്നു.

ഞാൻ ഒരു പള്ളിയിൽ സുവിശേഷം പ്രസംഗിക്കാൻ പോയപ്പോൾ വളരെ തിടുക്കത്തിൽ ആരും കാണാതെ ഒരിടത്ത് മറഞ്ഞുനിന്ന് രണ്ടു സിഗരറ്റുകൾ വലിച്ചുതീർത്തിട്ട് പ്രസംഗിക്കാൻ പ്ലാറ്റ്ഫോമിൽ കയറിയത് ഞാനോർക്കുന്നു. അശുദ്ധമായ മോഹങ്ങളും മ്ലേച്ഛമായ ആഗ്രഹങ്ങളുംകൊണ്ട് എൻെറ ഹൃദയം നിറഞ്ഞിരിക്കുകയായിരുന്നു. കഠിനമായ കോപവും വാശിയും എന്നിൽനിന്ന് വിട്ടുമാറാതെ നിന്നിരുന്നു. എന്നാൽ ഇതൊന്നും ആർക്കും അറിഞ്ഞുകൂടായിരുന്നു. ക്രിസ്തു എന്നിൽ വസിക്കുന്നില്ല എന്ന് ഞാനും അറിഞ്ഞിരുന്നില്ല.

എന്നാൽ ഈ അവസ്ഥക്ക് ഒരു മാറ്റം വന്നതെങ്ങനെ യാണ്? ആ സാഹചര്യം ഒന്ന് വിശദീകരിക്കാമോ?

ദൈവത്തിനു സ്തോത്രം. കോലഞ്ചേരി ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വന്നതിനുശേഷമാണ് ഈ ഭാഗ്യാനുഭവം എനിക്ക് ലഭിച്ചത്. എന്റെ 32-ാമത്തെ വയസ്സിൽ ജീവിപ്പിക്കുന്ന വചനം ഒരു വിശുദ്ധ ദൈവദാസനിൽനിന്ന് ഞാൻ അവിടെ കേട്ടു. അതെന്റെ കണ്ണ് തുറന്നു. എന്റെ അവകാശവാദങ്ങളും അഭിമാനവിഷയങ്ങളും കറപുരണ്ടതാണെന്ന് എനിക്കു മനസ്സിലായി.

അദ്ദേഹം എനിക്ക് വിശുദ്ധീകരണത്തിന്റെ പാഠങ്ങൾ പറഞ്ഞുതന്നു. അതോടെ ഒരു പുതിയ ലോകം - ആത്മീയം - എന്റെ മുമ്പിൽ തുറക്കുകയായിരുന്നു. അതുവരെയുള്ള എന്റെ ആത്മീയമെല്ലാം പിശാച് അവകാശം പറയുന്നതും ഭോഷ്ക്കും ആണ് എന്ന് ഞാൻ ഗ്രഹിച്ചു. എന്നെ കഴുകി വെടിപ്പാക്കാൻവേണ്ടി കാൽവരിക്രൂശിൽ ചിന്തിയ ആ പുണ്യാഹ രക്തത്തിലേക്ക് ഞാൻ എന്നെത്തന്നെ സമർപ്പിച്ചു. സ്തോത്രം. അന്നു മുതൽ ഇന്നോളം വിശുദ്ധിയുടെ വചനം അനുഭവിച്ചുകൊണ്ട് സുവിശേഷിക്കാൻ കർത്താവ് എനിക്ക് കൃപ തന്നുകൊണ്ടിരിക്കുന്നു.

ബഹുമാന്യ സുഹൃത്തേ, പ്രൊഫ. സി.എം. മാത്യുവിനുണ്ടായിരുന്ന അനുഭവത്തിലാണോ താങ്കൾ? അവയവങ്ങൾക്ക് വിശുദ്ധീകരണമില്ലാതെയാണോ താങ്കൾ ഇന്ന് പരിശുദ്ധനായ ക്രിസ്തുവിനെ സാക്ഷിക്കുന്നത് ? മറ്റുള്ളവരോട് പ്രസംഗിച്ചതിനുശേഷം ഞാൻതന്നെ കൊള്ളരുതാത്തവനായി പോകാൻ ഒരു സാദ്ധ്യതയുണ്ടെന്ന് പൗലോസ് അപ്പോസ്തലൻ പറയുന്നുണ്ട്. 1 കൊരിന്ത്യർ 9:27.

Living Bible–ൽ ഇങ്ങനെയാണ് വായിക്കുന്നത്: "I fear that after enlisting others for the race, I myself might be declared unfit and ordered to stand aside."

ക്രിസ്തുവിൻെറ ഗിരിപ്രഭാഷണത്തിൻെറ ഒടുവിൽ നാം വായിക്കുന്നല്ലോ - ''കർത്താവേ, കർത്താവേ, നിൻെറ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിൻെറ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിൻെറ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്ന് പലരും അന്ത്യനാളിൽ എന്നോടു പറയും. അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ. ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല എന്ന് ഞാൻ അവരോട് തീർത്തുപറയും.'' മത്തായി 7:22-24.

യെശയ്യാവ് സ്വന്തം അധരങ്ങൾ അശുദ്ധമെന്ന് ഏറ്റു പറഞ്ഞപ്പോൾ സ്വർഗ്ഗത്തിലെ തീക്കട്ട ദൂതൻ പറന്നുകൊണ്ടുവന്ന് ചുണ്ടിൽ തൊടുവിച്ചു. സ്വർഗ്ഗത്തിൻെറ കനൽക്കട്ടയായ കർത്താവായ യേശുക്രിസ്തു വന്ന് തൊട്ടാൽ കുറ്റവാളി കുറ്റമില്ലാത്തവൻ എന്ന നീതീകരണം പ്രാപിക്കും. സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന, ഗോഗുൽത്തായിലെ കുരിശിൽ എരിഞ്ഞ തീക്കനലാണ് കർത്താവായ യേശു ക്രിസ്തു. അങ്ങനെ പാപമോചനം കിട്ടിയവരാണ് ''അടിയൻ ഇതാ, അടിയനെ അയയ്ക്കണമേ'' എന്ന് യെശയ്യാവിനെപ്പോലെ പറയുന്നത്; പറയേണ്ടത്.

സ്നേഹിതാ, താങ്കൾ ഈ പാപക്ഷമയുടെ സൗഖ്യം അനുഭവിച്ചിട്ടുണ്ടോ? അവയവ വിശുദ്ധീകരണത്തിൻെറ പരമസന്തോഷവും അലൗകിക സമാധാനവും താങ്കൾക്കുണ്ടോ? ക്രിസ്തുവിൻെറ തിരുരക്തം താങ്കളുടെ അധരത്തെ തൊടുവാൻ താങ്കൾക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ടോ?

ആ മഹനീയമായ അനുഭവം പ്രാപിപ്പാൻ കൊതിക്കുന്നുവെങ്കിൽ ഇപ്പോൾ താങ്കളുടെ അരികത്ത് നിൽക്കുന്ന ക്രിസ്തുവിനോട് അപേക്ഷിക്കുക. നാഥാ, അവിടത്തെ ക്രൂശിലെ തിരുരക്തത്തിൽ എന്റെ സകല പാപങ്ങളെയും കഴുകണമേ. ഇന്നു മുതൽ ഒരു രഹസ്യ വിശുദ്ധനായി ഞാൻ ജീവിക്കും.

നമുക്ക് പ്രാർത്ഥിക്കാം. നാഥാ, സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന തീക്കട്ടയായ യേശുവേ, ഇന്നുതന്ന വചനങ്ങൾക്കായി സ്തോത്രം. ഈ വചനം കേട്ട ഓരോരുത്തരെയും ശുദ്ധീകരണത്തിന്റെ ആഴമേറിയ അനുഭവത്തിലേക്ക് നയിക്കണമേ. യേശുവിൻ നാമത്തിൽ തന്നേ. ആമ്മീൻ.

★ ★ ★

# റേഡിയോ പ്രഭാഷണം - 4

*''യഹോവയുടെ വഴി ചുഴലിക്കാറ്റിലും*
*കൊടുങ്കാറ്റിലുമുണ്ട്.''*
*നഹൂം 1:3.*

വിവാഹം കഴിഞ്ഞ് ഏഴ് മാസമേ ഭർത്താവിനോടൊരുമിച്ച് ജീവിച്ചുള്ളു. ഒരു ഭയങ്കര അത്യാഹിതത്തിൽ അദ്ദേഹം മരിച്ചു. അന്ന് അവൾ മൂന്ന് മാസം ഗർഭിണിയാണ്. രാവിലെ വീട്ടിൽനിന്നിറങ്ങി ജോലിക്ക് പോയതായിരുന്നു. പിന്നെ കാണുന്നത് അദ്ദേഹത്തിൻെറ ശവശരീരമാണ്. എങ്ങനെ സഹിക്കും? ആർക്ക് ആശ്വസിപ്പിക്കാൻ പറ്റും? എന്തു പറഞ്ഞ് ആശ്വസിപ്പിക്കും?

അവൾ പലവട്ടം ചിന്തിച്ചു; ആത്മഹത്യ ചെയ്താലോ എന്ന്. ഗർഭത്തിൽ കിടക്കുന്ന കുഞ്ഞിനെ ഒന്നു കണ്ടിട്ട് മരിക്കാമെന്നു ചിന്തിച്ചു. പ്രസവിച്ചു. ഒരു നല്ല ആൺകുട്ടി. ഞാൻ മരിച്ചാൽ ഈ കുഞ്ഞിന് ആരുമില്ലാ

താവുമല്ലോ. അതുകൊണ്ട് ജീവിച്ചു. ആ കുഞ്ഞിനുവേണ്ടി ജീവിച്ചു. ജീവിതത്തിൽ ആഞ്ഞടിച്ച ഒരു കൊടുങ്കാറ്റ്. ഒരു വലിയ ചുഴലിക്കാറ്റ്.

''യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്.'' നഹൂം 1:3.

വളരെ വലിയ പ്രതീക്ഷയോടെയാണ് ജോലിക്ക് പോയത്. വളരെ നാളത്തെ കാത്തിരിപ്പിനുശേഷമാണ് ആ ജോലി കിട്ടിയത്. ഒരു മാസം തികച്ച് പോയില്ല. ഒരു വലിയ വാഹനാപകടത്തിൽ കൈയ്യിൻെറ സ്വാധീനം പോയി. ആ ജോലി നഷ്ടപ്പെട്ടു. ജീവിതത്തിൽ വീശിയടിച്ച ഭയങ്കരമായ ചുഴലിക്കാറ്റ്.

''യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലുമുണ്ട്.'' നഹൂം 1:3.

വളരെ നല്ല ബിസിനസ്സായിരുന്നു. ലക്ഷക്കണക്കിനു രൂപ നീക്കിബാക്കിയായി. വളരെ മനോഹരമായ ഒരു വീടു പണിതു. എല്ലാവർക്കും പരമ സന്തോഷം. എങ്ങനെയെന്നറിഞ്ഞില്ല. ബിസിനസ്സ് പൊളിഞ്ഞു. കടം വന്നു മൂടി. പലിശ കൊടുത്തു മുടിഞ്ഞു. ഉള്ള ഭൂമിയെല്ലാം വിറ്റാലും കടം തീരുകയില്ല. കടക്കാർ ഞെരുക്കി. കോടതിയിൽ വ്യവഹാരം. നാട്ടുകാരുടെ ബഹളം. വലിയ ചുഴലിക്കാറ്റായിരുന്നു അത്. ഭയാനകമായ കൊടുങ്കാറ്റ്. ''യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലുമുണ്ട്.''

നിനവേ പട്ടണത്തെക്കുറിച്ച് രണ്ട് പ്രവചനങ്ങളുണ്ട്, വേദപുസ്തകത്തിൽ. ഒന്ന് - യോനയുടെ

പുസ്തകം. രണ്ട് - നഹൂമിൻെറ പുസ്തകം. ബി.സി. എട്ടാം നൂറ്റാണ്ടിൽ യോനയുടെ പ്രവചനവും ഏഴാം നൂറ്റാണ്ടിൽ നഹൂമിൻെറ പ്രവചനവും എഴുതപ്പെട്ടു. നിനവേയ്ക്ക് സംഭവിപ്പാനിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ചുള്ള താക്കീതാണ് രണ്ടു പുസ്തകവും.

യോനയെ നിനവേയോട് അറിയിക്കാനുള്ള സന്ദേശം ദൈവം ഭരമേല്പിച്ചു. യോന കിഴക്ക് നിനവേയിലേക്ക് പോകേണ്ടതിനു പകരം പടിഞ്ഞാറ് തർശീശിലേക്ക് - Great Britain - കപ്പൽ കയറി. ദൈവവിളി കിട്ടി പുറപ്പെട്ട ദൈവ പുരുഷൻ ദൈവത്തിൻെറ വഴിയ്ക്ക് നേരെ എതിർദിശയി ലേക്ക്.

യോന കപ്പലിൻെറ അടിത്തട്ടിൽ കിടന്ന് ഉറങ്ങുകയാ യിരുന്നു. ഒരു വലിയ കൊടുങ്കാറ്റ് സമുദ്രത്തിൽ. കപ്പൽ ആടിയുലഞ്ഞു. എല്ലാവരും സംഭ്രാന്തിയിലായി. കൊടു ങ്കാറ്റോ, കപ്പൽച്ഛേതമോ ഒന്നും അറിയാതെ യോനാ അടി ത്തട്ടിൽ കിടന്ന് സുഖമായി ഉറങ്ങുന്നു.

കപ്പൽക്കാർ അവനെ എഴുന്നേല്പിച്ചു. ഒന്ന് അവൻ സമ്മതിച്ചു. ‘‘എൻെറ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്ക് തട്ടിയിരിക്കുന്നു എന്ന് ഞാൻ അറിയുന്നു.’’ ഭാഗ്യമായി. ദൈവ വഴിവിട്ട് പോയ പ്രവാചകന് താൻ ദൈവ വഴിവിട്ടു പോകയാണ് എന്ന് തിരിച്ചറിയാൻ കഴി ഞ്ഞല്ലോ. സ്തോത്രം. ദൈവത്തിൻെറ വേലക്കാരന് കുറ്റ ബോധം ലഭിച്ചല്ലോ.

അപ്പോൾത്തന്നെ നിത്യനായ ദൈവം ആഴിയുടെ ആഴത്തിൽ ഒരു മഹാമത്സ്യത്തെ കല്പിച്ചാക്കി, യോനയെ

ഉൾക്കൊള്ളാൻ. യോനയെ സമുദ്രത്തിലേക്ക് ഇട്ടു. കൊടുങ്കാറ്റ് അടങ്ങി. മഹാമത്സ്യം യോനയെ വിഴുങ്ങി.

യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്. അടിത്തട്ടിൽ മറഞ്ഞു കിടക്കുന്ന, ഉറങ്ങിക്കിടക്കുന്ന ചില അനുസരണക്കേടുകൾ വെളിയിൽ കൊണ്ടുവരാൻ കൊടുങ്കാറ്റ് നല്ലതാണ്. ഒരാൾമൂലം സമൂഹത്തിന് വരുന്ന ദുരിതം ഒഴിവാക്കാൻ കൊടുങ്കാറ്റ് നല്ലതാണ്. ദൈവം ആശവെച്ച് വിളിച്ച് തൻെറ വേല ഭരമേല്പിച്ച ദൈവപുരുഷന് പാപബോധം കൊടുക്കാൻ കൊടുങ്കാറ്റ് നല്ലതാണ്. ദൈവം നിയോഗിച്ച കാര്യത്തിൻെറ നിർവ്വഹണത്തിലേക്ക് ദൈവപൈതലിനെ എത്തിക്കാൻ കൊടുങ്കാറ്റ് നല്ലതാണ്.

അതാണ് നാം കാണുന്നത്. മത്സ്യം യോനയെ ഉൾക്കൊണ്ടു. സ്നേഹിതാ, നീ സത്യ അനുതാപത്തിലേക്കും കുറ്റബോധത്തിലേക്കും വരുമ്പോൾ നിന്നെ ഉൾക്കൊള്ളാൻ നിന്നെ സ്വീകരിക്കാൻ പരിശുദ്ധാത്മാവ് ആകുന്ന മഹാമത്സ്യം വായ് പിളർന്ന് നില്ക്കുന്നുണ്ട്. സുഹൃത്തേ, നിന്നെ സ്വീകരിക്കാനായി എത്ര നാളുകളായി പരിശുദ്ധാത്മാവ് വായ് പിളർന്ന് കാത്തുനില്ക്കുന്നു.

നീ ഇതുവരെയും നിന്നെത്തന്നെ എറിഞ്ഞു കൊടുക്കാത്തതെന്ത്? നിന്നെത്തന്നെ ത്യജിച്ച്, നിന്നെത്തന്നെ മറന്ന് നീ വിട്ടുകൊടുക്കുന്നെങ്കിൽ പരിശുദ്ധാത്മാവ് ഈ നിമിഷം നിന്നെ കൈക്കൊള്ളും. നിന്നെ എത്തേണ്ടിടത്ത് എത്തിക്കുകയും ചെയ്യും.

നോക്കൂ; അനുസരണംകെട്ട ദൈവപുരുഷൻ കപ്പലിൽ ചെന്നപ്പോൾ കപ്പലിനും ചരക്കിനും എല്ലാം കേട് ;

കഷ്ടം, നഷ്ടം. വഴിതെറ്റിപ്പോയ ദൈവപൈതൽ മത്സ്യ ത്തിൻെറ വയറ്റിൽ ചെന്നപ്പോൾ മത്സ്യത്തിന് സംഭ്രമം! പിൻമാറിപ്പോയ ദൈവദാസനെയും ചുമന്നുകൊണ്ട് മത്സ്യം ഓടുകയാണ്.

മെഡിറ്ററേനിയൻ കടലിൽകൂടെ നേരെ പടിഞ്ഞാ റോട്ട് ഓടുന്നു. ജിബ്രാൾട്ടർ കടലിടുക്ക് കടന്ന് അറ്റ്ലാൻറ്റിക് മഹാസമുദ്രത്തിൽ പ്രവേശിക്കുന്നു. ആഫ്രിക്കയുടെ പടി ഞ്ഞാറെ തീരം പറ്റി തെക്കോട്ട് ഓടുന്നു. ഗുഡ്ഹോപ്പ് മുനമ്പു ചുറ്റി ഇന്ത്യൻമഹാസമുദ്രത്തിൽ പ്രവേശിക്കുന്നു. ആഫ്രിക്കയുടെ കിഴക്കെ തീരം ചുറ്റി നേരെ വടക്കോട്ട് ഓടുന്നു. ചെങ്കടലിൽ (Red Sea) കടക്കുന്നു. നിനവേ തീരത്ത് എത്തുന്നു. യോനയെ കരയ്ക്ക് ഛർദ്ദിക്കുന്നു. മൂന്ന് ദിവസംകൊണ്ട് അയ്യായിരത്തിലേറെ മൈൽ മത്സ്യം സഞ്ചരിക്കുന്നു. അന്ന് സൂയസ് കനാലില്ല.

മകനേ, നിന്നെ വഹിച്ചുകൊണ്ട് പരിശുദ്ധാത്മാവ് എന്തു യാതന അനുഭവിക്കുന്നു. ആ ദിവ്യ സ്നേഹ ത്തിൻെറ വേദന നീ അറിയുന്നുണ്ടോ? ഗോഗുൽത്തായിലെ കുരിശിൽ നിന്നെ നൊന്തു പ്രസവിച്ച വേദനയുടെ യാതനയും അതിൻെറ പിന്നിലുള്ള നിത്യ സ്നേഹവും സ്നേഹിതാ, താങ്കൾ ഗ്രഹിക്കുന്നുണ്ടോ?

യഹോവയുടെ അരുളപ്പാട് രണ്ടാം പ്രാവശ്യം യോനയ്ക്കുണ്ടായി. യോന 3:1.

അതേ, സഹോദരാ, നീ ഇന്ന് വഴിതെറ്റിപ്പോയിരിക്ക യാണെങ്കിലും ദൈവത്തിൻെറ സ്നേഹം വീണ്ടും നിന്നെ

സന്ദർശിക്കുകയാണ്. നിന്നെക്കൊണ്ട് നിവർത്തിപ്പാൻ നിത്യ നായ ദൈവം കരുതിയ ശുശ്രൂഷ മറ്റാരെയും ദൈവം ഏല്പിച്ചില്ല. അതിവേഗം മാനസാന്തരപ്പെടുമോ? അതി വേഗം യഥാസ്ഥാനപ്പെടുമോ?

യോന യഥാസ്ഥാനപ്പെട്ടതിന്റെ പിന്നിൽ രണ്ട് കാര്യങ്ങൾ നടന്നു. ഒന്ന് ''നിന്റെ ദൃഷ്ടിയിൽനിന്ന് എനിക്ക് നീക്കം വന്നിരിക്കുന്നു'' (യോന 2:4) എന്ന് യോന ഏറ്റുപറഞ്ഞു.

രണ്ട് ''നേർന്നിരിക്കുന്നത് ഞാൻ കഴിക്കും'' (യോന 2:9) എന്ന് യോന വീണ്ടും സമർപ്പിച്ച് തീരുമാനം പുതുക്കി.

അതിനെല്ലാം മുഖാന്തരമാകട്ടെ കൊടുങ്കാറ്റ്. ''യഹോ വയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്.'' നഹൂം 1:3.

അനുതാപവും പശ്ചാത്താപവും ഉണ്ടായെങ്കിലേ യഥാസ്ഥാനപ്പെടാൻ പറ്റുകയുള്ളൂ. ഒരു ന്യായീകരണവുമി ല്ലാതെ ദൈവസന്നിധിയിൽ അനുതപിച്ചേ പറ്റൂ. സ്വന്തം തെറ്റ് സമ്മതിച്ചെങ്കിൽ മാത്രമേ യഥാർത്ഥ പശ്ചാത്താപ ത്തിന് സാധിക്കുകയുള്ളൂ.

യോനയുടെ പുസ്തകം രണ്ടാം അദ്ധ്യായം യോന യുടെ എളിമയുടെ പ്രാർത്ഥനയാണ്. എല്ലാ പിടിയും വിട്ടുള്ള യാചന. ഒരു വ്യവസ്ഥയുമില്ലാത്ത അപേക്ഷ. അനു താപത്തിന്റെ തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തിൽ നിന്നുള്ള അപേക്ഷ.

''ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ; മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു.'' സങ്കീ. 34:18.

''തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തെ ദൈവമേ നീ നിരസിക്കുന്നില്ല.'' സങ്കീ. 51:17.

വന്നുപോയ പാപത്തെക്കുറിച്ചുള്ള കുറ്റബോധവും അനുതാപവും ഉണ്ടായാൽ രണ്ടാമത്തെ കാര്യം നടക്കും; നടക്കണം. ''നേർന്നിരിക്കുന്നത് ഞാൻ കഴിക്കും.'' ദൈവത്തോട് ഞാൻ ഒരിക്കൽ പറഞ്ഞ വാക്ക് ഞാൻ പാലിക്കും. എന്റെ സമർപ്പണത്തിൽനിന്ന് ഞാൻ പിന്നോക്കം പോയി. ഞാൻ യാഗപീഠത്തിൽ വെച്ചത് ഞാൻ തിരികെ എടുത്തുപോയി. ഇനി അതുണ്ടാകയില്ല. എന്റെ സമർപ്പണം ഞാൻ നിറവേറ്റും. അതൊരു പുതിയ പ്രതിഷ്ഠയാണ്. പുനഃപ്രതിഷ്ഠയാണ്.

മാന്യ സ്നേഹിതാ, താങ്കൾ ഇപ്പോൾ ഒരു പുനഃപ്രതിഷ്ഠയിലേക്ക് വരുമോ? ദൈവത്തോട് പറഞ്ഞ വാക്ക് താങ്കൾ മറന്നുപോയി; പക്ഷേ ക്രിസ്തു മറന്നിട്ടില്ല. അന്ന് സമർപ്പിച്ച് തീരുമാനമെടുത്തപ്പോൾ ക്രിസ്തു താങ്കളോട് പറഞ്ഞ വാക്ക് താങ്കൾ മറന്നുപോയി; പക്ഷേ ക്രിസ്തു മറന്നിട്ടില്ല.

പ്രിയ സഹോദരാ, താങ്കളുടെ ജീവിതത്തിലുണ്ടായ കൊടുങ്കാറ്റുകളിലൂടെ ദൈവസ്നേഹം താങ്കളുടെ പടിവാതിൽക്കൽ വന്ന് മുട്ടിക്കൊണ്ടിരിക്കയാണ്. കാറ്റിനേയും കടലിനേയും ശാന്തമാക്കിയവൻ, കൊടുങ്കാറ്റിനെയും ചുഴലിക്കാറ്റിനെയും ശാസിച്ചവൻ ഇതാ താങ്കളുടെ ഹൃദയവാതിൽക്കൽനിന്ന് മുട്ടുന്നു. ക്രിസ്തുവിനുവേണ്ടി ഇപ്പോൾ തുറക്കുമോ!

ശീമോൻ പത്രോസ് ക്രിസ്തുവിനെ തള്ളിപ്പറഞ്ഞു. പാടില്ലായിരുന്നു. മുന്നറിയിപ്പ് കിട്ടിയതായിരുന്നു. സൂക്ഷ്മതയോടും എളിമയോടുംകൂടെ, കരുതലോടെ

നില്ക്കേണ്ടതായിരുന്നു. നിന്നില്ല. തള്ളിപ്പറഞ്ഞു. നാം വായിക്കുന്നത് -

''കർത്താവ് തിരിഞ്ഞ് പത്രോസിനെ ഒന്നു നോക്കി; പത്രോസ് പുറത്തിറങ്ങി അതിദുഃഖത്തോടെ കരഞ്ഞു'' എന്നാണ്. ലൂക്കോസ് 22:61-62.

വീണ്ടും വീണ്ടും യഥാസ്ഥാനപ്പെടുത്തിയിട്ടും പിന്നെയും പഴയ പടകും പഴയ വലയും എടുത്ത് പഴയ തൊഴിലിലേക്ക് പോയ പത്രോസിൻെറ പിന്നാലെ ഉയിർത്തെഴുന്നേറ്റ ക്രിസ്തു തീബര്യാസ് കടലരികെ ചെന്നു പ്രാതൽ ഒരുക്കി, വിശപ്പകറ്റി. മൂന്ന് പ്രാവശ്യം ''എനിക്ക് നിന്നോട് പ്രിയമുണ്ട്'' എന്ന് ഏറ്റുപറയിച്ച് യഥാസ്ഥാനപ്പെടുത്തി.

സ്നേഹിതാ, ഈ നിത്യസ്നേഹം ഇന്ന് താങ്കളെ വിളിക്കുകയാണ്. കൊടുങ്കാറ്റിൻെറ മുന്നിൽ പതറാതെ ക്രിസ്തുവിൻെറ അരികിലേക്ക് ഓടിവരൂ. ചുഴലിക്കാറ്റിൻെറ മുന്നിൽ പരിഭ്രമിക്കാതെ ക്രിസ്തുവിൻെറ കരുണക്കായി പ്രത്യാശയോടെ വിളിച്ചപേക്ഷിക്കൂ. പുതിയ പ്രതിഷ്ഠ എടുക്കൂ. അനുതപിക്കൂ.

എങ്കിൽ പറയുക : യേശുവേ, എന്നെ യഥാസ്ഥാനപ്പെടുത്തണമേ. യേശുവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും.

നമുക്ക് പ്രാർത്ഥിക്കാം. കർത്താവേ, നീ തന്ന സ്നേഹദൂതിനായി സ്തോത്രം. ആർദ്രമായ വിളിക്കായി നന്ദിയോടെ സ്തോത്രം. യേശുവിൻ നാമത്തിൽ തന്നേ. ആമ്മീൻ.

★ ★ ★

## റേഡിയോ പ്രഭാഷണം - 5

*‘‘യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്.’’*
*നഹൂം 1:3.*

യോനാ പ്രവാചകൻെറ ജീവിതത്തിൽ സത്യ അനുതാപത്തിലേക്കും പുനഃപ്രതിഷ്ഠയിലേക്കും വരുവാൻ ചുഴലിക്കാറ്റും കൊടുങ്കാറ്റുകളും മുഖാന്തരമായി എന്ന് നാം ചിന്തിച്ചല്ലോ. ഇന്ന് തിരുവചനത്തിലെ മറ്റു ചില കൊടുങ്കാറ്റുകളെ കുറിച്ച് ചിന്തിക്കാം.

ഒന്ന്, മത്തായി 14:24. ‘‘പടക് കര വിട്ട് പല നാഴിക ദൂരത്തായി. കാറ്റ് പ്രതികൂലമാകകൊണ്ട് തിരകളാൽ വലഞ്ഞിരുന്നു.’’

ഗലീലാക്കടലിൻെറ മറുകരയ്ക്ക് ശിഷ്യൻമാർ പടകിൽ യാത്ര ചെയ്യുകയായിരുന്നു. യേശു പ്രാർത്ഥിപ്പാൻ

മലയിൽ കയറി ഏകനായി അവിടെ ഇരുന്ന് പ്രാർത്ഥിച്ചു. പടക് കര വിട്ട് പല നാഴിക ദൂരത്തായി.

പ്രതീക്ഷിച്ചില്ല. ഉഗ്രമായ കൊടുങ്കാറ്റ് അടിക്കാൻ തുടങ്ങി. പടക് വട്ടം കറങ്ങുകയല്ലാതെ ഒരടിപോലും നീങ്ങുന്നില്ല. എന്തു ചെയ്യും? ശിഷ്യൻമാർ അമ്പരപ്പിലായി! ഈ നടുക്കടലിൽ ജീവിതം ഒടുങ്ങുകയാണോ? പുറപ്പെട്ടു. അക്കരയൊട്ടെത്തിയുമില്ല. ഈ കടലിൻെറ മദ്ധ്യത്തിൽ പടകു മുങ്ങുകയാണോ? ജീവിതം ഇവിടെ തീരുകയാണോ? നമ്മുടെ കർത്താവ് കൂടെ ഉണ്ടായിരുന്നെങ്കിൽ! എങ്കിലിപ്പോൾ ഒരു പരിഹാരം ലഭിച്ചേനെ. ഓരോന്നിങ്ങനെ ചിന്തിക്കാനും നിലവിളിക്കാനും തുടങ്ങി ആ ശിഷ്യൻമാർ.

മാന്യ സ്നേഹിതാ, ആയുസ്സിൻെറ ഈ പ്രത്യേക സന്ദർഭത്തിൽ, താങ്കൾ മുന്നോട്ടു നീങ്ങാനാവാതെ സ്തംഭിച്ചു നില്ക്കുകയാണോ? താങ്കളുടെ ജീവിതം ഇന്നു വഴിമുട്ടി നില്ക്കുകയാണോ? പ്രശ്നങ്ങളുടെ നീർച്ചുഴിയിൽപ്പെട്ട് താങ്കളുടെ ജീവിതപടക് ആടി ഉലയുകയാണോ? ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളെല്ലാം അസ്തമിച്ച് നിരാശയാൽ താങ്കൾ താണുകൊണ്ടിരിക്കുകയാണോ? പ്രിയ സുഹൃത്തേ, താങ്കളുടെ ജീവിതപടകിൽ യേശു ഉണ്ടോ?

കാനാവിലെ കല്യാണവീട്ടിൽ യേശു വന്നിരുന്നു. അവിടെ പെട്ടെന്ന് പ്രശ്നം നേരിട്ടപ്പോൾ യേശു തക്കസമയത്ത് ആ പ്രശ്നം പരിഹരിച്ചു.

ബെഥാന്യയിലെ ഭവനത്തിൽ യേശു വന്നു. ആ മരണവീട് ആഹ്ലാദഭവനമായി രൂപാന്തരപ്പെട്ടു.

ചുങ്കക്കാരനും ദ്രവ്യാഗ്രഹിയുമായ സഖായിയുടെ ഭവനത്തിലേക്ക് യേശു വന്നു. അന്ന് ആ വീടിന് രക്ഷ വന്നു. ദൈവത്തിന് സ്തോത്രം.

ശിഷ്യൻമാർ വലിയ പരിഭ്രമത്തിലായി. അപ്പോഴാണ് ക്രിസ്തു വെള്ളത്തിൻമേൽ നടന്ന് വരുന്നത്. എന്തൊരത്ഭുതം! വലയുന്ന തൻെറ ശിഷ്യൻമാരെ രക്ഷിക്കാൻ വരുന്ന ക്രിസ്തുവിന് കടലും ഓളവും തടസ്സമായില്ല. കടലിലെ ഓളങ്ങളെ ചവിട്ടി മെതിച്ചുകൊണ്ട് സ്രഷ്ടാവ് സൃഷ്ടിയുടെ സംഭ്രാന്തിയകറ്റാനെത്തി.

തണ്ടു വലിച്ചു വലഞ്ഞുകൊണ്ടിരുന്ന ശിഷ്യൻമാർ അരണ്ട വെളിച്ചത്തിൽ ഒരാൾ കടലിൻമീതെ നടക്കുന്നതു കണ്ടു. ഭൂതം എന്ന് വിചാരിച്ച് അവർ നിലവിളിച്ചു. മനം കലങ്ങി ഇരുന്നവർക്ക് ആ മങ്ങിയ വെളിച്ചത്തിൽ ക്രിസ്തുവിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. അവരുടെ നിലവിളി കേട്ട് യേശു പറഞ്ഞു, ''ധൈര്യപ്പെടുവിൻ; ഞാൻ തന്നെയാകുന്നു, ഭയപ്പെടേണ്ട.'' മർക്കോസ് 6:50, മത്തായി 14:27.

ശിഷ്യൻമാർ യേശുവിനെ തിരിച്ചറിഞ്ഞില്ല; തെറ്റിദ്ധരിച്ചു. യരൂശലേമിലെ വേദപണ്ഡിതൻമാരായ ശാസ്ത്രികൾ യേശുവിനെ ബെയെസെബുൽ - ഭൂതങ്ങളുടെ തലവൻ - എന്ന് തെറ്റിദ്ധരിച്ചു. യേശുവിൻെറ ചാർച്ചയിൽപ്പെട്ടവർ അവന് ബുദ്ധിഭ്രമം ഉണ്ട് എന്നു പറഞ്ഞു. പിടിച്ചുകെട്ടി ഇടണം എന്ന് ആലോചിച്ചു. മർക്കോസ് 3:21-22.

യഹൂദൻമാർ പറഞ്ഞു, ''അവന് ഭൂതം ഉണ്ട്; അവൻ

ഭ്രാന്തനാകുന്നു; അവൻെറ വാക്ക് കേൾക്കുന്നതെന്തിന്.'' യോഹ. 10:20.

മഹാപുരോഹിതൻമാരും പരീശൻമാരും പറഞ്ഞു, ''ആ ചതിയൻ'' എന്ന്. മത്തായി 27:63. യേശു എന്നും തെറ്റിദ്ധാരണാപാത്രമായിരുന്നു. ഇക്കാലത്തും യേശുവിനെയും യേശുവിൻെറ വചനത്തെയും യേശുവിൻെറ വേലക്കാരെയും തെറ്റിദ്ധരിക്കുന്നവരുണ്ട്.

ശിഷ്യൻമാരുടെ ഭയപ്പാട് യേശു മാറ്റി. അപ്പോൾ പത്രോസിന് ഒരാഗ്രഹം. യേശു നടന്നതുപോലെ ഒന്നു നടക്കണം. തൻെറ ശിഷ്യൻെറ ആഗ്രഹം യേശു മാനിച്ചു. വരിക എന്ന് യേശു വിളിച്ചു. പത്രോസ് കടലിലേക്ക് കാലെടുത്തു വച്ചു. അലമാലകൾ കുതിച്ചുയരുന്നുണ്ട് അപ്പോഴും. യേശുവിൻെറ അരികിലേക്ക് പത്രോസ് നടന്നു. വെള്ളത്തിൻമീതെ നടന്നു.

മാന്യ സ്നേഹിതാ, യേശു നടന്നതുപോലെ നടക്കുന്നതിന് കൊടുങ്കാറ്റ് സഹായകമാണ്. ''അവനിൽ വിശ്വസിക്കുന്നു എന്ന് പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു.'' 1 യോഹ. 2:6.

യേശുവിൻെറ നടപ്പ് സ്നേഹത്തിൻെറ നടപ്പാണ്. യേശുവിൻെറ നടപ്പ് വിശുദ്ധിയുടെ നടപ്പാണ്. യേശുവിൻെറ നടപ്പ് തെറ്റിദ്ധാരണകളുടെ മുമ്പിൽ പതറാത്ത നടപ്പാണ്. യേശുവിൻെറ നടപ്പ് അലമാലകൾ അലറിക്കുതിക്കുമ്പോൾ തളരാത്ത നടപ്പാണ്. യേശുവിൻെറ നടപ്പ് കൊടുങ്കാറ്റ് ആഞ്ഞുവീശുമ്പോഴും പിൻമാറാത്ത നടപ്പാണ്. യേശുവിൻെറ നടപ്പ് കുരിശുംപേറി വധസ്ഥലത്തേക്കുള്ള നടപ്പാണ്. യേശുവിൻെറ നടപ്പ് അലയുന്നവരുടെ ആവലാതി

മാറ്റാനുള്ള നടപ്പാണ്.

കർത്താവേ, അവിടുന്നു നടന്നതുപോലെ നടപ്പാൻ എന്നെ അഭ്യസിപ്പിക്കേണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. മാന്യ സഹോദരാ, യേശു നടന്നതുപോലെ ഇനിയുള്ള കാലം ഒന്ന് നടപ്പാൻ ഒരു തീരുമാനം ഇപ്പോൾ എടുക്കുമോ?

ഓളം വന്ന് പത്രോസിൻെറ മേൽ അടിച്ചപ്പോൾ കർത്താവിങ്കലേക്കുള്ള നോട്ടം ഒന്നു വിട്ടുപോയി. ഓളത്തിലേക്ക് ഒന്ന് നോക്കിപ്പോയി. അതോടെ മുങ്ങുവാൻ തുടങ്ങി. സ്നേഹിതാ, വിശ്വാസത്തിൻെറ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിങ്കലേക്ക് നോക്കുക. പ്രതിബന്ധങ്ങളിലേക്ക് നോക്കരുതേ. യേശുവിലുള്ള ഏകാഗ്രത നഷ്ടപ്പെട്ടാൽ പെരുവെള്ളത്തിൽ താണുപോകും.

കർത്താവേ, എന്നെ രക്ഷിക്കണമേ എന്ന് പത്രോസ് നിലവിളിച്ചു. താണുതാണ് പോകുമ്പോൾ നമുക്കും യേശുവിനെ വിളിച്ചപേക്ഷിക്കാം. യേശു ഉടനെ കൈനീട്ടി അവനെ പിടിച്ചു.

ദൈവപൈതലേ, നീ വലഞ്ഞ് കരഞ്ഞാൽ യേശു നിന്നെ കൈനീട്ടി പിടിക്കും. ആണിപ്പാടുള്ള കരങ്ങൾ നിന്നെ പിടിക്കാൻ അവങ്കൽ നീ ആശ്രയിക്കുക. അവനോട് നിലവിളിക്കുക. യേശു പത്രോസിൻെറ കൈയിൽ പിടിച്ചുകൊണ്ട് പടകിൽ കയറി. അപ്പോൾ കാറ്റ് അമർന്നു. യേശു ജീവിതത്തിൽ വന്നാൽ കൊടുങ്കാറ്റുകൾ അമരും. സ്തോത്രം. യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്.

രണ്ടാമതായി, ലൂക്കോസ് 8:23-ൽ ഗന്നേസരേത്ത് തടാകത്തിലാഞ്ഞടിച്ച ഒരു ചുഴലിക്കാറ്റിനെ കുറിച്ച് വായിക്കുന്നു. അന്ന് യേശു പടകിലുണ്ടായിരുന്നു. പക്ഷേ യേശു അമരത്ത് തലയിണ വെച്ച് ഉറങ്ങുകയായിരുന്നു. പെട്ടെന്നാണ് ചുഴലിക്കാറ്റുണ്ടായത്.

അതേ, വളരെ അവിചാരിതമായിട്ടാണ് ചില കൊടുങ്കാറ്റുകൾ അടിക്കുന്നത്. അതുവരെ എത്ര ശാന്തമായ അന്തരീക്ഷം ! എത്ര സുഗമമായ യാത്ര ! പെട്ടെന്നിതാ കൊടുങ്കാറ്റ് ! പടക് വട്ടം കറങ്ങുകയാണ്. ശിഷ്യൻമാർ തണ്ടു വലിച്ചു വലഞ്ഞു.

''നാഥാ, നാഥാ, ഞങ്ങൾ നശിച്ചുപോകുന്നു'' എന്നു പറഞ്ഞ് അവർ യേശുവിനെ ഉണർത്തി. യേശു എഴുന്നേറ്റ് പ്രകൃതിശക്തിയെ ശാസിച്ചു. കാറ്റ് അമർന്ന് പടക് ശാന്തമായി. എന്തൊരത്ഭുതം! യേശു കാറ്റിനെയും കടലിനെയും ശാസിച്ചു.

സ്നേഹിതാ, പ്രകൃതിശക്തികളെ നിയന്ത്രിക്കുന്നവനാണ് ക്രിസ്തു. ഗ്രഹനില നോക്കി ദശാപഹാരം ചിന്തിച്ച് താങ്കൾ വലയുകയാണോ? കണ്ടകശ്ശനിയേയും കേതുർദ്ദശയേയും താങ്കൾ പേടിക്കയാണോ? രാഹുവിൻെറ അപഹാരത്തെ ഭയന്ന് താങ്കൾ കഴിയുകയാണോ?

നവഗ്രഹങ്ങളുടെ സ്രഷ്ടാവ് പത്താമതൊരു ഗ്രഹമായി താങ്കളുടെ ഹൃദയത്തിൽ ഉദിക്കട്ടെ. അപ്പോൾ ഒരു ജാതക ഫലത്തിനും ഗ്രഹനിലയ്ക്കും താങ്കളെ ഒന്നും ചെയ്യുവാൻ കഴികയില്ല. പ്രകൃതിശക്തിയുടെമേൽ അധികാരമുള്ളവനാണ് ക്രിസ്തു എന്ന് അനുഭവിക്കാൻ കൊടുങ്കാറ്റ്

നല്ലതാണ്. യഹോവയുടെ വഴി കൊടുങ്കാറ്റിലും ചുഴലി ക്കാറ്റിലും ഉണ്ട്.

മൂന്നാമതായി, അപ്പോസ്തലപ്രവർത്തികൾ 27:14-ൽ ഈശാനമൂലൻ എന്ന കൊടുങ്കാറ്റിനെക്കുറിച്ച് നാം വായി ക്കുന്നു. പൗലോസ് അപ്പോസ്തലൻ മറ്റ് ഇരുന്നൂറ്റെഴു പത്തഞ്ച് യാത്രക്കാരുടെകൂടെ റോമിലേക്ക് യാത്ര ചെയ്യുക യാണ്. ക്രീറ്റ് ദ്വീപിൻെറ അരികത്തുകൂടെ കപ്പൽ പോകു മ്പോൾ ഈശാനമൂലൻ എന്ന കൊടുങ്കാറ്റ് അടിച്ചു.

ചരക്കെല്ലാം കടലിൽ എറിഞ്ഞുകളഞ്ഞു. വളരെ നാളുകൾ തുടരെ കൊടുങ്കാറ്റ് അടിച്ചുകൊണ്ടിരുന്നു. സൂര്യ നെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും ഒന്നും കാണാതെ മുഴുവൻ ഇരുൾമൂടിയ ദിവസങ്ങൾ പകലെന്നില്ല, രാവെ ന്നില്ല, കൂരിരുട്ടു മാത്രം. ആഞ്ഞടിക്കുന്ന കൊടുങ്കാറ്റ്. രക്ഷ പ്പെടുമെന്നുള്ള ആശപോലും അറ്റുപോയി. പക്ഷേ കർത്താവ് പൗലോസിന് പ്രത്യക്ഷപ്പെട്ടു. കർത്താവ് പൗലോ സിനോട് സംസാരിച്ചു ധൈര്യപ്പെടുത്തി.

മാന്യ സ്നേഹിതാ, ആശയറ്റുപോയ നിമിഷങ്ങളിൽ കൂരിരുൾ വലയം ചെയ്ത സമയങ്ങളിൽ യേശുവിൻെറ പ്രത്യക്ഷതയ്ക്കായി ഒന്നു വാഞ്ഛിക്കുമോ? ക്രിസ്തു താങ്കളെ ധൈര്യപ്പെടുത്തും. എല്ലാവരും കരയിൽ എത്തി രക്ഷപ്പെടുവാൻ ക്രിസ്തു പ്രവർത്തിക്കും. പൗലോസ് എന്ന ഒരു ദൈവദാസൻ കപ്പലിലുണ്ടായിരുന്നതുകൊണ്ട് കപ്പ ലിലെ സകലമാനപേരും രക്ഷപ്പെട്ടു.

ജീവിതത്തിലെ ഏറ്റവും വലിയ ചുഴലിക്കാറ്റ് ഏറ്റ് ക്രൂശിൽ മരിച്ചതുകൊണ്ടാണ് നമ്മുടെ യാതനകൾക്കും വേദ നകൾക്കും പൊറുതി തരാൻ ക്രിസ്തുവിന് കഴിയുന്നത്.

കഠിനമായ നിന്ദയുടെ കൊടുങ്കാറ്റ്, ഒറ്റപ്പെടുത്തലിൻെറ കൊടുങ്കാറ്റ്, നിന്ദയുടെയും അപമാനത്തിൻെറയും കൊടുങ്കാറ്റ്, ഭീകരമായ യാതനയുടെ കൊടുങ്കാറ്റ്, കഠോര വേദനയുടെ കൊടുങ്കാറ്റ്. അതാണ് യേശു ക്രൂശിൽ വഹിച്ചത്. ക്രിസ്തു താങ്കളുടെ ജീവിതത്തിലെ കൊടുങ്കാറ്റുകളെ ശാന്തമാക്കുവാൻ മതിയായവനാണ്.

ജീവിതത്തിലെ കൊടുങ്കാറ്റുകളുടെ മുന്നിൽ മനം തകർന്ന് അവശരായി, ആശയറ്റവരായി ആരെല്ലാം ഈ വചനം കേൾക്കുന്നുണ്ട്? സ്നേഹിതാ, യേശു താങ്കളെ സ്നേഹിക്കുന്നു. യേശു താങ്കൾക്കുവേണ്ടി കരുതുന്നു. യേശു താങ്കളെ വിളിക്കുന്നു. യേശുവിനോട് ഒരു വാക്ക് ഇപ്പോൾ പറയുമോ ?

യേശുവേ ഞാനിന്നു മുതൽ ഒരു പുതിയ ജീവിതം നയിക്കും. യേശുവേ, ഞാനിന്നുമുതൽ ഒരു പുതിയ ജീവിതം നയിക്കും. യേശു വസിക്കുന്ന ഒരു പുതിയ ജീവിതം; യേശു പ്രസാദിക്കുന്ന ഒരു പുതിയ ജീവിതം; യേശു വിലമതിക്കുന്ന ഒരു പുതിയ ജീവിതം. ആ തീരുമാനമെടുക്കുന്നു എങ്കിൽ ഇപ്പോൾ പ്രാർത്ഥിക്കുക.

യേശുവേ, ഞാനിതാ എന്നെത്തന്നെ അവിടുത്തെ കരങ്ങളിലേക്ക് തരുന്നു. എന്നെ പിടിച്ചുകൊള്ളേണമേ. കൊടുങ്കാറ്റുകളെ ശാന്തമാക്കേണമേ. എന്നെ രക്ഷിക്കണമേ. എന്നെ ഉദ്ധരിക്കണമേ. ക്രൂശിൽ എനിക്കുവേണ്ടി തിരുരക്തം ചിന്തിയ യേശുവിൻെറ നാമത്തിൽ യാചിക്കുന്നു. കേൾക്കേണമേ. ആമ്മീൻ.

★ ★ ★

## റേഡിയോ പ്രഭാഷണം - 6

*''ഇന്നു മുതൽ തലമുറകൾ എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും.'' ലൂക്കോസ് 1:48.*

ഡിസംബർ ആഹ്ലാദത്തിൻെറയും ആഘോഷത്തിൻെറയും മാസമാണ്. ക്രിസ്തുമസ് നക്ഷത്രങ്ങളും ദീപക്കാഴ്കകളും കരോൾഗാനങ്ങളും ക്രിസ്തുമസ് ആശംസകളും എല്ലാം ഈ മാസത്തിൻെറ സവിശേഷകളാണ്. ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം'' എന്ന ആശയത്തെ പ്രകീർത്തിച്ചുകൊണ്ടുള്ള ക്രിസ്തുമസ് സന്ദേശങ്ങൾ എമ്പാടും മുഴങ്ങുന്നു.

എന്നാൽ മനുഷ്യഹൃദയങ്ങളിൽ സ്ഥായിയായ സമാധാനമുണ്ടോ? ഒറ്റയ്ക്കൊറ്റയ്ക്ക് ചിന്തിക്കുമ്പോൾ ഉള്ളിൽ സത്യമായ സമാധാനം വസിക്കുന്നുണ്ടോ? സമാധാനത്തിൻെറ സന്ദേശങ്ങൾ പറയുന്നവരും കേൾക്കുന്നവരും

സത്യസമാധാനം അനുഭവിക്കുന്നുണ്ടോ? നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ എന്ന് ആശംസിക്കുന്ന ആളും അവിടത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ എന്ന് പ്രതിവാക്യം പറയുന്ന ആളും സമാധാനം അനുഭവിക്കുന്നുണ്ടോ? ഇല്ല എന്നത്രേ അനേകരുടെയും മറുപടി.

മനുഷ്യൻ നീറിപ്പുകഞ്ഞു കഴിയുകയല്ലേ? സ്വസ്ഥതയും മനഃശാന്തിയുമില്ലാതെ ഉള്ളുരുകി വലയുകയല്ലേ? അനേക ഹൃദയങ്ങൾ ഇന്ന് അഗ്നിപർവ്വതങ്ങളല്ലേ? അകമേ അസ്വസ്ഥതയും നിരാശയും വിദ്വേഷവും ആവലാതിയും ക്രോധവും കാമവികാരങ്ങളും പകയും സ്പർദ്ധയും തിളച്ചു മറിയുകയല്ലേ? പുറമേ വളരെ അക്ഷോഭ്യരായി കാണുന്ന വ്യക്തികളുടെ ഹൃദയങ്ങൾ പോലും തകർന്നുലഞ്ഞ് ഇളകിയാടുകയല്ലേ? സമാധാനത്തിൻെറ സൗഭാഗ്യം തേടി മനുഷ്യനിന്ന് പലയിടത്തും അലയുകയല്ലേ? എവിടെ കിട്ടും ഈ സമാധാനം?

ക്രിസ്തു ഒരാളുടെ ഹൃദയത്തിൽ വന്നാൽ അവിടെ സമാധാനമുണ്ട്; അവിടെ സ്വസ്ഥതയുണ്ട്; അവിടെ സൗഭാഗ്യമുണ്ട്. ആ ഭാഗ്യാനുഭവം കന്യകമറിയാമിൻെറ വാക്കുകളിൽ തുടിക്കുന്നു :

''ഇന്നു മുതൽ തലമുറകൾ എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും. ശക്തനായവൻ എന്നിൽ വലിയവ ചെയ്തിരിക്കുന്നു. അവൻെറ നാമം പരിശുദ്ധം തന്നേ.'' ലൂക്കോസ് 1:48-49.

കന്യകമറിയാമിൻെറ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം ക്രിസ്തുവിനെ ലഭിച്ചതാണ്. ഇന്നു മുതൽ

തലമുറകൾ എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും എന്ന് പ്രാഗ ത്ഭ്യത്തോടെ പറയുന്നതു നോക്കൂ! എന്തു സന്തോഷമാണ് ആ വാക്കുകളിൽ ! എന്ത് സംതൃപ്തിയാണ് ആ വാക്കു കളിൽ ! എന്തു സമാധാനമാണ് ആ വാക്കുകളിൽ !

''ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ'' എന്ന് സമർപ്പിച്ചപ്പോൾ മറിയാമിന് ഒന്നും അറിഞ്ഞുകൂടായിരുന്നു. ഒന്നും മനസ്സി ലായുമില്ല. ''കൃപ ലഭിച്ചവളേ, നിനക്കു വനന്ദം'' എന്ന് ദൈവദൂതൻ പറഞ്ഞപ്പോൾ മറിയ ഭയന്നുവിറച്ചുപോവു കയാണുണ്ടായത്.

''മറിയയേ ഭയപ്പെടേണ്ട; നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും'' എന്ന് ഗബ്രിയേൽ പറഞ്ഞപ്പോൾ മറിയാം കൂടുതൽ പരിഭ്ര മിക്കുകയാണ് ചെയ്തത്. ''ഞാൻ പുരുഷനെ അറിയാ യ്കയാൽ ഇതെങ്ങനെ സംഭവിക്കും'' എന്ന് ന്യായമായ സംശയം ദൈവദൂതനോട് അവൾ ചോദിക്കുകയാണ്. ''പരി ശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും'' എന്നു ദൂതൻ പറഞ്ഞപ്പോഴും മറിയാം അമ്പരപ്പോടെ നിൽക്കുകയാണ്.

ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ എന്നുംകൂടി കേട്ടപ്പോൾ മറിയാമിന്റെ പരിഭ്രമവും ഭയ പ്പാടും എല്ലാം മാറി. ''ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ'' എന്ന് മറിയാം അപ്പോൾ സമർപ്പിച്ചു.

ദൈവ വചനം കേട്ട്, ദൈവഹിതത്തിനായി, യാതൊരു വ്യവസ്ഥയും ഇല്ലാതെ, വരുംവരായ്കകൾ ചിന്തി

ക്കാതെ സമർപ്പിക്കുന്നതാണ് ഒന്നാമത്തെ പടി. വിശ്വാസത്തിൻെറ സമർപ്പണം; സ്നേഹത്തിൻെറ സമർപ്പണം; ഭാവിയെന്തെന്ന് ചിന്തിക്കാത്ത സമർപ്പണം; ദൈവഹിതത്തിനായുള്ള സമർപ്പണം; ഉടയവൻെറ കൈകളിലേക്കുള്ള സമ്പൂർണ്ണ സമർപ്പണം. അതാണ് തലമുറകൾ വാഴ്ത്തുന്ന ഭാഗ്യാവസ്ഥയുടെ ഒന്നാമത്തെ പടി - Dedication.

മാന്യ സ്നേഹിതാ, താങ്കൾ ക്രിസ്തുവിനെ ഉള്ളത്തിൽ സ്വീകരിപ്പാനായി ഒരു സാക്ഷാത്തായ സമർപ്പണം എടുത്തിട്ടുണ്ടോ? സർവ്വ വല്ലഭൻെറ അരുമ കരങ്ങളിലേക്ക് താങ്കളുടെ ജീവിതം ഏല്പിച്ചു കൊടുത്തിട്ടുണ്ടോ? ഭാവിയും ആയുസ്സും ആശകളും പ്രതീക്ഷകളും സകലവും ക്രിസ്തുവിൻെറ ആണിപ്പാടുള്ള കരങ്ങളിലേക്ക് കൈമാറിയിട്ടുണ്ടോ? താങ്കളുടെ ജീവിതം, ദേഹം, ദേഹി, ആത്മാവ്, താങ്കളുടെ നേട്ടങ്ങൾ, കോട്ടങ്ങൾ, വരവുകൾ, ചെലവുകൾ എല്ലാം ക്രിസ്തുവിൻെറ പാദത്തിൽ അർപ്പണം ചെയ്തു എന്ന ഒരു ഉറപ്പ് താങ്കൾക്കുണ്ടോ? എങ്കിൽ തലമുറകൾ വാഴ്ത്തുന്ന, പുകഴ്ത്തുന്ന ഭാഗ്യാനുഭവം താങ്കൾക്ക് സ്വന്തമാക്കാം.

രവീന്ദ്രനാഥടാഗോറിൻെറ ഒരു കവിതയുണ്ട്. അതിൽ ഒരു യാചകൻ വഴിയോരത്തിരിക്കയാണ്. അയാളുടെ ഭിക്ഷാപാത്രത്തിൽ പലരും ധർമ്മം കൊടുക്കുന്നുണ്ട്. നാണയത്തുട്ടുകൾ, അരി, ബിസ്ക്കറ്റ് എന്നിങ്ങനെ ആ പാത്രത്തിൽ വീണുകൊണ്ടിരിക്കയാണ്.

അപ്പോഴിതാ ദൂരെനിന്ന് ഒരു രഥം വരുന്നു. രാജാവ് എഴുന്നെള്ളുകയാണ്. അവൻ ചാടി എഴുന്നേറ്റു. രഥം അടു

ത്തുവരികയാണ്. അവൻ ആ ഭിക്ഷാപാത്രം ഉയർത്തി നീട്ടി ക്കാണിച്ചു. രാജാവ് രഥത്തിൽനിന്ന് ഇറങ്ങി അവൻെറ അരി കിലേക്ക് വരികയാണ്. അവനുണ്ടായ സന്തോഷം വർണ്ണിക്കാ നാവുമോ? വലിയ ഒരു ദാനം, വിലയേറിയ ദാനം രാജാവ് തരുമല്ലോ.

ഇല്ല. രാജാവ് ഒന്നും കൊടുത്തില്ല; അതിന് പകരം രാജാവ് അവൻെറ നേരെ കൈനീട്ടി. അവൻെറ ഭിക്ഷാപാത്രം രാജാവിൻെറ നേരെ; രാജാവിൻെറ കൈ അവൻെറ നേരെ. അവനൊന്നും മനസ്സിലായില്ല. ഞാനെന്താണ് രാജാവിന് കൊടുക്കുക. രാജാവ് കൈ വലിക്കുന്നുമില്ല.

ഒടുവിൽ അവൻ ഒരു കാര്യം ചെയ്തു. അവൻെറ ഭിക്ഷാപാത്രത്തിൽ അവൻ കൈയിട്ടു കിട്ടിയത് എടുത്തു. രണ്ടുതരി അരിയാണ് കൈയിൽ കിട്ടിയത്. അത് അവൻ രാജാ വിൻെറ കൈയ്യിലേക്ക് വെച്ചുകൊടുത്തു. രാജാവ് രഥത്തിൽ കയറി പോവുകയും ചെയ്തു.

അന്ന്, വൈകുന്നേരം അവൻ അവൻെറ ചെറ്റപ്പുര യിലെത്തി; പാത്രം കുടഞ്ഞിട്ടു. അരി, നാണയത്തുട്ടുകൾ, അങ്ങനെ പലതുമുണ്ട്. അക്കൂട്ടത്തിൽ എന്തോ കിടന്ന് വെട്ടി ത്തിളങ്ങുന്നു. രണ്ടെണ്ണമുണ്ട്. അരിയുടെ ആകൃതിയാണ്. എന്താണിത്? എന്തൊരു പ്രകാശം! അറിയാവുന്ന ആളുകൾ ഓടിക്കൂടി. അവർ പറഞ്ഞു : ''ഇത് വിലയേറിയ രത്നങ്ങളാ ണല്ലോ? നിനക്കിതെവിടുന്നു കിട്ടി?'' അവൻ പറഞ്ഞു, ''രാജാവ് കൈനീട്ടി; ഞാൻ രണ്ടുതരി അരി രാജാവിൻെറ കൈയ്യിൽ വെച്ചു. ഇപ്പോൾ ഇതാ അരിയുടെ ആകൃതിയിൽ ഇതു രണ്ടും എനിക്ക് കിട്ടി.

ഇതൊരു കവിതയാണ്. പക്ഷേ മനോഹരമായ ഒരർ ത്ഥമുണ്ട്. രാജാധിരാജനിതാ കൈനീട്ടി നിൽക്കുന്നു. ആണി പ്പാടുള്ള കരങ്ങൾ. കുരിശിൽ തകർക്കപ്പെട്ട കരങ്ങൾ. കുറ്റമി ല്ലാത്ത രക്തം വാർന്നൊലിക്കുന്ന കരങ്ങൾ.

കൊടുക്കൂ സമസ്തവും. എല്ലാം അവൻ പൊന്നാക്കി ത്തരും. സ്തോത്രം. നീ ഭാഗ്യവാനെന്ന് തലമുറകൾ നിന്നെ പുകഴ്ത്തും. മാന്യ സ്നേഹിതാ, ഏല്പിക്കൂ യേശുവിനായി നിൻെറ ജീവിതത്തെ.

ശീമോൻ പത്രോസ് കർത്താവിനോടൊരിക്കൽ ചോദിച്ചു : ''ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമി ച്ചുവല്ലോ. ഞങ്ങൾക്ക് എന്തു കിട്ടും?'' മത്തായി 19:27.

യേശു പറഞ്ഞു : ''എൻെറ നിമിത്തവും സുവി ശേഷം നിമിത്തവും വീടോ, സഹോദരൻമാരെയോ, സഹോ ദരികളെയോ, അമ്മയെയോ, അപ്പനെയോ, മക്കളെയോ, നില ങ്ങളെയോ വിട്ടാൽ ഈ ലോകത്തിൽതന്നെ ഉപദ്രവങ്ങളോടു കൂടെ നൂറുമടങ്ങു വീടുകളെയും സഹോദരൻമാരെയും സഹോദരികളെയും അമ്മമാരെയും മക്കളെയും നിലങ്ങ ളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപി ക്കാത്തവൻ ആരുമില്ലാ എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു. മർക്കോസ് 10:29-30.

കന്യകമറിയാമിൻെറ സമർപ്പണത്തിനുശേഷം യഹൂ ദ്യപ്പട്ടണത്തിലേക്ക് ബദ്ധപ്പെട്ടു പോവുകയാണ്. നാട്ടിൽ നില്ക്കാൻ വയ്യാത്തതുപോലെ ആക്ഷേപവും പരിഹാസവും ഏറ്റു കാണണം. വിവാഹത്തിനു മുമ്പേ ഗർഭിണിയായി

എന്ന പരിഹാസത്തിൻെറ മുന്നിൽ വലഞ്ഞു കാണണം.

ക്രിസ്തു ഉള്ളിൽ വന്നാൽ നിന്ദയും പഴിയും ദുഷിപ്പും ഉണ്ടാകും. ഒരിക്കലും നിരൂപിക്കാത്ത ആക്ഷേപം ഏല്ക്കേണ്ടിവരും.

ക്രിസ്തു തൻെറ ഗിരിപ്രഭാഷണത്തിൽ പറഞ്ഞു : ''മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിച്ച്, ഭ്രഷ്ടരാക്കി, നിന്ദിച്ച് നിങ്ങളുടെ പേര് വിടക്ക് എന്ന് തള്ളുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാർ; ആ നാളിൽ സന്തോഷിച്ചു തുള്ളുവിൻ. നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വലിയത്. ലൂക്കോസ് 6:22-23.

സമർപ്പണം എടുത്ത ദൈവപൈതലിന് രണ്ടാമത്തെ അനുഭവം പീഡ. ഒന്ന്, സമർപ്പണം. രണ്ട്, പീഡ. ഒന്ന്, Dedication. രണ്ട്, Persecution.

മൂന്നാമത്, കൂട്ടായ്മ - Fellowship. എലീശബെത്തിൻെറ അടുത്തെത്തി മറിയാം. ''സ്ത്രീകളിൽ നീ ഭാഗ്യവതി. എൻെറ കർത്താവിൻെറ മാതാവ് എൻെറ അടുക്കൽ വരുന്ന മാനം'' എന്ന് എലീശബെത്ത് പാടി. ദൈവമക്കളുമായുള്ള കൂട്ടായ്മയിലേ സാക്ഷാൽ സ്നേഹം കിട്ടുകയുള്ളൂ. നിന്ദയേറ്റ് വലഞ്ഞ പാവപ്പെട്ട ദൈവപൈതലിന് കൂട്ടായ്മയിൽ അഭിനന്ദനവും ആശ്വാസവും. ലോകമനുഷ്യർ ശപിച്ചവൾ - പക്ഷേ ദൈവമക്കൾ അവളെ അനുഗ്രഹിക്കപ്പെട്ടവൾ എന്ന് വിളിച്ചു.

നാലാമത്, സ്തുതി - Praise അഥവാ Worship. ''എൻെറ ഉള്ളം കർത്താവിനെ മഹിമപ്പെടുത്തുന്നു. എൻെറ ആത്മാവ് എൻെറ രക്ഷിതാവായ ദൈവത്തിൽ ഉല്ലസി

ക്കുന്നു. അവൻ തൻെറ ദാസിയുടെ താഴ്ച കടാക്ഷിച്ചിരി ക്കുന്നുവല്ലൊ. ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും. ശക്തനായവൻ എനിക്ക് വലി യവ ചെയ്തിരിക്കുന്നു.'' ലൂക്കോസ് 1:46-49.

സ്നേഹിതാ, ജീവിതത്തിൻെറ മനോഹരമായ ഈ നാലു പടികളിൽകൂടെ കടന്നുപോകാൻ താങ്കൾക്ക് ആഗ്രഹ മുണ്ടോ? സമർപ്പണം (Dedication), പീഡ (Persecution), കൂട്ടായ്മ (Fellowship), ആരാധന (Worship). എങ്കിൽ താങ്കളെ തലമുറകൾ ഭാഗ്യവാൻ എന്നു വാഴ്ത്തും. പ്രിയ സഹോദരീ, ജീവിതം ക്രിസ്തുവിന് കൊടുക്കുമോ? എങ്കിൽ തലമുറകൾ നിന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും.

നമുക്ക് പ്രാർത്ഥിക്കാം. നാഥാ, കാരുണ്യവാനായ യേശുവേ, തലമുറകൾ ആദരിക്കുന്ന ഭാഗ്യാനുഭവത്തി ലേക്ക് ഞങ്ങളെ ആനയിക്കുന്നതിനാൽ സ്തോത്രം. എല്ലാ വരെയും അനുഗ്രഹിക്കണമേ. യേശുവിൻെറ നാമത്തിൽ തന്നേ. ആമ്മീൻ. സ്തോത്രം.

★★★

## റേഡിയോ പ്രഭാഷണം - 7

*''യഹൂദൻമാരുടെ രാജാവായി പിറന്നവൻ എവിടെ?''*
*മത്തായി 2:2.*

യേശുക്രിസ്തുവിൻെറ ജനനത്തോട് ബന്ധപ്പെട്ട് നാം കാണുന്ന ഒരു തിരുവചന വാക്യമാണ് ''യഹൂദൻമാരുടെ രാജാവായി പിറന്നവൻ എവിടെ'' എന്നത്. രാജാധിരാജനായ ക്രിസ്തുവിനെ നമസ്ക്കരിക്കുന്നതിന് പൗരസ്ത്യദേശത്തുനിന്ന് വന്ന വിദ്വാൻമാർ ക്രിസ്തുവിനെ അന്വേഷിക്കുന്ന ചോദ്യമാണ് ഇത് :

''യഹൂദൻമാരുടെ രാജാവായി പിറന്നവൻ എവിടെ?'' മത്തായി 2:2.

ബൈബിളിലെ പുതിയ നിയമത്തിലെ ഒന്നാമത്തെ ചോദ്യമാണിത്. പഴയ നിയമത്തിലെ ഒന്നാമത്തെ ചോദ്യം ദൈവത്തിൽനിന്നകന്നുപോയ ആദ്യമനുഷ്യനായ ആദാമിനെ ദൈവം അന്വേഷിക്കുന്നതാണ് :

''നീ എവിടെ ആദാമേ, നീ എവിടെ? മനുഷ്യാ നീ എവിടെ'' ഉല്പത്തി 3:9.

പഴയ നിയമത്തിലെ ഈ ഒന്നാമത്തെ ചോദ്യം സ്രഷ്ടാവ് സൃഷ്ടിയെ അന്വേഷിക്കുന്ന കരുണയുടെ വിളിയാണ്. ഇത് പാപം ചെയ്തുപോയ മനുഷ്യനെ ദൈവം അന്വേഷിക്കുന്ന സ്നേഹത്തിൻെറ വിളിയാണ്. ഇത് വീണുപോയ മനുഷ്യനെ എഴുന്നേൽപ്പിക്കാൻ രക്ഷകൻ തേടുന്ന മനസ്സലിവിൻെറ വിളിയാണ്. ഇത് സമാധാനം നഷ്ടപ്പെട്ടുപോയ മനുഷ്യന് സമാധാനം വീണ്ടും നൽകാൻ ദൈവം വിളിക്കുന്ന സമാധാനത്തിൻെറ വിളിയാണ്. ഇത് നഗ്നനായിപ്പോയ മനുഷ്യൻെറ നഗ്നത മാറ്റാൻ ഉടയവൻ ക്ഷണിക്കുന്ന വീണ്ടെടുപ്പിൻവിളിയാണ്. ഇത് നിരാശയിലാണ്ടുപോയ മനുഷ്യന് പ്രത്യാശ പ്രദാനം ചെയ്യുന്ന പ്രത്യാശയുടെ വിളിയാണ്.

പുതിയ നിയമത്തിലെ ഒന്നാമത്തെ ചോദ്യമാണ് : ''യഹൂദൻമാരുടെ രാജാവായി പിറന്നവൻ എവിടെ?'' ഇത് സൃഷ്ടി സ്രഷ്ടാവിനെ അന്വേഷിക്കുന്ന ചോദ്യമാണ്. ഇത് നിത്യനായ ദൈവത്തിനുവേണ്ടിയുള്ള മനുഷ്യൻെറ അന്വേഷണമാണ്. ഇത് സമാധാനത്തിനുവേണ്ടിയുള്ള അസ്വസ്ഥനായ മനുഷ്യൻെറ അന്വേഷണമാണ്. ഇത് വെളിച്ചത്തിനുവേണ്ടിയുള്ള ഇരുളിലാണ്ട മനുഷ്യൻെറ അന്വേഷണമാണ്.

നിൻെറ നീർച്ചാട്ടങ്ങളുടെ ഇരച്ചലാൽ ആഴി ആഴിയെ വിളിക്കുന്നു എന്ന് മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്ന വാക്യം 42-ാം സങ്കീർത്തനം 7-ാം വാക്യം ഇംഗ്ലീഷിൽ “The deep calleth the deep” എന്നാണ്. ദൈവ

സ്നേഹത്തിൻെറ ആഴം മനുഷ്യഹൃദയത്തിൻെറ ആഴത്തെ വിളിക്കുന്നു. മനുഷ്യഹൃദയത്തിൻെറ ആഴം ദൈവസ്നേഹ ത്തിൻെറ ആഴത്തെ വിളിക്കുന്നു. ആഴം ആഴത്തെ വിളി ക്കുന്നു.

സ്നേഹിതാ, ദൈവത്തിൻെറ അളവറ്റ സ്നേഹം താങ്കളെ വിളിക്കുന്നു എന്ന് താങ്കൾ അറിയുന്നുണ്ടോ? കാൽവരിക്രൂശിൽ ജീവൻ ത്യജിച്ച സ്നേഹം താങ്കളെ ക്ഷണി ക്കുന്നു എന്ന് ഗ്രഹിക്കുന്നുണ്ടോ? ആശയറ്റ താങ്കളുടെ ജീവിതത്തിൽ ആനന്ദവും ആശ്വാസവുമരുളാൻ ജീവനുള്ള ദൈവം താങ്കളെ വിളിക്കുന്നു എന്ന് മനസ്സിലാക്കു ന്നുണ്ടോ? ഇരുളടഞ്ഞ താങ്കളുടെ ജീവിതത്തിൽ പ്രകാശമ രുളാൻ കർത്താവായ യേശുക്രിസ്തു താങ്കളെ വാത്സല്യവാ യ്പോടെ വിളിക്കുന്നു എന്ന് അറിയുന്നുണ്ടോ? പാപം പന്താടി നശിപ്പിച്ച താങ്കളുടെ ജീവിതത്തിൽ പുതുശാന്തി പകരാൻ ഉടയവൻ താങ്കളെ മാടിവിളിക്കുന്നു എന്നറിയു ന്നുണ്ടോ? എങ്കിൽ ആ വിദ്വാൻമാരെപ്പോലെ ഒരു സത്യാ ന്വേഷിയായി താങ്കൾ പറയൂ : യഹൂദൻമാരുടെ രാജാവായി പിറന്നവൻ എവിടെ?''

യഹൂദൻമാരുടെ രാജാവായി പിറന്നവൻ ബേത്‌ലഹേം പുൽക്കൂട്ടിൽ എന്ന് ചരിത്രം മറുപടി നൽകും. യഹൂദൻമാരുടെ രാജാവായി പിറന്നവൻ നസ്രേത്തിലെ ദൈവാലയത്തിൽ. യഹൂദൻമാരുടെ രാജാവായി പിറ ന്നവൻ യോർദ്ദാൻ നദിയുടെ തീരത്ത്. യഹൂദൻമാരുടെ രാജാ വായി പിറന്നവൻ ബെത്സയിദായിലെ മലഞ്ചെരിവിൽ. യഹൂദൻമാരുടെ രാജാവായി പിറന്നവൻ കഫർന്നഹൂമിലെ സമതലത്തിൽ. യഹൂദൻമാരുടെ രാജാവായി പിറന്നവൻ

നയീൻപട്ടണത്തിലെ ശീമോൻെറ ഭവനത്തിൽ. യഹൂദൻമാരുടെ രാജാവായി പിറന്നവൻ യരീഹോത്തെരുവിൽ. യഹൂദൻമാരുടെ രാജാവായി പിറന്നവൻ യരുശലേം ദൈവാലയത്തിൽ. യഹൂദൻമാരുടെ രാജാവായി പിറന്നവൻ ബേഥാന്യായിലെ ചെറുഭവനത്തിൽ.

യഹൂദൻമാരുടെ രാജാവായി പിറന്നവൻ പീലാത്തോസിൻെറ ന്യായവിസ്താര സഭയിൽ. യഹൂദൻമാരുടെ രാജാവായി പിറന്നവൻ മൂന്നാണികളാൽ ബന്ധിക്കപ്പെട്ട് കാൽവരിക്രൂശിൽ. യഹൂദൻമാരുടെ രാജാവായി പിറന്നവൻ അരിമഥ്യക്കാരൻ യൗസേഫിൻെറ കല്ലറയിൽ.

ഇതൊന്നുകൊണ്ടും നമ്മുടെ ജീവിതം ധന്യമാകുന്നില്ല. യഹൂദൻമാരുടെ രാജാവായി പിറന്നവൻ ഇതാ എൻെറ ചങ്കിനുള്ളിൽ. അവൻ ഉയിർത്തെഴുന്നേറ്റു, അവൻ രാജാവായി എൻെറ ഹൃദയത്തിലിരിക്കുന്നു. ഇത് പറയാനുള്ള പ്രാഗത്ഭ്യം മാന്യ സ്നേഹിതാ, താങ്കൾക്കുണ്ടോ? ക്രിസ്തു എൻെറ ഹൃദയത്തിൽ വാഴുന്നു എന്ന് ഉറപ്പേറിയ നിർണ്ണയത്തോടെ പറയാൻ കഴിയുന്നതാണ് ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം.

യഹൂദൻമാരുടെ രാജാവായി പിറന്നവൻ എവിടെ? വിദ്വാൻമാർ സത്യാന്വേഷികളായിരുന്നു. ദൂരയാത്ര ചെയ്ത് വന്നവരായിരുന്നു. രാജാവിനെ വണങ്ങാൻവേണ്ടി വന്നവരായിരുന്നു. They were seeking. ഒന്നാമത് അന്വേഷിച്ചു. Seeking.

പക്ഷേ സത്യാന്വേഷികളായിരുന്നെങ്കിലും അവർക്ക് വഴിതെറ്റി. അവർ രാജകുമാരനെ തേടി ഹെരോ

ദാവിൻെറ കൊട്ടാരത്തിൽ കയറി. അതുവരെ അവരെ വഴി നടത്തിയ നക്ഷത്രം, ഉയരങ്ങളിലെ വെള്ളിവെളിച്ചം, നിശ്ച ലമായി. ജീവിതത്തിൽ ഒരു ശുദ്ധോദ്ദേശത്തോടെ ഇറങ്ങിപ്പു റപ്പെട്ടു. പക്ഷേ ചെന്നെത്തിയത് രാജകുമാരൻെറ ശത്രു വിൻെറ കൊട്ടാരത്തിൽ.

സ്നേഹിതാ, താങ്കൾ ഇന്ന് വഴിതെറ്റി സാത്താൻെറ വിഹാര രംഗമായ ലോകസ്നേഹത്തിൻെറ – പ്രതാപമോഹ ത്തിൻെറ – മായിക സ്വാധീനത്തിൽപെട്ട് കിടക്കുകയാണോ? രണ്ടാമത്തേത്, വഴിതെറ്റി. Deviating from the right path – Deviating.

മൂന്നാമതായി, വഴിതെറ്റി എന്ന് മനസ്സിലായപ്പോൾ അവർ ഉടനെ തിരിച്ചുപോന്നു. അപ്പോഴിതാ നക്ഷത്രം ചലിച്ചു തുടങ്ങി. സ്നേഹിതാ, താങ്കൾ ലക്ഷ്യം തെറ്റിപ്പോയ ന്നുമുതൽ ഇതാ താങ്കളുടെ മടങ്ങിവരവ് പ്രതീക്ഷിച്ച് ആശ യോടെ ആ സ്വർഗ്ഗീയ കൃപ കാത്തുനിൽക്കുകയായിരുന്നു. ദൈവത്തിൻെറ പരിശുദ്ധാത്മാവ് ആർത്തിയോടെ പടിവാ തില്ക്കൽ തറ്റു നിൽക്കുകയായിരുന്നു.

ആത്മാവിതാ വീണ്ടും ചലിച്ചു തുടങ്ങി എന്ന് പറയാൻ തക്കവണ്ണം താങ്കൾ തെറ്റായ പാതയിൽനിന്ന് സൽപാതയിലേക്ക് മടങ്ങിവരുമോ? മൂന്ന്, Returning from the wrong path – Returning.

നാലാമതായി, വിദ്വാൻമാർ യേശുവിനെ കണ്ടെത്തി. സത്യാന്വേഷികൾ കണ്ടെത്തുകതന്നെ ചെയ്യും. നക്ഷത്രം അവരെ വഴിനടത്തി. ഇതാ സ്വർഗ്ഗീയ നക്ഷത്രം

ദിവ്യനടത്തിപ്പു തന്ന് താങ്കളെ വഴിനടത്താൻ കാത്തുനിൽക്കുകയാണ്. നെടുനാളത്തെ യാത്രയുടെയും അദ്ധ്വാനത്തിന്റെയും ഫലം. എന്തൊരു സന്തോഷം. വിദ്വാൻമാർ യേശുവിനെ, രാജകുമാരനെ കണ്ടെത്തി.

മാന്യ സഹോദരാ, താങ്കൾ ആന്തരിക കണ്ണു തുറന്ന് യേശുവിനെ കണ്ടെത്തിയോ? എങ്കിൽ താങ്കൾ ഒരു ഭാഗ്യവാനാണ്. നാലാമത്തേത്, Finding the Prince. രാജകുമാരനെ കണ്ടെത്തി – Finding.

അഞ്ചാമതായി, അവർ നിക്ഷേപ പാത്രങ്ങളെ തുറന്ന് പൊന്നും മൂരും കുന്തിരിക്കവും ഉണ്ണിയേശുവിന്റെ കാൽക്കൽ കാഴ്ചയർപ്പിച്ചു. ക്രിസ്തുവിനെ കണ്ടാൽ ദേഹവും ദേഹിയും ആത്മാവും സമർപ്പിച്ചു പോകും. മുഴുവനായ ഒരു സമർപ്പണം.

അഞ്ചപ്പവും രണ്ടു മീനും കൊടുത്തതുപോലെ സമ്പൂർണ്ണമായ സമർപ്പണം. വിധവയുടെ ചില്ലിക്കാശു പോലെ ഒന്നും ബാക്കിവെയ്ക്കാത്തതായ സമർപ്പണം. അഞ്ചാമത്തേത്, കാഴ്ചവച്ചു. Dedicating.

മാന്യ സുഹൃത്തേ, ക്രിസ്തു താങ്കളുടെ സമർപ്പണം ഏറ്റുവാങ്ങാൻ മനസ്സുള്ളവനാണെന്ന് താങ്കൾ അറിയുന്നുണ്ടോ? താങ്കൾക്കുള്ളതെല്ലാം സമർപ്പിക്കുവാൻ യോഗ്യനാണ് ക്രിസ്തു എന്ന് താങ്കൾക്ക് തോന്നുന്നുവോ? താങ്കളുടെ തകർന്ന ജീവിതത്തെ ഇപ്പോൾത്തന്നെ ക്രിസ്തുവിന് സമർപ്പിക്കുക – Dedicating.

ആറാമതായി, അവർ യേശുവിനെ നമസ്ക്കരിച്ചു. ക്രിസ്തുവിനെ കണ്ടെത്തിയാൽ ക്രിസ്തുവിനെ ആരാധിക്കും. അവൻ ആരാധനയ്ക്കു യോഗ്യനാണ്.

ബഹുമാന്യ സ്നേഹിതാ, താങ്കൾ ക്രിസ്തുവിനെ ആത്മാവിലും സത്യത്തിലും ആരാധിച്ചുവോ? ആരാധിക്കുവാൻ തക്കവണ്ണം താങ്കളുടെ ഹൃദയം ക്രിസ്തുവിനോടുള്ള സ്നേഹംകൊണ്ടും നന്ദികൊണ്ടും നിറയുന്നുവോ? ആറാമത്തേത്, Worshipping – ആരാധന.

ഏഴാമതായി, അവർ വേറെ വഴിയായി സ്വദേശത്തേക്ക് മടങ്ങിപ്പോയി. ക്രിസ്തുവിനെ കണ്ടെത്തിയാൽ സത്യസമർപ്പണവും സത്യാരാധനയുമുണ്ടാകും. സത്യാരാധന അനുഭവിച്ച ദൈവപൈതൽ ഒരു പുതിയ വഴിയേ പോകും.

''ഒരുത്തൻ ക്രിസ്തുവിലായാൽ ഒരു പുതിയ സൃഷ്ടിയാകുന്നു. പഴയത് കഴിഞ്ഞുപോയി; ഇതാ അത് പുതുതായി തീർന്നിരിക്കുന്നു.'' 2 കൊരിന്ത്യർ 5:17.

പഴയ മനോഭാവം മാറുന്നു. പഴയ കാഴ്ചപ്പാട് മാറുന്നു. പഴയ പ്രകൃതം മാറുന്നു. പഴയ സ്വഭാവം മാറുന്നു. പഴയ സ്നേഹിതൻമാർ മാറുന്നു. പഴയ ചിന്താഗതി മാറുന്നു. പഴയ സന്തോഷങ്ങൾ മാറുന്നു. പഴയ താല്പര്യങ്ങൾ മാറുന്നു.

ഒരു പുതിയ സൃഷ്ടി. ഒരു പുതിയ വഴി. ഒരു പുതിയ അനുഭവം. ഒരു പുതിയ ആനന്ദം. ദൈവത്തിനു സ്തോത്രം.

സ്നേഹിതാ, താങ്കൾ ഈ പുതിയ അനുഭവം പ്രാപിച്ചുവോ? പച്ചവെള്ളം വീഞ്ഞായി തീർന്നുവോ? മാറായിലെ കൈപ്പുവെള്ളം മധുരജലമായി മാറിയോ?

ഒന്നാമത്തെ ക്രിസ്തുമസിന്റെ ഈ ഏഴനുഭവങ്ങൾ സ്വന്തമാക്കാൻ താങ്കൾ ആഗ്രഹിക്കുന്നുവോ? ഒരു പുതിയ മധുരാനുഭൂതി സ്വായത്തമാക്കാൻ താങ്കളുടെ ഉള്ളം ആഗ്രഹിക്കുന്നുവോ?

എങ്കിൽ താങ്കളുടെ അരികത്തു നിൽക്കുന്ന യേശുവിന്റെ പാദത്തിൽ ദേഹവും ദേഹിയും ആത്മാവും സമ്പൂർണ്ണ കാഴ്ചയായി സമർപ്പിക്കുക. ക്രൂശിൽ മരിച്ച യേശുവിനായി സകലവും സമർപ്പിക്കുക. പുതിയ ആരാധനയുടെ സൗഭാഗ്യം അനുഭവിക്കുക. യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ വക എന്ന് ഹൃദയത്തിൽ തീരുമാനം പറയുക.

എങ്കിൽ നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം. കരുണയുള്ള ദൈവമേ, അവിടത്തെ കരുണയൂറുന്ന വചനങ്ങൾക്കായി സ്തോത്രം. ഒരു പുതിയ സൃഷ്ടിയാകാൻ എന്നെ ക്ഷണിച്ചതിനാൽ സ്തോത്രം. സത്യാരാധനയുടെ ശ്രേഷ്ഠാനുഭവത്തിലേക്ക് എന്നെ നടത്തുന്നതിനായി സ്തോത്രം. മരണത്തോളം, യേശുവേ, നിന്നെ സ്നേഹിച്ച് ഒരു പുതിയ വിശുദ്ധ ജീവിതം നയിപ്പാനുള്ള ഭാഗ്യം എനിക്കു നൽകണമേ. യേശുവിന്റെ നാമത്തിൽ തന്നെ. ആമ്മീൻ.

★ ★ ★

## റേഡിയോ പ്രഭാഷണം - 8

*‘‘ഞാൻ യഹൂദയിലെ ബേത്ലഹേമിൽനിന്ന് വരുന്ന ഒരു ലേവ്യൻ ആകുന്നു. തരം കിട്ടുന്നേടത്ത് പാർപ്പാൻ പോകയാകുന്നു.’’*
*ന്യായാധിപൻമാർ 17:9.*

ക്രിസ്തുമസിൻെറ ആഘോഷങ്ങളുള്ള സന്തോഷഭരിതമായ ഒരു മാസമാണല്ലോ ഡിസംബർ മാസം. മനുഷ്യരെ നിത്യമായ സ്വസ്ഥതയിലേക്ക് ആനയിക്കാൻ തിരുവവതാരം ചെയ്ത യേശുക്രിസ്തുവിൻെറ ജനനം ലോകമെമ്പാടും ഉത്സവപ്രതീതിയോടെ ആഘോഷിക്കുന്ന കാലമാണിത്.

ആഘോഷത്തിൻെറ തിരക്കിലും ആഹ്ലാദത്തിൻെറ തിരത്തല്ലിലും ക്രിസ്തുമസിൻെറ സാക്ഷാലുള്ള സന്ദേശം എന്ത് എന്ന് അനേകരും ചിന്തിക്കാറില്ല. രണ്ടായിരം വർഷം മുമ്പ് ജനിച്ച യേശുക്രിസ്തുവിന് മനുഷ്യഹൃദയത്തിൽ ഇടം കിട്ടിയെങ്കിലേ ക്രിസ്തുമസ് അർത്ഥവത്താകുന്നുള്ളു. അതി

നുവേണ്ടി ഓരോ മനുഷ്യഹൃദയ കവാടത്തിലും ക്രിസ്തു നിന്ന് മുട്ടിക്കൊണ്ടിരിക്കയാണ്. എനിക്ക് ഇടം കിട്ടുമോ എന്ന് നോക്കിക്കൊണ്ട് ആശയോടെ ഹൃദയവാതിൽക്കൽ തറ്റു നിൽക്കുന്ന ക്രിസ്തുവിനെ സ്വീകരിപ്പാൻ കഴിഞ്ഞില്ലെങ്കിൽ ക്രിസ്തുമസ് അർത്ഥശൂന്യമാണ്.

''ഞാൻ യഹൂദയിലെ ബേത്ലഹേമിൽനിന്ന് വരുന്ന ഒരു ലേവ്യൻ ആകുന്നു; തരം കിട്ടുന്നേടത്ത് പാർപ്പാൻ പോകയാകുന്നു.'' ന്യായാധിപൻമാർ 17:9.

യേശുക്രിസ്തു ജനിക്കുന്നതിന് ആയിരത്തിരുന്നൂറ് വർഷം മുമ്പ് രചിച്ച ഗ്രന്ഥമാണ് ന്യായാധിപൻമാരുടെ പുസ്തകം. ക്രിസ്തുവിനെ സൂചിപ്പിക്കുന്ന ഒരു വാക്യമാണ് ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നത്. ഞാൻ ബേത്ലഹേമിൽനിന്നു വരുന്നു. തരം കിട്ടുന്നേടത്ത് പാർപ്പാൻ പോകുന്നു എന്ന വാക്യത്തിൻെറ ദൂരവ്യാപകമായ അർത്ഥം യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ നാം ചിന്തിക്കുമ്പോൾ മനുഷ്യജീവിതത്തിൽ ഏറെ പ്രസക്തമാണ്.

അരക്കാശിന്നും മുതലില്ലാത്തവനും തല ചായ്പാൻ ഇടമില്ലാത്തവനുമായ ക്രിസ്തു തനിക്ക് കയറി വസിപ്പാൻ മനുഷ്യഹൃദയങ്ങളെ തേടി അലയുകയാണ്. മനുഷ്യൻ തന്നെയാണ് ദൈവത്തിൻെറ മന്ദിരം.

''നിങ്ങൾ ദൈവത്തിൻെറ മന്ദിരം എന്നും, ദൈവത്തിൻെറ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?'' എന്ന് 1 കൊരിന്ത്യർ 3:16-ൽ നാം കാണുന്നു. മനുഷ്യഹൃദയങ്ങളിൽ അധിവസിപ്പാൻ പുറപ്പെട്ട ക്രിസ്തു

വിനെ മനുഷ്യർ ഇന്ന് തിരസ്ക്കരിച്ചുകൊണ്ടിരിക്കുക യാണ്.

രണ്ടായിരം വർഷം മുമ്പ് കന്യകമറിയാമും യൗസേപ്പ് പിതാവും കൂടി ബേത്ലഹേം തെരുവിൽക്കൂടി നടന്നു. രണ്ടുപേരും വളരെ ക്ഷീണിതരായിട്ടാണ് നടക്കു ന്നത്. കന്യകമറിയാം പൂർണ്ണ ഗർഭിണിയാണ്. റോമൻ സാമ്രാ ജ്യാധിപതിയായ അഗസ്റ്റസ് സീസറിൻെറ കല്പനയനുസ രിച്ച് സെൻസസ് എടുക്കുന്ന കാലമായിരുന്നു അത്. പേർവഴി ചാർത്താനാണ് യൗസേഫും മറിയാമും ബേത്ല ഹേമിലെത്തിയത്.

പൂർണ്ണ ഗർഭിണിയായ മറിയാമിന് അപ്പോൾ പ്രസ വവേദന ആരംഭിച്ചു. ഒരടി മുന്നോട്ടു നടക്കാൻ വയ്യ. പ്രാഞ്ചി പ്രാഞ്ചി, വേച്ചുവേച്ച് മറിയാം നടക്കുന്നത് റോഡ രികിലുള്ളവർ നോക്കിനിന്നു. മറിയാം എത്തിവരാൻ കൂടെ ക്കൂടെ യൗസേഫ് വഴിയോരത്ത് കാത്തുനിന്നു. ഒരു മറവിടം കിട്ടിയേ പറ്റൂ. എവിടെയെങ്കിലും ഒന്ന് കിടക്കണം.

മറിയാം തീർത്തും അവശയായി. യൗസേപ്പ് പിതാവ് അടുത്തു കണ്ട ഒരു വീടിൻെറ അരികത്തേക്ക് നീങ്ങി. വാതിൽക്കൽ തെരുതെരെ മുട്ടി. ഗൃഹനായകൻ വന്നു വാതിൽ തുറന്നു.

''നിങ്ങൾക്കെന്താണ് വേണ്ടത്?''

യൗസേപ്പ് പിതാവ് പറഞ്ഞു : ''ഞങ്ങൾ റോമൻ ഗവൺമെൻറിൻെറ കല്പന അനുസരിച്ച് പേർവഴി ചാർത്ത

ലിനുവേണ്ടി ഇവിടെ വന്നതാണ്. എൻെറ ഭാര്യയാണ് അവിടെ ആ പടിയ്ക്കൽ നിൽക്കുന്നത്. അവർ പൂർണ്ണ ഗർഭിണിയാണ് ഇപ്പോൾ പ്രസവവേദന ആരംഭിച്ചു. ഒന്ന് കയറിക്കിടക്കാൻ അല്പം സ്ഥലം വേണമായിരുന്നു. അതിനുവേണ്ടിയാണ് വാതിൽക്കൽ മുട്ടിയത്.''

''ഇവിടെ സ്ഥലമില്ല; നിങ്ങൾക്കു പോകാം'', വീട്ടുകാരൻ വാതിലടയ്ക്കാൻ തുടങ്ങി.

''അയ്യോ, അങ്ങനെ പറയല്ലേ; ഇതാ നേരം വൈകുന്നേരമാകാൻ പോകുന്നല്ലോ. ഈ ഒരു രാത്രി എവിടെയെങ്കിലും ഒന്നു കഴിച്ചുകൂട്ടണമല്ലോ. ഇവിടെ ഈ വരാന്തയിലെങ്കിലും അല്പം സ്ഥലം തരാമോ? ഞാൻ ഈ മുറ്റത്തോ മറ്റോ ഇരുന്ന് വെളുപ്പിച്ചുകൊള്ളാം'', യൗസേപ്പ് പിതാവ് കെഞ്ചി.

പക്ഷേ ആ മനുഷ്യൻ നിഷ്ക്കരുണം പറഞ്ഞു : ''ഇവിടെ സ്ഥലമില്ലെന്ന് ഞാൻ പറഞ്ഞില്ലേ? നിങ്ങൾ പോകൂ.''

ഓരോ വീട്ടുപടിക്കലും യൗസേപ്പ് പിതാവ് മുട്ടിക്കൊണ്ടു നിന്നു. എല്ലായിടത്തുനിന്നും ഒരേ മറുപടി : ''ഇവിടെ സ്ഥലമില്ല.''

ഒടുവിൽ, തളർന്നവശരായി വഴിയമ്പലത്തിൽ ചെന്നു. ഒരു മുറിയും ഒഴിവില്ല. പേർവഴി ചാർത്തലിൻെറ കാലമായതുകൊണ്ട് എല്ലാ മുറികളും നേരത്തേ കൊടുത്തുപോയി. കന്യകമറിയം ഏങ്ങലടിച്ചു കരഞ്ഞുകൊണ്ട് ഗർഭഭാരം താങ്ങി മനസ്സുലഞ്ഞ് അവിടെ നിന്നു. യൗസേപ്പിൻെറ

കണ്ണുകളിൽനിന്ന് ധാരമുറിയാതെ കണ്ണുനീരൊഴുകി.

വഴിയമ്പലക്കാരന് മനസ്സലിഞ്ഞു. അദ്ദേഹം പറഞ്ഞു : ''ഇവിടെ അപ്പുറത്ത് പിറകിലായി പശുക്കളെ കെട്ടുന്ന ഒരു തൊഴുത്തുണ്ട്. അതിന്റെ പിറകിൽ കല്ലു വെട്ടിയെടുത്ത ഒരു കുഴിയുണ്ട്. വെളിംപറമ്പാണ്. പക്ഷേ ഒരു മറവുണ്ട്. ഈ സ്ത്രീക്ക് അവിടെ കഴിക്കാം. ഭാഗ്യം !

യൗസേപ്പും മറിയാമും ആ മറവിടത്തിലേക്ക് നീങ്ങി. കാലിത്തൊഴുത്തിന്റെ അരികത്ത് മുറ്റത്ത് യൗസേപ്പ് ഇരുന്നു. മാതാവ് പിന്നിൽ കണ്ട കല്ലിടുക്കിലും. മരം കോച്ചുന്ന മഞ്ഞുള്ള ആ രാത്രിയിൽ മറിയാം വെളിംപറമ്പിൽ യേശുവിനെ പ്രസവിച്ചു. തിരുവചനം പറയുന്നു :

''വഴിയമ്പലത്തിൽ സ്ഥലമില്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി.'' ലൂക്കോസ് 2:7.

വർഷങ്ങൾ രണ്ടായിരത്തോളം കഴിഞ്ഞു, ആ സംഭവത്തിനുശേഷം. സർവ്വലോക സ്രഷ്ടാവായ ദൈവപുത്രന് ജനിച്ചുകിടപ്പാൻ സ്ഥലമുണ്ടായിരുന്നില്ല, അന്ന്. ഇന്നും അങ്ങനെത്തന്നെ. മനുഷ്യഹൃദയങ്ങളിൽ ഇടം തേടി വരുന്ന രക്ഷകൻ ദുഃഖത്തോടെ ഓരോരുത്തരുടെയും മുമ്പിൽ കെഞ്ചിക്കൊണ്ടു നിൽക്കുന്നു. ക്രിസ്തുവിന് ഇടമില്ലാതിരിക്കാൻ കാരണം ക്രിസ്തു തന്നെ പറയുന്നു :

''കുറുനരികൾക്ക് കുഴികളും ആകാശത്തിലെ പറവജാതിക്ക് കൂടും ഉണ്ട്; മനുഷ്യപുത്രനോ തല ചായ്പാൻ സ്ഥലമില്ല.'' ലൂക്കോസ് 9:58.

മനുഷ്യഹൃദയത്തിൽ കുറുനരികൾക്ക് മാളങ്ങളുണ്ട്.

കുറുനരിയുടെ സ്വഭാവമായ സൂത്രവും കൗശലവും അവിടെയുണ്ട്. ആരെ നശിപ്പിച്ചാണെങ്കിലും സ്വന്തം സുഖം നേടണമെന്ന വാഞ്ഛ അവിടെയുണ്ട്. മൃഗീയ വാസനകളും വികാരങ്ങളും അവിടെയുണ്ട്. അക്രമവാസനയും രക്തദാഹവും അവിടെയുണ്ട്. ചതിവും വഞ്ചനയും അവിടെയുണ്ട്. പകയും വൈരാഗ്യവും അവിടെയുണ്ട്. സ്വാർത്ഥതയും ദുഷ്ടതയും അവിടെയുണ്ട്. അതുകൊണ്ട് കർത്താവായ യേശുക്രിസ്തുവിന് തല ചായ്പാൻ അവിടെ ഇടമില്ല.

ആകാശത്തിലെ പറവജാതിക്ക് മനുഷ്യഹൃദയത്തിൽ കൂടുണ്ട്. ഒന്ന് പറന്നുവന്ന് ഇരുന്നിട്ട് പറന്നുപോവുകയല്ല; മനുഷ്യഹൃദയത്തിൽ പറവജാതി കൂടുകെട്ടി പാർക്കുകയാണ്. ആകാശത്തിലെ പറവജാതി പൈശാചികസേനയുടെ പ്രതീകമാണ് തിരുവചനത്തിൽ.

മനുഷ്യഹൃദയത്തിൽ ദുഷ്ടാത്മസേന കൂടുകെട്ടി പാർക്കുകയാണ്. വഴക്കും പിണക്കവും കലഹവും സ്പർദ്ധയും വൈരാഗ്യവും പ്രതികാരചിന്തയും മ്ലേച്ഛവികാരങ്ങളും മലിനമോഹങ്ങളും ഹൃദയത്തിൽ നിറഞ്ഞുനിൽക്കുകയാണ്. ഇവയുടെ അധിപതിയായ പിശാച് – സാത്താൻ – ഹൃദയത്തിൻെറ അധിപതിയായി വസിക്കുന്നു.

യെഹസ്കേൽ പ്രവാചകൻെറ പുസ്തകം എട്ടാം അദ്ധ്യായത്തിൽ ദൈവത്തിൻെറ ആലയം സകലവിധ മ്ലേച്ഛതകൾകൊണ്ടും നിറഞ്ഞുനിൽക്കുന്നതായി നാം വായിക്കുന്നു. ദൈവമഹത്വം ആലയത്തിൽനിന്ന് മാറിപ്പോയി. പുറമേ മനോഹരമായ ആലയം. എന്നാൽ അതിനുള്ളിൽ നടക്കുന്ന മ്ലേച്ഛതകൾ ദൈവത്തിൻെറ ആത്മാവ് കാണിച്ചു

കൊടുത്തപ്പോഴാണ് പ്രവാചകൻ അറിയുന്നത്.

മനുഷ്യഹൃദയത്തിൻെറ ചിത്രമല്ലേ ഇത്? മനുഷ്യഹൃദയത്തിലുള്ള സകല മ്ലേച്ഛതകളും തിൻമകളും മൂലം ക്രിസ്തുവിന് അവിടെ പ്രവേശിക്കാൻ സാധിക്കാതെ ക്രിസ്തു ദുഃഖത്തോടെ മാറിപ്പോകുകയാണ്.

ബഹുമാന്യ സ്നേഹിതാ, താങ്കളുടെ ഹൃദയത്തിൻെറ അവസ്ഥ എന്താണ്? എത്രയോ ക്രിസ്തുമസുകൾ കടന്നുപോയി! തരം കിട്ടുന്നേടത്ത് വസിപ്പാൻ പുറപ്പെട്ട രാജാധിരാജന് താങ്കളുടെ ഹൃദയത്തിൽ പ്രവേശിപ്പാൻ ഇടം കിട്ടിയോ? ക്രിസ്തുവിന് പിറക്കാൻ ബേത്ലഹേമിലെ ഒരു ഭവനത്തിലും സ്ഥലം ലഭിച്ചില്ലല്ലൊ. അതുതന്നെയാണോ താങ്കളുടെയും അവസ്ഥ?

ഈ 1997-ലെ ക്രിസ്തുമസ് ഒരു പുതിയ അനുഭവം താങ്കൾക്ക് നൽകാൻ താങ്കളുടെ ഹൃദയം ക്രിസ്തുവിന് തുറന്നു കൊടുക്കുമോ? ‘‘ഞാനിതാ വാതിൽക്കൽനിന്ന് മുട്ടുന്നു. ആരെങ്കിലും എൻെറ ശബ്ദം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അകത്തു വന്ന്, ഞാൻ അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും’’, എന്നത്രേ ക്രിസ്തു പറയുന്നത്. അണ്ഡകടാഹത്തിൻെറ ഉടയവൻ ഇന്നിതാ തൻെറ സൃഷ്ടിയുടെ മുന്നിൽ യാചകനെപ്പോലെ നിൽക്കുന്നു. അവനുവേണ്ടി ജീവിതം തുറന്നു കൊടുത്താൽ ഭാഗ്യമത്രേ.

എൻെറ പതിനേഴാമത്തെ വയസ്സിൽ ക്രിസ്തുവിനെ എൻെറ കർത്താവും രക്ഷിതാവുമായി സ്വന്ത മനസ്സോടെ ഞാൻ സ്വീകരിച്ചു. ക്രിസ്തു എൻെറ ഹൃദയത്തിൽ വന്നു.

എൻെറ സകല കാര്യങ്ങളും ക്രിസ്തു ഏറ്റെടുത്തു.

പ്രിയ സഹോദരാ, മാന്യ സഹോദരീ, ഈ വിലയേറിയ സമയം പാഴാക്കരുതേ. ക്രിസ്തുവിനെ സ്വന്തം കർത്താവും രക്ഷിതാവുമായി സ്വീകരിക്കൂ. പിളർന്ന ചങ്കോടെ, ആണിപ്പാടുകളുള്ള കൈകളോടെ ക്രിസ്തു താങ്കളുടെ ഹൃദയത്തിൽ മുട്ടിക്കൊണ്ടു നിൽക്കുന്നു. ജീവനുള്ള ക്രിസ്തുവിനെ സ്വീകരിക്കൂ. ഭാവി ശോഭനമാകട്ടെ. ഹൃദയത്തിലെ ദുഷ്ടാത്മസേനകളോടു യാത്ര പറയൂ. പുതിയ ജീവിതം നയിക്കൂ. 1997-ലെ ക്രിസ്തുമസ് ക്രിസ്തു പ്രസാദിക്കുന്ന ഒരു ക്രിസ്തുമസ് ആയിത്തീരട്ടെ. നമുക്ക് പ്രാർത്ഥിക്കാം.

ഞങ്ങളുടെ സ്നേഹവാനായ യേശുവേ, ഇന്ന് ഹൃദയം നിനക്കായി തുറന്ന ഏവരെയും അവിടത്തെ ഉള്ളംകരങ്ങളിൽ വഹിക്കണമേ. ക്രൂശിലെ സ്നേഹത്താൽ അവരെ തഴുകണമേ. ക്രൂശിൽ ചൊരിഞ്ഞ തിരുരക്തം അവരുടെമേൽ മുദ്രയായി അണിയിക്കണമേ. യേശുവിൻ നാമത്തിൽ തന്നേ. ആമ്മീൻ.

★★★

## റേഡിയോ പ്രഭാഷണം - 9

*''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം.''*
*ലൂക്കോസ് 2:14.*

ലോകചരിത്രത്തിലെ ആദ്യത്തെ സുവിശേഷ പ്രസംഗം നടന്നത് രണ്ടായിരം വർഷം മുമ്പാണ്. ഒരർദ്ധ രാത്രിയിലാണ് അത് നടന്നത്. ആ പ്രസംഗം ചെയ്തത് ഒരു ദൈവദൂതനാണ്. ആ പ്രസംഗം കേട്ടത് എട്ടുംപൊട്ടും തിരി യാത്ത പാവപ്പെട്ട ഏതാനും ആട്ടിടയൻമാരാണ്.

ബേത്ലഹേമിൻെറ മലഞ്ചെരിവിൽ ആട്ടിൻകൂട്ടത്തെ കാവൽ കാത്ത് വെളിയിൽ കിടക്കുകയായിരുന്നു ആ ആട്ടിട യൻമാർ. ഉറങ്ങിക്കിടക്കുകയായിരുന്നു അവർ. അവരി ലൊരാൾ ആദ്യം ആ കാഴ്ച കണ്ടു ഞെട്ടിപ്പോയി. വലിയ ഒരു ഉജ്ജ്വല തേജസ്സ് ചുറ്റും മിന്നുന്നു. അർദ്ധരാത്രിയിൽ കൂരി രുട്ടിൻെറ നടുവിൽ കണ്ണഞ്ചിക്കുന്ന പ്രകാശം. അടുത്തു

കിടന്നുറങ്ങുന്ന ആളെ വിറയലാർന്ന കൈകളോടെ കുലുക്കിവിളിച്ചു. അയാൾ അതുകണ്ട് അമ്പരന്നു. അടുത്തയാളെ ഉണർത്തി. ഓരോരുത്തരായി എഴുന്നേറ്റു. ആ പ്രഭാപൂരത്തിലേക്ക് ഭയപരവശരായി അവർ നോക്കിനിന്നു. ഈ കാണുന്നതെന്താണ്? ചുറ്റും തീക്ഷ്ണമായ പ്രകാശം. അതിന്റെ നടുവിൽ ഇതാ ഒരു ദൈവദൂതൻ.

ഭയന്നു വിറച്ച് അവർ നിൽക്കുമ്പോൾ ഇതാ; ആ മാലാഖ പറയുന്നു : ''ഭയപ്പെടേണ്ട; സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു; കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. നിങ്ങൾക്ക് അടയാളമോ : ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും.''

മാലാഖ ഇത്രയും പറഞ്ഞുകഴിഞ്ഞയുടനെ ഇതാ, വീണ്ടും അത്ഭുതം. ഒരുപറ്റം മാലാഖമാർ നിരനിരയായി ഇറങ്ങിവരുന്നു. തേജോമയൻമാരായ ആ സ്വർഗ്ഗീയ സൈന്യം ആ ദൂതനോടു ചേർന്നുനിന്നു. അവരെല്ലാവരും ചേർന്നു ദൈവത്തെ വാഴ്ത്തിപ്പുകഴ്ത്തിക്കൊണ്ട് ഇങ്ങനെ കീർത്തനം പാടി :

''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം.'' ലൂക്കോസ് 2:14.

അത്യുന്നതനായ ദൈവത്തിന് മഹത്വം കരേറ്റുകയാണ് മനുഷ്യന്റെ പദവി. സ്രഷ്ടാവിനെ വാഴ്ത്തിപ്പുകഴ്ത്തുകയാണ് സൃഷ്ടിയുടെ ഭാഗ്യം.

''എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്വിൻ'' എന്നത്രേ തിരുവെഴുത്ത് പറയുന്നത്. 1 തെസലോനികൃർ 5:16-18.

ഏതു സാഹചര്യത്തിലും ദൈവത്തെ സ്തുതിക്കാൻ കഴിയണമെങ്കിൽ ദൈവം എനിക്ക് നൻമ മാത്രം ചെയ്യുന്ന വനാണെന്ന് അറിയണം. എനിക്കു വരുന്ന ദുരിതങ്ങളും യാതനകളും ദൈവം നൻമയ്ക്കായിത്തീർത്തു തരും എന്ന് വിശ്വസിക്കണം.

''ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കുതന്നെ, സകലവും നൻമയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു.'' റോമർ 8:28.

ദൈവം തരുന്ന നൻമകൾ നാം ഓർക്കുമ്പോൾ ദൈവത്തെ സ്തുതിക്കാൻ കഴിയും. സങ്കീർത്തനക്കാരൻ പറഞ്ഞു : ''എൻ മനമേ, യഹോവയെ വാഴ്ത്തുക; എൻെറ സർവ്വാന്തരംഗവുമേ അവൻെറ വിശുദ്ധ നാമത്തെ വാഴ്ത്തുക; എൻ മനമേ യഹോവയെ വാഴ്ത്തുക; അവൻെറ ഉപകാരങ്ങൾ ഒന്നും മറക്കരുത്. അവൻ നിൻെറ അകൃത്യമൊക്കെയും മോചിക്കുന്നു; നിൻെറ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു.'' സങ്കീ. 103:1-3.

ആടുകളെ നോക്കുന്ന വേലയിൽനിന്ന് ദാവീദിനെ ദൈവം ഉയർത്തി. രാജകീയ സിംഹാസനത്തിലിരുത്തി. ആടുകളെ നോക്കാനുള്ള കോൽ പിടിച്ചിരുന്ന കൈകളിൽ രാജകീയ ചെങ്കോൽ ഭരമേല്പിച്ചു. ദാവീദ് ദൈവത്തെ മഹത്വപ്പെടുത്തി.

‘‘യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്ത് പകരം കൊടുക്കും.’’ സങ്കീ. 116:12.

‘‘നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവന് സ്തോത്രം ചെയ്‌വിൻ; അവൻെറ ദയ എന്നേക്കുമുള്ളത്.’’ സങ്കീ. 136:23.

ദാവീദിൻെറ ജീവിതത്തിൽ ദുരിതങ്ങൾ വന്നില്ലേ? എന്തെന്തു യാതനയിൽക്കൂടി ദാവീദ് കടന്നുപോകേണ്ടി വന്നു! പക്ഷേ ആ പ്രശ്നങ്ങളിലേക്കും പ്രതിസന്ധികളിലേക്കും നോക്കാതെ ദാവീദ് ദൈവം തന്ന നൻമകളിലേക്കു നോക്കി ദൈവത്തെ മഹത്വപ്പെടുത്തി.

മാന്യ സ്നേഹിതാ, താങ്കളുടെ ജീവിതത്തിലെ പ്ലസ് പോയിൻറുകൾ താങ്കൾ ഒന്ന് എണ്ണുമോ? ജീവിതത്തിലുണ്ടായ നല്ല കാര്യങ്ങൾ ഒന്ന് തിരിഞ്ഞുനിന്ന് ഓർക്കുമോ? അവ എണ്ണി എണ്ണി ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുമോ? അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം കരേറ്റുമ്പോൾ നാളതുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരവാച്യശക്തി, ഒരത്ഭുത സന്തോഷം ഹൃദയത്തിലേക്ക് ഒഴുകി വരുന്നത് അനുഭവിക്കാം. ദിവ്യസമാധാനംകൊണ്ട് ഹൃദയം നിറയും.

ഇംഗ്ലീഷ് ഭാഷയിലുള്ള ഒരു കവിതാശകലം കേട്ടിട്ടുണ്ട് :

Two men looked through the prison-bars
One saw mud; the other stars.

ജയിലഴിയുടെ വിടവിലൂടെ വെളിയിലേക്ക് നോക്കിക്കൊണ്ടിരുന്നവരിലൊരാൾ പറഞ്ഞു : ''ഞാൻ അവിടെ ചെളിയാണ് കാണുന്നത്.'' അടുത്തയാൾ പറഞ്ഞു : ''ഞാൻ കാണുന്നത് നക്ഷത്രങ്ങളെയാണ്.''

എല്ലാറ്റിനുവേണ്ടിയും ദൈവത്തെ സ്തോത്രം ചെയ്യുമ്പോഴാണ് സ്വർഗ്ഗീയ സമാധാനം ഹൃദയത്തിൽ നിറയുന്നത്. പൗലോസും ശീലാസും യൂറോപ്പിൽ സുവിശേഷവുമായി ആദ്യം കടന്നുചെന്നത് ഗ്രീസിലെ ഫിലിപ്പിയിലാണ്.

അവിടെയുള്ളവർ പൗലോസിനെയും ശീലാസിനെയും മർദ്ദിച്ച്, അർദ്ധനഗ്നരാക്കി റോഡിലൂടെ വലിച്ചിഴച്ച് കാരാഗൃഹത്തിലാക്കി. അന്ന് ആഹാരം കഴിച്ചിട്ടില്ല. നല്ല വിശപ്പുണ്ട്. അല്പം വെള്ളംപോലും കുടിച്ചിട്ടില്ല. നല്ല ദാഹമുണ്ട്. ദേഹമാസകലം അടിയേറ്റ് നീറിപ്പുകയുന്നു; വേദന കൊണ്ട് പുളയുന്നു.

അപ്പോഴാണ് അർദ്ധരാത്രിയിൽ പൗലോസും ശീലാസും പ്രാർത്ഥിച്ച്, പാടി, ദൈവത്തെ സ്തുതിച്ചത്. അത്യുന്നതങ്ങളിൽ ദൈവത്തെ മഹത്വപ്പെടുത്തിയപ്പോൾ ബന്ധനങ്ങൾ അഴിഞ്ഞു; അടഞ്ഞ വാതിലുകൾ തുറന്നു; കാരാഗൃഹപ്രമാണി മാനസാന്തരപ്പെട്ടു. ജയിലിൽനിന്ന് അവർക്ക് മോചനം കിട്ടി.

''അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം.''

ദൈവപ്രസാദം ദൈവകൃപയാണ്.

ക്രിസ്തു പറഞ്ഞു : ‘‘പിതാവേ, സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായുള്ളോവേ, നീ ഇവ ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. അതേ, പിതാവേ, ഇങ്ങനെയല്ലോ നിനക്കു പ്രസാദം തോന്നിയത്.’’

ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിത്തരുന്നതാണ് ദൈവപ്രസാദം. ആ മഹാഭാഗ്യം ലഭിച്ചവർക്ക് ദിവ്യസമാധാനം ഉണ്ട്.

ക്രിസ്തുവിന്റെ തിരുജനനംമൂലം നിത്യനായ ദൈവം മനുഷ്യരാശിക്ക് തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുകയായിരുന്നു. ദൈവം ആരാണെന്ന് അറിയാൻ പാടില്ലായിരുന്നു മനുഷ്യന് അതുവരെ.

ഒരിടത്തും ഒതുങ്ങാത്തവനായ ദൈവം ഒരു സ്ത്രീയുടെ ഉദരത്തിൽ ഒതുങ്ങി. സകലത്തിന്റെയും സ്രഷ്ടാവായവൻ ബേത്ലഹേം പുൽക്കൂട്ടിൽ കിടന്നു. ദൈവം തന്റെ ഏകജാതനായ യേശുവിനെ ലോകത്തിന് തന്നതാണ് മനുഷ്യർക്ക് ലഭിച്ച ഏറ്റവും വലിയ ദൈവപ്രസാദം.

നിത്യനാശത്തിന് അടിമയായിരുന്ന മനുഷ്യന് നിത്യജീവൻ നൽകാനായി തന്റെ പുത്രനെ ലോകത്തിന് തന്നതാണ് ഏറ്റവും വലിയ ദൈവപ്രസാദം. ‘‘തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നൽകു

വാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു.''

ക്രിസ്തുവിൻെറ ജനനം സകല മനുഷ്യർക്കും സമാധാനം നൽകി. ക്രിസ്തുമസിൻെറ സന്ദേശം സന്തോഷത്തിൻെറയും സമാധാനത്തിൻെറയും സന്ദേശമാണ്. ലോകത്തിന് തരാൻ കഴിയാത്തതും ലോകത്തിന് എടുത്ത് കളയാൻ കഴിയാത്തതുമായ സമാധാനമാണ് ക്രിസ്തു തരുന്നത്.

മാന്യ സഹോദരാ, ക്രിസ്തുമസ് കരോളും കരോൾ ഘോഷയാത്രയും കരോൾ ഗാനങ്ങളും ക്രിസ്തുമസ് ആശംസകളും ക്രിസ്തുമസ് നക്ഷത്രങ്ങളും ക്രിസ്തുമസ് മരങ്ങളും ക്രിസ്തുമസ് ദീപക്കാഴ്ചകളും ക്രിസ്തുമസ് വിഭവങ്ങളും ക്രിസ്തുമസ് സൽക്കാരങ്ങളുമെല്ലാം ബാഹ്യമായ ചില ചടങ്ങുകളും ആചാരങ്ങളും മാത്രമായി അധഃപതിച്ചിരിക്കുകയല്ലേ?

താങ്കളുടെ ജീവിതത്തിൽ ദൈവപ്രസാദമുണ്ടോ? താങ്കളുടെ ജീവിതം ദൈവം പ്രസാദിക്കുവാൻ തക്കവണ്ണം കറയറ്റതാണോ? അതോ, താങ്കളുടെ ജീവിതത്തിൽ ഇന്നും വഴക്കും വൈരാഗ്യവും പകയും മുഷിച്ചിലും നീരസവും ഭിന്നതയും വാഴുകയാണോ?

ബേത്ലഹേം പുൽക്കൂട്ടിൽ പിറന്നു കിടന്ന യേശു താങ്കളുടെ ഹൃദയത്തിൽ ജനിക്കുമെങ്കിൽ ആ ദിവ്യ സമാധാനം താങ്കൾക്ക് ലഭിക്കും. ദൈവം പ്രസാദിക്കുന്ന ജീവിതം ക്രിസ്തു വസിക്കുന്ന ജീവിതമാണ്. ക്രിസ്തു വസിക്കുന്ന ജീവിതം പാപം മാറ്റപ്പെട്ട ജീവിതമാണ്.

സകല തിൻമയോടും പാപത്തോടും പാപത്തിൻെറ

അധികാരിയായ സാത്താനോടും താങ്കൾ ഇപ്പോൾ യാത്ര പറഞ്ഞ് യേശുക്രിസ്തുവിനെ താങ്കളുടെ ജീവിതത്തിൻെറ കർത്താവും രക്ഷിതാവുമായി ജീവിതത്തിലേക്ക് കൈക്കൊള്ളുക. ഈ 1997-ലെ ക്രിസ്തുമസ് ഒരു പുതിയ അനുഭവത്തിൻെറ ക്രിസ്തുമസ് ആയിത്തീരട്ടെ.

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം എന്ന് സ്വർഗ്ഗീയ ദൂതൻമാരോട് ചേർന്ന് പാടാൻ താങ്കൾ വാഞ്ഛിക്കുന്നുവോ. ആ ശ്രേഷ്ഠാനുഭവം താങ്കൾക്കിപ്പോൾ വേണമോ?

എങ്കിൽ താങ്കളുടെ അരികത്തു നിൽക്കുന്ന യേശുവിനായി ഹൃദയം ഇപ്പോൾ തുറക്കുക. പാപത്തോടും പഴയ ജീവിതത്തോടും യാത്ര പറയുക. ഒരു പുതിയ ജീവിതം ഇന്നു മുതൽ എന്ന് തീരുമാനിക്കുക. യേശുവേ, എൻെറ ഹൃദയത്തിലേക്ക് വരണമേ എന്ന് പ്രാർത്ഥിക്കുക. ദിവ്യ സമാധാനം നിറപടിയായി അനുഭവിക്കുക.

നമുക്ക് പ്രാർത്ഥിക്കാം : കരുണയുള്ള കർത്താവേ, ഇന്നു തന്ന സ്വർഗ്ഗീയ ദൂതിനായി സ്തോത്രം. ദൈവപ്രസാദമുള്ള മനുഷ്യർക്ക് ലഭിക്കുന്ന സമാധാനം എനിക്കും തരേണമേ. മരണത്തോളം ദൈവപ്രസാദത്തിലും സ്വർഗ്ഗീയ സമാധാനത്തിലും വസിപ്പാൻ ഭാഗ്യം തരേണമേ. യേശുവിൻെറ നാമത്തിൽ പ്രാർത്ഥിക്കുന്നു. കേൾക്കണമേ. ആമ്മീൻ.

★ ★ ★

## റേഡിയോ പ്രഭാഷണം - 10

*''ഇതാ, ഞാൻ സകലവും പുതുതാക്കുന്നു.'' വെളി. 21:5*

''ഈ ലോകത്തിന് അനുരൂപമാകാതെ നൻമയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.'' റോമർ 12:2.

1997 നമ്മെ വിട്ട് പോവുകയാണ്. 1998 നമ്മുടെ അരികിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. പുതുവർഷത്തിൻെറ പുതുപ്പുലരിയിലേക്ക് പ്രവേശിക്കാറായിരിക്കുന്ന നമുക്ക് ഇന്ന് സകലവും പുതുതാക്കുന്ന ക്രിസ്തുവിനെക്കുറിച്ച് ചിന്തിക്കാം. ഈ പുതുക്കത്തിൻെറ അനുഭവത്തിൽ നമുക്ക് പുതുവത്സരത്തിലേക്ക് കടക്കാം.

''ഇതാ, ഞാൻ സകലവും പുതുതാക്കുന്നു.'' വെളി. 21:5.

''ഈ ലോകത്തിന് അനുരൂപമാകാതെ നൻമയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെ ടുവിൻ.'' റോമർ 12:2.

ഡോ. നോർമൻറ് വിൻസൻറ് പീൽ എഴുതിയ സുപ്ര സിദ്ധ ഗ്രന്ഥമാണ് 'The power of positive thinking'. അതിൽ പറയുന്ന ഒരു സംഭവം വളരെ മനോഹരമാണ്. ഒരു രോഗി ഒരിക്കൽ ഡോക്ടറെ കണ്ടു : ''എനിക്ക് ഒരു സുഖവുമില്ല. ശരീരത്തിൽ ഇന്നയിടത്തു വേദനയെന്ന് പറയാനില്ല; മാറി മാറി വേദനയാണ്. ഒരു സ്വസ്ഥതയുമില്ല. അനേകം ഡോക്ടർമാരെ കണ്ടു. ഒട്ടേറെ മരുന്ന് കഴിച്ചു. ഒരു ഭേദവു മില്ല. ഡോക്ടർ എന്നെ ഒന്ന് നന്നായി നോക്കണം'', എന്നി ങ്ങനെ പറഞ്ഞു. ഡോക്ടർ പല പരിശോധനകളും നടത്തി യതിനുശേഷം മരുന്ന് കുറിച്ചു കൊടുത്തു.

''നിങ്ങൾക്ക് ഈ ഒരൊറ്റ ചികിത്സകൊണ്ട് എല്ലാ രോഗവും മാറും. ഭയപ്പെടേണ്ട. ഈ ചികിത്സ മാത്രം മതി'' എന്നു ഡോക്ടർ പറഞ്ഞു. രോഗി അത്യാഹ്ലാദത്തോടെ മരു ന്നുകടയിൽ ചെന്ന് ഈ കുറിമാനം – Prescription – കൊടുത്തു. ''ഇതിവിടെയില്ല, വേറെ കടയിൽ നോക്കൂ'' എന്നാണവിടെ പറഞ്ഞത്. അടുത്ത കടയിൽ പറഞ്ഞു : ''ഇതെന്തു മരുന്നാണെന്ന് മനസ്സിലാകുന്നില്ലല്ലോ. നിങ്ങൾ മറ്റെവിടെയെങ്കിലും നോക്കൂ.''

എല്ലാ മരുന്നും കിട്ടുന്ന സുപ്രസിദ്ധമായ ഒരു മരു ന്നുകടയിലെത്തി അയാൾ ആ Prescription കൊടുത്തു. മരു ന്നുകടയിലെ മാനേജർ അയാളെ വിളിച്ചു. ''ഇരിക്കൂ.''

ഇരുന്നു. അയാൾ പറഞ്ഞു : നിങ്ങൾക്ക് ഡോക്ടർ കുറിച്ചിരിക്കുന്നത് ഒരു വിശേഷപ്പെട്ട ചികിത്സയാണ്. ആ മരുന്ന് എന്താണെന്നോ? റോമർ 12:2. അദ്ദേഹം ബൈബിൾ എടുത്ത് വായിച്ചു.

''ഈ ലോകത്തിന് അനുരൂപമാകാതെ നൻമയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ.''

അദ്ദേഹത്തെ പരിശോധിച്ച ഡോക്ടർക്ക് മനസ്സിലായി അദ്ദേഹം മനസ്സു പുതുക്കി രൂപാന്തരപ്പെടുന്നതോടുകൂടി അദ്ദേഹത്തിൻെറ രോഗങ്ങളെല്ലാം മാറുമെന്ന്. മാന്യ സ്നേഹിതാ, സകലവും പുതുതാക്കുന്ന ക്രിസ്തു താങ്കളെ പുതുതാക്കുവാൻ താങ്കളുടെ ജീവിതം ക്രിസ്തുവിൻെറ കരങ്ങളിലേക്ക് ഇപ്പോൾ ഏല്പിച്ചു കൊടുക്കാമോ? കാൽവറി ക്രൂശിൽ മരിച്ച ക്രിസ്തു ഇന്നും ജീവിക്കുന്നത് താങ്കളെ പുതുതാക്കുവാനാണെന്ന് താങ്കൾ വിശ്വസിക്കുമോ?

ഒന്നാമതായി, ക്രിസ്തു മനുഷ്യനെ രൂപാന്തരപ്പെടുത്തുമ്പോൾ അവൻ ഒരു പുതിയ മനുഷ്യനായിത്തീരുന്നു. തിരുവചനം പറയുന്നു :

''മുമ്പിലത്തെ നടപ്പു സംബന്ധിച്ച് ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെ ഉള്ളിലെ ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിൻെറ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതു മനുഷ്യനെ ധരിച്ചുകൊൾവിൻ.'' എഫെസ്യർ 4:22-24.

ക്രിസ്തു ഒരാളിൽ വസിക്കുമ്പോൾ പുതിയ ഒരു വ്യക്തിയായിത്തീരുകയാണ്. പഴയ കോപിഷ്ഠനും നിഷ്ഠുരനുമായ മനുഷ്യൻ കുഞ്ഞാടിനെപ്പോലെ ശാന്തസ്വഭാവിയായിത്തീരുകയാണ്. മദ്യപിച്ച് ലക്കുകെട്ടുവന്ന് ഭാര്യയെയും മക്കളെയും നിഷ്ക്കരുണം തല്ലിക്കൊണ്ടിരുന്ന മനുഷ്യൻ ഭാര്യയും മക്കളും ഒരുമിച്ച് പാട്ടുപാടി ദൈവത്തെ സ്തുതിക്കുന്ന പുതിയ മനുഷ്യനായിത്തീരുകയാണ്. പണത്തിനുവേണ്ടി എന്തു വൃത്തികേടും ചെയ്യുവാൻ മടിയില്ലാത്ത മനുഷ്യൻ ക്രിസ്തുവിനെ ഹൃദയത്തിൽ കൈക്കൊണ്ടതിനുശേഷം സൗമ്യനും സ്നേഹവാനും ശാന്തനുമായിത്തീരുകയാണ്.

കൊള്ളത്തലവനായ ജംബുലിംഗ നാടാർ തമിഴ്നാടിന്റെ തെക്കൻപ്രദേശങ്ങളെ കിടിലം കൊള്ളിച്ചുകൊണ്ടിരുന്ന കൊള്ളത്തലവൻ ആയിരുന്നു. കവർച്ചയും കൊലപാതകവും ബലാത്സംഗവും ചെയ്ത് നാടിനെ നടുക്കി ജീവിച്ച മനുഷ്യൻ എമികാർ മൈക്കൾ മദാമ്മയുടെ വായിൽനിന്ന് ദൈവവചനം കേട്ടു മാനസാന്തരപ്പെട്ടു. ഒരു പുതിയ മനുഷ്യനായി. അതേ, സകലവും പുതുതാക്കുന്ന ക്രിസ്തു മനുഷ്യനെ രൂപാന്തരപ്പെടുത്തി പുതിയ മനുഷ്യനാക്കുന്നു.

രണ്ടാമതായി, ക്രിസ്തു മനുഷ്യനെ പുതിയ സൃഷ്ടിയാക്കുന്നു. ''ഒരുത്തൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു; പഴയത് കഴിഞ്ഞുപോയി; ഇതാ, അത് പുതുതായി തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ.'' 2 കൊരിന്ത്യർ 5:17.

മനുഷ്യന്റെ പാപമോചനത്തിനുവേണ്ടി ക്രൂശിൽ മരിച്ച ക്രിസ്തു ക്രൂശിൻമേൽ കിടക്കുമ്പോൾ അനുതപിച്ച

കള്ളനെ പുതിയ സൃഷ്ടിയാക്കി. വ്യഭിചാരജീവിതം മൂലം ഏഴു ഭൂതങ്ങൾ ഹൃദയത്തിൽ പ്രവേശിച്ചിരുന്ന മഗ്ദലനമറിയാമിനെ ക്രിസ്തുവിനെ സ്നേഹിക്കുന്ന പുതിയ സൃഷ്ടിയാക്കി. ചഞ്ചലഹൃദയനും എടുത്തുചാട്ടക്കാരനും ധൃതഗതിക്കാരനും ഭീരുവുമായിരുന്ന ശീമോൻ പത്രോസിനെ പാറപോലെ ഉറപ്പുള്ള ഒരു പുതിയ സൃഷ്ടിയാക്കി. സംശയാലുവും അവിശ്വാസിയുമായിരുന്ന തോമസിനെ വിശ്വാസവീരനും രക്തസാക്ഷിയുമായ ഒരു പുതിയ സൃഷ്ടിയാക്കി. ദൂഷകനും ഉപദ്രവിയും നിഷ്ഠുരനുമായ ശൗലിനെ ഒന്നാം നൂറ്റാണ്ടിലെ ഏഷ്യയെയും യൂറോപ്പിനെയും സുവിശേഷം കൊണ്ട് ഇളക്കിമറിക്കുന്ന സുവിശേഷകനായ പൗലോസാക്കി മാറ്റി. ''ഒരുത്തൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു.''

സകലവും പുതുതാക്കുന്ന ക്രിസ്തു, മൂന്നാമതായി, പുതിയ ഹൃദയം നൽകുന്നു. ''ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയം തരും. പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും. കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്ന് നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും.'' യെഹസ്ക്കേൽ 36:26.

ഹൃദയം മാറ്റിവെയ്ക്കുന്ന ശസ്ത്രക്രിയ വിജയകരമായി നിർവ്വഹിക്കാൻ വൈദ്യശാസ്ത്രത്തിന് കഴിയും. എന്നാൽ പുതിയ ഹൃദയം തരാൻ ക്രിസ്തുവിന് മാത്രമേ കഴിയൂ. മനുഷ്യനെ ദൈവത്തിന്റെ മനസ്സുള്ളവരാക്കാൻ പരിശുദ്ധാത്മാവിനു മാത്രമേ കഴിയൂ. ദാവീദിനെക്കുറിച്ച് ദൈവം സാക്ഷിക്കുന്നത് അവൻ എന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്നാണ്. “A man after my own heart” – അപ്പോസ്തല പ്രവൃത്തികൾ 13:22.

ദുഷ്ടതയും പകയും വിദ്വേഷവും പ്രതികാരചി ന്തയും കാമഭ്രാന്തും ലൈംഗികമോഹങ്ങളും നിറഞ്ഞുനിന്ന മനുഷ്യഹൃദയം മാറ്റി ഒരു പുതിയ ഹൃദയം മനുഷ്യനിലുള വാക്കുന്നതാണ് ക്രിസ്തുവിൻെറ ഏറ്റവും വലിയ അത്ഭുതം. അതാണ് ക്രിസ്തുവിൻെറ ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്തിൻെറ അപ്രമേയ ശക്തി.

നാലാമതായി, പുതിയ വഴി. ''അതുകൊണ്ട് സഹോ ദരൻമാരെ, യേശു തൻെറ ദേഹം എന്ന തിരശ്ശീലയിൽക്കൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴി.'' എബ്രായർ 10:19. ഇതുവരെ നടന്ന പാപത്തിൻെറ വഴികളല്ല; ഇതാ, ഒരു പുതിയ വഴി. ദുഷ്പരിചയങ്ങളുടെയും ദുശ്ശീലങ്ങളു ടെയും ദുർന്നടപ്പിൻെറയും പഴയ വഴിയോട് യാത്ര പറഞ്ഞു. ഒരു പുതിയ വഴിയിൽകൂടിയുള്ള യാത്ര.

ബാല്യത്തിലേ അപ്പൻ മരിച്ചുപോയ ഒരാളായിരുന്നു അഗസ്റ്റിൻ. വെറിയനും ദുർമ്മാർഗ്ഗിയുമായി ജീവിച്ചു. ഹീനജീവിതം നയിക്കുന്ന ഒരു സ്ത്രീയുമായി വേഴ്ചയി ലായി. എന്നാൽ അഗസ്റ്റിൻെറ അമ്മയുടെ പ്രാർത്ഥന ആ യുവാവിൻെറ മനം തിരിച്ചു. ആ അശുദ്ധ ജീവിതം അവൻ ഉപേക്ഷിച്ചു. ഒരു പ്രശാന്ത മോഹനവും സംശുദ്ധവുമായ ജീവിതം അവൻ ആരംഭിച്ചു.

ഒരിക്കൽ ആ കൊള്ളരുതാത്ത സ്ത്രീയെ അവൻ കാണാനിടയായി. ഒരു പരിചയവുമില്ലാത്തതുപോലെ അവൻ നിന്നു.

അവൾ പറഞ്ഞു : ''ഇതു ഞാനാണ്. നീയെന്നെ അറി യില്ലേ?''

''ഇത് ഞാനല്ല; നിൻെറകൂടെ ജീവിച്ച അഗസ്റ്റിൻ മരിച്ചുപോയി. ഞാനൊരു പുതിയ മനുഷ്യനാണ്. പഴയ വഴികളോടു ഞാൻ യാത്ര പറഞ്ഞു. ഞാനിന്ന് ഒരു പുതിയ വഴിയേ സഞ്ചരിക്കുകയാണ്.''

മാന്യ സ്നേഹിതാ, ഒരു പുതിയ വഴിയേ സഞ്ച രിക്കാൻ താങ്കൾക്ക് താൽപര്യമുണ്ടോ?

അഞ്ചാമതായി, പുതിയ കല്പന. ''നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന് പുതിയൊരു കല്പന ഞാൻ നിങ്ങൾക്ക് തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നുതന്നെ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എൻെറ ശിഷ്യൻമാർ എന്ന് എല്ലാവരും അറിയും'', എന്ന് ക്രിസ്തു പറയുന്നു. ''താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേ ഹിക്കാത്തത് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴി യുന്നതല്ല.'' 1 യോഹന്നാൻ 4:20. മനുഷ്യജീവിതത്തിൻെറ ഐശ്വര്യത്തിൻെറയും സ്വസ്ഥതയുടെയും അടിസ്ഥാനം സ്നേഹമത്രേ. ഭിന്നിച്ചിരിക്കുന്നവർ ഒന്നിക്കും, ക്രിസ്തു ഹൃദയത്തിൽ വരുമ്പോൾ. ക്രിസ്തു ഭവനത്തിൽ വരുമ്പോൾ പരസ്പര സ്നേഹംകൊണ്ട് ഭവനാന്തരീക്ഷം ശോഭനമാകും.

ആറാമതായി, പുതിയ നഗരം. ''പുതിയ യരുശലേം എന്ന വിശുദ്ധ നഗരം ഭർത്താവിനായി അലങ്കരിച്ചിരി ക്കുന്ന മണവാട്ടിയെപ്പോലെ ഒരുങ്ങി, സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്നുതന്നെ ഇറങ്ങുന്നത് ഞാൻ കണ്ടു.'' വെളി. 21:2. നിത്യയുഗത്തിലെ നിത്യവിശുദ്ധ നഗരം. ഭൂമിയിലെ ഈ ആയുഷ്ക്കാലത്ത് ക്രിസ്തുവിനെ കൈക്കൊള്ളുന്നവർക്കുള്ള ഭാഗ്യത്തികവാണ് പുതിയ യരു ശലേം എന്ന നിത്യവിശുദ്ധ നഗരം.

ഏഴാമതായി, പുതിയ ആകാശവും പുതിയ ഭൂമിയും. ‘‘ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴി ഞ്ഞുപോയി.’’ വെളിപാട് 21:1.

‘‘ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു.’’ യെശയ്യാ 65:17.

‘‘ഇപ്പോഴത്തെ ആകാശവും ഭൂമിയും തീയ്ക്കായി സൂക്ഷിച്ചിരിക്കുന്നു. ആകാശം കൊട്ടുമ്മുഴക്കത്തോടെ ഒഴി ഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും.’’ 2 പത്രോസ് 3:7-10.

ബഹുമാന്യ സ്നേഹിതാ, നിത്യ സ്വർഗ്ഗീയ തീര ത്തെത്താൻ താങ്കൾ ഒരുങ്ങിയോ? പഴയതിനോട് യാത്ര പറ ഞ്ഞുവോ? പുതിയ മനുഷ്യൻ, പുതിയ സൃഷ്ടി, പുതിയ ഹൃദയം, പുതിയ വഴി, പുതിയ കല്പന, പുതിയ നഗരം, പുതിയ ആകാശവും പുതിയ ഭൂമിയും. ക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ക്രിസ്തു സകലവും പുതു താക്കുന്നവൻ എന്ന് താങ്കൾ അനുഭവിച്ചുവോ? എങ്കിൽ നമുക്ക് പ്രാർത്ഥിക്കാം. ജീവനുള്ള ദൈവമേ, അവിടുന്ന് ഇന്ന് തന്ന വചനങ്ങൾക്കായി സ്തോത്രം. ഈ വചനം കേട്ട എല്ലാവരെയും അനുഗ്രഹിക്കണമേ. യേശുവിൻെറ നാമ ത്തിൽതന്നേ. ആമ്മീൻ.

★★★

## റേഡിയോ പ്രഭാഷണം - 11

*''ഏറ്റവും പ്രിയ പുരുഷാ, ഭയപ്പെടേണ്ട; നിനക്കു സമാധാനം. ബലപ്പെട്ടിരിക്ക; ബലപ്പെട്ടിരിക്ക.'' ദാനി. 10:19.*

കടുത്ത ദുഃഖത്തിലും കൊടിയ യാതനയിലും ആയിരുന്നു ദാനിയേൽ പ്രവാചകൻ. തളർന്നും തകർന്നും വിവശനായി ദൈവപുരുഷൻ ഇരിക്കുകയായിരുന്നു. മുഖശോഭ ക്ഷയിച്ചും ബലമില്ലാതെയും ദാനിയേൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു ദിവ്യസ്വരം ദൈവപൈതലിനെ തൊട്ടുണർത്തി. കരുണയുള്ള ദൈവം വാത്സല്യവായ്പോടെ ദാനിയേലിനോട് പറഞ്ഞു : ''ഏറ്റവും പ്രിയ പുരുഷാ, ഭയപ്പെടേണ്ട; നിനക്കു സമാധാനം. ബലപ്പെട്ടിരിക്ക; ബലപ്പെട്ടിരിക്ക.'' ദാനിയേൽ 10:19.

നിത്യനായ ദൈവം ദാനിയേലിനെ വിളിച്ചത് 'ഏറ്റവും പ്രിയ പുരുഷാ' എന്നാണ്. ദൈവം നോഹയെ 'ഈ തലമുറയിലെ നീതിമാൻ' എന്നു വിളിച്ചു. ദൈവം അബ്രാ

ഹാമിനെ 'എൻെറ സ്നേഹിതൻ' എന്നു വിളിച്ചു. ദൈവം മോശയെ 'ഏറ്റവും വിശ്വസ്ത പുരുഷൻ' എന്നു വിളിച്ചു. ദൈവം ദാവീദിനെ 'എൻെറ ഹൃദയപ്രകാരമുള്ള പുരുഷൻ' എന്നു വിളിച്ചു.

പ്രിയ സഹോദരാ, ഹൃദയം കാണുന്ന ദൈവം താങ്കളെ ഇപ്പോൾ എങ്ങനെ വിളിക്കും. 'നല്ലവനും വിശ്വസ്തനുമായ ദാസനേ' എന്ന് വിളിക്കുമോ? ''ഇവൻ സാക്ഷാൽ യിസ്രായേല്യൻ, ഇവനിൽ കപടമില്ലാ''യെന്ന് സാക്ഷിക്കുമോ? അതോ, 'ദുഷ്ടനും മടിയനുമായ ദാസനേ' എന്ന് വിളിക്കുമോ? ദൈവത്തിൻെറ ഏറ്റവും പ്രിയ പുരുഷനാകാൻ താങ്കൾക്ക് ആഗ്രഹമുണ്ടോ? ദാനിയേൽ ദൈവത്തിൻെറ പ്രിയ പുരുഷനായതിന് അനേകം കാരണങ്ങളുണ്ട്.

ഒന്നാമതായി, ''യാതൊരു കാരണവശാലും തന്നത്താൻ അശുദ്ധമാക്കുകയില്ലെന്ന് ദാനിയേൽ ഹൃദയത്തിൽ നിശ്ചയിച്ചു.'' ദാനിയേൽ 1:8. അശുദ്ധമായ സാഹചര്യത്തിലായിരുന്നു അന്ന് ദാനിയേൽ ജീവിച്ചിരുന്നത്. സ്വന്തം നാട്ടിൽനിന്നും അകന്ന്, ദൂരെ ദൂരെ, അന്യദേശത്ത് പാർക്കുകയായിരുന്നു. യരുശലേമിൽനിന്ന് ബാബേലിലേക്ക് അടിമയാക്കിക്കൊണ്ടുപോയ ഒരു യുവാവായിരുന്നു ദാനിയേൽ. സ്വന്തക്കാരിൽനിന്നകന്ന് ജീവിക്കുന്ന കാലം. എങ്ങനെ വേണമെങ്കിലും ജീവിക്കാൻ പ്രലോഭനം നൽകുന്ന യൗവനത്തിൻെറ ചോരക്കൊഴുപ്പുള്ള പ്രായം. ആരും അറിയില്ല. ആരും കാണുകയില്ല.

പക്ഷേ ദാനിയേലിന് ഒരു കാര്യം നിശ്ചയമുണ്ടായിരുന്നു. മനുഷ്യരാരും അറിഞ്ഞില്ലെങ്കിലും എല്ലാം അറി

യുന്ന ഒരു ദൈവമുണ്ട്. മനുഷ്യരാരും കണ്ടില്ലെങ്കിലും എല്ലാം കാണുന്ന ഒരു ദൈവമുണ്ട്. ആ ദൈവത്തെ ദുഃഖിപ്പിക്കുകയില്ലെന്ന് ദാനിയേൽ നിശ്ചയിച്ചു. മാന്യ സ്നേഹിതാ, താങ്കൾ അപ്രകാരം ഒരു തീരുമാനമെടുക്കുന്നുവോ? ദാനിയേലിൻെറ ജീവിതത്തിലെ ഒന്നാമത്തെ സവിശേഷത ദാനിയേലിൻെറ – Decision – തീരുമാനം.

രണ്ടാമതായി, ദാനിയേലിൻെറ ജീവിതത്തിൽ നാം കാണുന്നത് ദാനിയേലിന് ലഭിച്ച അഭിവൃദ്ധി. Promotion എന്ന് ഞാൻ അതിനെ വിളിക്കട്ടെ. ദാനിയേൽ ആറാം അദ്ധ്യായം ഒന്നും രണ്ടും വാകൃങ്ങൾ വായിക്കുമ്പോൾ നാമത് കാണുന്നു. അന്ന് ദാര്യാവേശ് രാജാവിൻെറ - ഡേറിയസ് ചക്രവർത്തിയുടെ - പേർഷ്യൻ സാമ്രാജ്യത്തിൽ നൂറ്റിയിരുപത് സംസ്ഥാനങ്ങളുണ്ടായിരുന്നു. ഓരോ സംസ്ഥാനത്തിനും ഓരോ ഗവർണർമ്മാർ ഉണ്ടായിരുന്നു. ഈ നൂറ്റിയിരുപത് ഗവർണർമാരുടെ മീതെ മൂന്ന് പ്രസിഡണ്ടുമാർ ഉണ്ടായിരുന്നു. ഈ മൂവരിൽ ദാനിയേൽ ഒരുവനായിരുന്നു എന്നാണ് മലയാള വേദപുസ്തകത്തിൽ നാം വായിക്കുന്നത്. 'Daniel was first among the three' എന്ന് ഇംഗ്ലീഷ് വേദപുസ്തകത്തിൽ നാം വായിക്കുന്നു.

എങ്ങനെയാണ് ഈ ഉയർച്ച ഉണ്ടായത്? തന്നത്താൻ അശുദ്ധമാക്കുകയില്ലെന്ന് ദാനിയേൽ നിശ്ചയിച്ചതും ആ നിശ്ചയം ദാനിയേൽ പാലിക്കുന്നതും ദൈവം കണ്ടുകൊണ്ടിരുന്നു. ദൈവം ആർക്കും കടക്കാരനായിരിക്കുകയില്ല. ദൈവത്തെ മാനിക്കുന്നവനെ ദൈവം മാനിക്കും. ജീവിത വിശുദ്ധി പാലിക്കുന്ന യൗവനക്കാരനെ ദൈവം പടിപടിയായി Promotion കൊടുത്ത് ഉയർത്തി. ''ഞാൻ നിന്നെ

വാലല്ല, തലയാക്കും'' എന്നത്രേ ദൈവം അരുളി ചെയ്യുന്നത്. പ്രിയ സ്നേഹിതാ, മാന്യ സഹോദരീ, ജീവനുള്ള ദൈവം മാനിക്കുന്ന ഒരു വിശുദ്ധ ജീവിതം നയിപ്പാൻ ആഗ്രഹ മുണ്ടോ? സകല കൃപയും കരുണയുള്ള യേശുനാഥൻ തരും.

മൂന്നാമതായി, ദൈവം ദാനിയേലിന് നൽകിയ Protection - സംരക്ഷണം. ദാനിയേലിൻെറ അഭിവൃദ്ധിയിൽ അനേകർ അസൂയാലുക്കളായി. അവർ ദാനിയേലിനെ ഒടുക്കാൻ പരിപാടിയിട്ടു. ദാനിയേലിനെ കെണിയിൽ വീഴിക്കാൻ അവർ ഗൂഢാലോചന ചെയ്തു. ആറാമദ്ധ്യാ യത്തിൽ തുടർന്ന് വായിക്കുന്നത് അസൂയാലുക്കളായ മനു ഷ്യരുടെ കുടിലതന്ത്രങ്ങളും കുത്സിത പ്രവൃത്തികളുമാണ്.

അടുത്ത മുപ്പത് ദിവസത്തേക്ക് ദാര്യാവേശ് രാജാവി നോടല്ലാതെ മറ്റാരോടെങ്കിലും പ്രാർത്ഥിക്കുന്നവനെ സിംഹ ഗുഹയിൽ ഇട്ടുകളയും എന്നൊരു വിളംബരം രാജാവിനെ ക്കൊണ്ട് അവർ പുറപ്പെടുവിച്ചു. ദാനിയേൽ ദൈവത്തോ ടുള്ള പ്രാർത്ഥന മുടക്കിയില്ല. തൻെറ മാളികയുടെ കിളി വാതിൽ യെരൂശലേമിനു നേരെ തുറന്നിട്ടുകൊണ്ട് താൻ മുമ്പെ ചെയ്തുവന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തൻെറ ദൈവത്തിൻെറ സന്നിധിയിൽ പ്രാർത്ഥിച്ച് സ്തോത്രം ചെയ്തു.

കെണി ഒരുക്കി കാത്തുനിന്നവർ ദാനിയേലിനെ സിംഹഗുഹയിൽ ഇടുവാൻ രാജാവിനെ നിർബന്ധിച്ചു. രാജാവ് നിർവ്വാഹമില്ലാതെ അവരുടെ നിർബന്ധത്തിന് വഴങ്ങി. അവർ ദാനിയേലിനെ സിംഹഗുഹയിലേക്ക് തള്ളി. പക്ഷേ അത്ഭുതം ! സിംഹങ്ങളുടെ വായ് ദൈവദൂതൻ അട

ച്ചുപിടിച്ചു. സിംഹങ്ങളെല്ലാം അനങ്ങാനാവാതെ നിന്നു. ഒരു രാത്രി മുഴുവൻ സിംഹങ്ങളുടെ ഗുഹയിൽ ദാനിയേൽ കഴിഞ്ഞു. അവൻ തൻെറ ദൈവത്തിൽ വിശ്വസിച്ചിരുന്ന തുകൊണ്ട് അവന് യാതൊരു കേടും പറ്റിയില്ല. ദാനിയേൽ 6:23. തന്നിൽ വിശ്വസ്തതയോടെ നില്ക്കുന്നവരെ ദൈവം രക്ഷിക്കും. Protection.

ദാവീദ് പാടി : ''യഹോവയുടെ ദൂതൻ തൻെറ ഭക്തൻമാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവി ക്കുന്നു.'' സങ്കീർത്തനം 34:7.

നാലാമതായി, ദാനിയേലിൻെറ Profession ഉദ്യോഗം - ജോലി. പേർഷ്യൻ സാമ്രാജ്യത്തിൻെറ പ്രസിഡണ്ടായി രുന്നു, ഔദ്യോഗികമായി ദാനിയേൽ. പക്ഷേ ജീവിത ത്തിൻെറ ഒന്നാമത്തെ മുൻഗണന ദൈവവേലയ്ക്കായി രുന്നു.

''ബുദ്ധിമാൻമാർ ആകാശമണ്ഡലത്തിൻെറ പ്രഭ പോലെയും പലരെയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷ ത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും.'' ദാനിയേൽ 12:3.

പലരെയും നീതിയിലേക്ക് തിരിക്കുന്നവനാണ് ബുദ്ധിമാൻ എന്ന് ദാനിയേൽ അറിഞ്ഞിരുന്നു. അനേകരെ നീതിയിലേക്കും വിശുദ്ധ ജീവിതത്തിലേക്കും തിരിക്കുന്ന തിന് തൻെറ ജീവിതം ദാനിയേൽ ഉഴിഞ്ഞുവെച്ചു.

ബഹുമാന്യ സുഹൃത്തേ, താങ്കളുടെ ജീവിതം ക്രിസ്തുവിൻെറ സുവിശേഷ വേലയ്ക്കുവേണ്ടി ചെലവ ഴിപ്പാൻ താങ്കൾക്ക് വാഞ്ഛയുണ്ടോ? ഒരായുസ്സല്ലേയുള്ളൂ.

പിന്നെ നന്നായി ജീവിപ്പാനും ക്രിസ്തുവിനുവേണ്ടി ചെലവായിപ്പോകാനും വേറൊരു ആയുസ്സില്ലല്ലൊ. C.T. Studd പറഞ്ഞതുപോലെ : “Just one life; it will soon, soon be past. That which is done for Christ will last.” ‘‘ഒരേ ഒരായുസ്സു മാത്രം. അതെത്ര വേഗം പറന്നുപോകും. ക്രിസ്തുവിനു വേണ്ടി ചെയ്യുന്നതുമാത്രം നിലനില്ക്കും.’’ മാന്യ സഹോദരീ, നിലനിൽക്കുന്ന ഉത്തമ സമ്പത്ത് ഇവിടെവെച്ച് നേടുവാൻ നിനക്ക് താല്പര്യമുണ്ടോ?

അഞ്ചാമതായി, ദാനിയേലിൻെറ Possession. ദാനിയേലിൻെറ സ്വത്ത്. ‘‘നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിൻെറ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരും.’’ ദാനിയേൽ 12:13.

കാലാവസാനത്തിങ്കൽ ലഭിക്കുന്ന ഒരോഹരിയുണ്ട്. ഒരു Share ഉണ്ട്. അപ്പൻെറ സ്വത്തിൻെറ ഓഹരി മക്കൾക്ക് കിട്ടുമല്ലോ. ഇപ്പോൾ മകനേ, മരണമാകുന്ന അന്തിമ വിശ്രമത്തിലേക്ക് നീ പൊയ്ക്കൊള്ളുക. നിൻെറ ഐഹിക ജീവിതകാലത്ത് നീ ജീവിച്ചതും പ്രവർത്തിച്ചതുമൊന്നും ഞാൻ മറന്നുകളകയില്ല. ക്രിസ്തു നിനക്ക് പ്രതിഫലം തരും.

‘‘കൂലി അവൻെറ പക്കലും, പ്രതിഫലം അവൻെറ കൈയിലും ഉണ്ട്.’’ യെശയ്യാവ് 62:11.

‘‘ഓരോരുത്തനും അവൻെറ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എൻെറ പക്കലുണ്ട്.’’ വെളിപാട് 22:12.

ആ സ്വർഗ്ഗീയ ഓഹരിയാകുന്ന നിത്യജീവൻ പ്രാപിപ്പാൻ അന്ന് പൊടിയിൽ നിദ്രകൊള്ളുന്നവർ ഉയിർ ത്തെഴുന്നേൽക്കും. സ്നേഹിതാ, വിശുദ്ധൻമാരുടെകൂടെ ഉയിർത്തെഴുന്നേറ്റ് അവരുടെ നിരയിൽ നിൽക്കുമെന്നുള്ള ഉറപ്പ് താങ്കൾ പ്രാപിച്ചുവോ.

''കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതൻെറ ശബ്ദത്തോടും ദൈവത്തിൻെറ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും.'' 1 തെസ്സലോനിക്യർ 4:16-17.

ഒരു മനുഷ്യന് നേടാവുന്ന ഏറ്റവും വലിയ ഭാഗ്യം ക്രിസ്തുവിൻെറ രാജ്യത്തിൽ അവനോടൊരുമിച്ച് വാഴുക എന്നതാണ്. ആ സ്വർഗ്ഗീയ ഓഹരിയുടെ Possession പ്രാപിക്കാൻ ഒരുങ്ങുന്ന കാലമാണ് ഭൗതീക ജീവിതകാലം.

Decision, Promotion, Protection, Profession, Possession. 'ഏറ്റവും പ്രിയ പുരുഷാ' എന്ന വിളിക്ക് സ്നേഹിതാ, താങ്കൾ അർഹനാകുമോ? ക്രിസ്തുവിൻെറ രക്തത്താലുള്ള പാപമോചനവും ആന്തരിക സമാധാനവും താങ്കൾ പ്രാപിച്ചുവോ? ഈ നിമിഷംതന്നെ ജീവിതം ക്രിസ്തുവിൻെറ കാൽക്കൽ അർപ്പിക്കുക. ക്രിസ്തുവിനോട് ഉടമ്പടി ചെയ്യുക. യേശുവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും. എങ്കിൽ നമുക്ക് പ്രാർത്ഥിക്കാം.

ഞങ്ങളെ സ്നേഹിക്കുന്ന കരുണാമയനായ യേശുവേ, അവിടത്തെ സ്നേഹസന്ദേശത്തിനായി സ്തോത്രം. അവിടത്തെ സ്വർഗ്ഗീയാഹ്വാനത്തിനായി സ്തോത്രം. അവിടത്തെ ആണിപ്പാടുള്ള കരം എൻെറ ശിരസ്സിൽ വയ്ക്കേണമേ. അവിടത്തെ ക്രൂശിലെ രക്ഷ അനുഭവമാക്കാൻ എന്നെ സഹായിക്കണമേ. യേശുവിൻ നാമത്തിൽതന്നേ ആമ്മീൻ.

★ ★ ★

## റേഡിയോ പ്രഭാഷണം - 12

*''യഹോവയോട് ഞാൻ പറഞ്ഞുപോയി;*
*എനിക്ക് പിൻമാറിക്കൂടാ.'' ന്യായാധിപൻമാർ 11:25.*

ദാനിയേൽ ദൈവസന്നിധിയിൽ ഒരു തീരുമാനം എടുത്തതിനെക്കുറിച്ച് നാം ചിന്തിച്ചുവല്ലോ. യാതൊരു കാരണവശാലും ഞാൻ എന്നെത്തന്നെ അശുദ്ധമാക്കുകയി ല്ലെന്ന് ദാനിയേൽ ഹൃദയത്തിൽ നിശ്ചയിച്ചു. ആ തീരുമാനം ദാനിയേൽ പാലിച്ചതുകൊണ്ട് ദാനിയേലിന് ഇഹലോ കത്തിൽ എല്ലാവിധത്തിലുള്ള സംരക്ഷണവും അഭി വൃദ്ധിയും ലഭിച്ചു എന്നു മാത്രമല്ല നിത്യരാജ്യത്തിൽ ഒരു ഓഹരി ലഭിക്കുമെന്നുള്ള ദൈവ വാഗ്ദത്തവും ലഭിച്ചു.

ന്യായാധിപൻമാരുടെ പുസ്തകത്തിൽ യിഫ്താഹ് എന്നൊരാളെക്കുറിച്ച് നാം വായിക്കുന്നു. യിഫ്താഹ് ദൈവസന്നിധിയിൽ ചില ഉടമ്പടികളും തീരുമാനങ്ങളും എടുത്ത ദൈവപൈതലായിരുന്നു. യിഫ്താഹ് ഒരവസ

രത്തിൽ പറഞ്ഞ വാക്ക് തലമുറകൾ തലമുറകളായി അനേകരെ സ്വാധീനിക്കുകയും വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു :

''യഹോവയോട് ഞാൻ പറഞ്ഞുപോയി; എനിക്ക് പിൻമാറിക്കൂടാ.'' ന്യായാധിപൻമാർ 11:25.

യിഫ്താഹിന്റെ ജീവിതത്തിലെ ഒന്നാമത്തെ കാര്യം യിഫ്താഹ് വേശ്യാപുത്രനായിരുന്നു എന്നതാണ്. യിഫ്താഹ് പരാക്രമശാലി എങ്കിലും വേശ്യാപുത്രനായിരുന്നു. ന്യായാധിപൻമാർ 11:1. ജൻമത്തിൽത്തന്നെ കളങ്കം പറ്റിയ ഒരു ജീവിതമായിരുന്നു യിഫ്താഹിന്റേത്. ആർക്കും ബഹുമാനം തോന്നാത്ത ഒരു ജീവിതം. പിഴപറ്റിയ ഒരു പഴയ കാലം. അപമാനഭാരം പേറി ജീവിക്കേണ്ടിവന്ന ഒരു ദയനീയ കാലഘട്ടം. ഒരിക്കലും തിരുത്താനാവാത്ത പിഴവുകൾ പറ്റിയ ഒരു ഭൂതകാലം.

സ്നേഹിതാ, താങ്കൾക്ക് ലജ്ജാകരമായ ഒരു കാലത്തെക്കുറിച്ച് ഇന്ന് ഓർമ്മയുണ്ടോ? സകലരും പുച്ഛിക്കുകയും നിന്ദിക്കുകയും തുച്ഛീകരിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്ത ഒരു കാലം ഇന്ന് ഓർമ്മയുണ്ടോ?

യിഫ്താഹിന്റെ ജീവിതത്തിലെ ഈ അവഗണിക്കപ്പെട്ട കാലം ഒരു കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നു : ''യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്ത കാലം'' എന്ന് പൗലോസ് പറയുന്നുണ്ടല്ലോ.

''അക്കാലത്ത് നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോട് സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും പ്രത്യാശയില്ലാ

ത്തവരും ലോകത്തിൽ ദൈവം ഇല്ലാത്തവരും ആയിരുന്നു എന്നോർത്തുകൊൾവിൻ.'' എഫെസ്യർ 2:12.

സ്നേഹിതാ, താങ്കളെ എവിടെനിന്നാണ് ദൈവം രക്ഷിച്ചത് എന്നറിയുന്നുണ്ടോ? ആഴമുള്ള കുഴിയിലും കുഴഞ്ഞ ചേറ്റിലും ആയിരുന്നു എന്നറിയാമോ? വെട്ടിയെടുത്ത പാറയേതെന്ന് അറിയാമോ? കുഴിച്ചെടുത്ത ഖനിഗർഭത്തിലേക്ക് ഒന്ന് തിരിഞ്ഞ് നോക്കുമോ?

യിഫ്താഹിൻെറ ജീവിതത്തിലെ രണ്ടാമത്തെ കാര്യം അവൻ നിസ്സാരൻമാരായ ആളുകളുമായി ചേർന്ന് സഞ്ചരിച്ചു. ന്യായാധിപൻമാർ 11:3. ചില ചീത്ത കൂട്ടുകെട്ടിൽപ്പെട്ട് ജീവിതം വഷളാക്കിക്കളഞ്ഞു. Birds of the same feather flock together എന്ന് ഒരു പഴഞ്ചൊല്ലുണ്ട്. ഒരേ തൂവലുള്ള പക്ഷികൾ ഒരുമിച്ച് കൂട്ടുകൂടും. നമ്മുടെ സ്നേഹിതൻമാർ ആരെന്നറിഞ്ഞാൽ നമ്മുടെ സ്വഭാവം അറിയാമെന്ന് ജ്ഞാനികൾ പറഞ്ഞിട്ടുണ്ട്.

പ്രിയ സ്നേഹിതാ, താങ്കൾ അശുദ്ധമായ കൂട്ടുകെട്ടിൽ പെട്ട് ജീവിതം വഴിതെറ്റിപ്പോവുകയാണോ? മുപ്പത്തൊന്നുകൊല്ലം കോളേജ് അദ്ധ്യാപകനായും ഒടുവിലത്തെ രണ്ടുവർഷം കോലഞ്ചേരി കോളേജിൻെറ പ്രിൻസിപ്പലായും പ്രവർത്തിച്ച എനിക്ക് എത്രയോ ചെറുപ്പക്കാർ കൂട്ടുകെട്ടു മൂലം തകർന്നു നശിക്കുന്നത് കാണാൻ കഴിഞ്ഞിട്ടുണ്ട്! നല്ല സ്വഭാവമുള്ള, നല്ല സാഹചര്യത്തിൽനിന്നും വന്ന എത്രയോ യുവാക്കൾ ചില അഴുക്കു പിടിച്ചു കൂട്ടുകെട്ടിൽ കുടുങ്ങി തിരുത്താനാവാത്ത കൊടും നാശത്തിൽ വീണു പോകുന്നത് ഞാൻ കണ്ടിട്ടുണ്ട് !

സ്നേഹിതാ, താങ്കൾ ഇന്ന് ആരുടെ കൂടെയാണ് നടക്കുന്നത്? ദൈവമക്കളാണോ താങ്കളുടെ പ്രിയ സുഹൃത്തുക്കൾ? ദൈവമക്കളുടെ സ്നേഹത്തിലും സംസർഗ്ഗത്തിലുമാണോ താങ്കൾ ഇന്നു ജീവിക്കുന്നത്?

''മകനേ, പാപികൾ നിന്നെ വശീകരിച്ചാൽ വഴിപ്പെട്ടുപോകരുത്.'' സദൃശ്യവാക്യങ്ങൾ 1:10.

''മകനേ, നീ അവരുടെ വഴിക്ക് പോകരുത്. നിൻെറ കാൽ അവരുടെ പാതയിൽ വെയ്ക്കുകയുമരുത്.'' സദൃശ്യവാക്യങ്ങൾ 1:15.

''നിസ്സാരൻമാരെ പിൻചെല്ലുന്നവനോ ബുദ്ധിഹീനൻ.'' സദൃശ്യവാക്യങ്ങൾ 12:11.

യിഫ്താഹിൻെറ ജീവിതത്തിലെ മൂന്നാമത്തെ കാര്യം ''യിഫ്താഹ് മിസ്പയിൽവെച്ച് യഹോവയുടെ സന്നിധിയിൽ തൻെറ കാര്യമെല്ലാം പ്രസ്താവിച്ചു. ന്യായാധിപൻമാർ 11:11. വേശ്യാപുത്രനായിരുന്നെങ്കിലും നിസ്സാരൻമാരുടെകൂടെ നടന്നെങ്കിലും ജീവിതത്തിൻെറ ഒരു പ്രത്യേക സമയം യിഫ്താഹ് ദൈവസന്നിധിയിലേക്ക് തിരിഞ്ഞു. ദൈവകരങ്ങളിലേക്ക് ജീവിതം അർപ്പിച്ചു. ജീവനുള്ള ദൈവത്തോട് ഉള്ളു തുറന്ന് സംസാരിച്ചു. തൻെറ കാര്യങ്ങളെല്ലാം ദൈവത്തോട് തുറന്ന് പറഞ്ഞു.

സ്നേഹിതാ, താങ്കൾ ജീവനുള്ള ക്രിസ്തുവിൻെറ പാദത്തിൽ വന്ന് എല്ലാം തുറന്ന് പറഞ്ഞിട്ടുണ്ടോ? തിരുവചനത്തിൽ ഹന്നാ എന്ന ദുഃഖിതയായ സ്ത്രീ നിരാശയുടെ

പാരമ്യത്തിൽ ദൈവസന്നിധിയിൽ വന്ന് ഹൃദയം പകർന്നു. അവൾ പറഞ്ഞു : ''യജമാനനേ, ഞാൻ മനോവ്യസനമുള്ളൊരു സ്ത്രീ. ഞാൻ വീഞ്ഞോ മദ്യമോ കുടിച്ചിട്ടില്ല; ഞാൻ എന്റെ ഹൃദയം ദൈവസന്നിധിയിൽ പകരുകയത്രേ ചെയ്തത്.'' 1 ശമുവേൽ 1:15.

''അവളുടെ മുഖം പിന്നെ വാടിയതുമില്ല.''

''ജനമേ എല്ലാക്കാലത്തും യഹോവയിൽ ആശ്രയിപ്പിൻ; നിങ്ങളുടെ ഹൃദയം അവന്റെ മുമ്പിൽ പകരുവിൻ.'' സങ്കീർത്തനം 62:8.

യിഫ്താഹിന്റെ ജീവിതത്തിലെ നാലാമത്തെ കാര്യം ''അപ്പോൾ യഹോവയുടെ ആത്മാവ് യിഫ്താഹിൻമേൽ വന്നു.'' ന്യായാധിപൻമാർ 11:29. ദൈവസന്നിധിയിൽ ഉള്ളു പകരുകയും ദൈവഹിതത്തിനായി ജീവിതം സമർപ്പിക്കുകയും ചെയ്യുന്ന ദൈവപൈതലിന്റെ മേൽ ദൈവാത്മാവ് വരും. ശിംശോന്റെ മേൽ ദൈവാത്മാവ് വന്നു എന്ന് നാം വായിക്കുന്നുണ്ട്. യെഹസ്ക്കേലിന്റെ മേൽ ദൈവാത്മാവ് വന്നു എന്ന് കാണുന്നുണ്ട്. പത്മോസിൽ യോഹന്നാൻ ആത്മവിവശനായി. അതേ, ദൈവത്തിനായി ജീവിതം വേർതിരിക്കുന്നവരുടെ മേൽ ദൈവാത്മാവ് വരും.

യിഫ്താഹിന്റെ ജീവിതത്തിലെ അഞ്ചാമത്തെ കാര്യം യിഫ്താഹ് യഹോവയ്ക്ക് ഒരു നേർച്ച നേർന്നു. ന്യായാധിപൻമാർ 11:30. ''ഞാൻ ശത്രുവിനെ ജയിച്ചുവരുമ്പോൾ എന്നെ എതിരേറ്റുവരുന്നത് ഞാൻ യഹോവയ്ക്ക്

ഹോമയാഗം അർപ്പിക്കും'' എന്ന് യിഫ്താഹ് പറഞ്ഞു. തനിക്ക് ഏറ്റവും പ്രിയപ്പെട്ടതിനെ യാഗമായി അർപ്പണം ചെയ്യുമെന്നാണ് യിഫ്താഹിൻെറ നേർച്ച. യിഫ്താഹിൻെറ ഉടമ്പടി.

സ്നേഹിതാ, ദൈവസന്നിധിയിൽ താങ്കൾ എന്തെങ്കിലും ഉടമ്പടികൾ പറഞ്ഞിട്ടുണ്ടോ? എൻെറ പതിനേഴാമത്തെ വയസ്സിൽ ഞാൻ ദൈവത്തോടു ഉടമ്പടി ചെയ്തു – നേർച്ച നേർന്നു. നാഥാ ഇന്നു മുതൽ ഞാൻ നിൻെറ വക. ഇന്നു മുതൽ ഞാൻ നിൻെറ അടിമ. എൻെറ മുപ്പത്താറാമത്തെ വയസ്സിൽ ഞാൻ ദൈവസന്നിധിയിൽ എൻെറ ഉടമ്പടിയെ പുതുക്കി. ദൈവമേ, ഞാൻ എന്നെയും എനിക്കുള്ളവയെയും സമ്പൂർണ്ണ യാഗമായി നിനക്ക് സമർപ്പിക്കുന്നു. കരുണയുള്ള ക്രിസ്തു ഇന്നയോളം എന്നെ ഐശ്വര്യമായി നടത്തി. ദൈവത്തിന് സ്തോത്രം.

യിഫ്താഹിൻെറ ജീവിതത്തിലെ ആറാമത്തെ കാര്യം ''യിഫ്താഹ് അമ്മോന്യരോട് യുദ്ധം ചെയ്‌വാൻ അവരുടെ നേരെ ചെന്നു. യഹോവ അവരെ അവൻെറ കൈയിൽ ഏല്പിച്ചു.'' ന്യായാധിപൻമാർ 11:32.

''നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും അന്ധകാരത്തിൻെറ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.''

''പാപത്തോട് പോരാടുന്നതിൽ നാം പ്രാണത്യാഗ

ത്തോളം എതിർത്തു നില്ക്കണം.''

''പിശാചിനോട് എതിർത്തു നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും.''

''യുദ്ധം യഹോവയ്ക്കുള്ളത്.''

സ്നേഹിതാ, പ്രിയ സഹോദരി, നീ പാപത്തോട് പോരാടി ജയം നേടുന്നുണ്ടോ? ദൈനംദിന ജീവിതത്തിൽ ജയം അനുഭവിക്കുന്നുണ്ടോ? ക്രിസ്തുവിനെ മുൻനിർത്തി നീ പാപത്തോട് പോരാടിയാൽ ക്രിസ്തു നിനക്കു ജയം തരും.

യിഫ്താഹിൻെറ ജീവിതത്തിലെ ഏഴാമത്തെ കാര്യം യിഫ്താഹിൻെറ ഉടമ്പടിയുടെ ദാർഢ്യം ആണ്. ''യഹോവ യോട് ഞാൻ പറഞ്ഞുപോയി; എനിക്ക് പിൻമാറിക്കൂടാ.'' ന്യായാധിപൻമാർ 11:35. യുദ്ധം കഴിഞ്ഞു വരുമ്പോൾ യിഫ്താഹിനെ എതിരേറ്റത് ഏക പുത്രിയായിരുന്നു. അവളെ ഹോമയാഗം കഴിച്ചേ മതിയാകൂ. അവളോട് പ്രിയപ്പെട്ട അപ്പൻ പറയുകയാണ് : ''യഹോവയോട് ഞാൻ പറഞ്ഞുപോയി; എനിക്ക് പിൻമാറിക്കൂടാ.'' നാം തുടർന്ന് വായിക്കുന്നത് അവൾ നിത്യകന്യകയായി ജീവിച്ചു. അവൾ വിവാഹിതയായില്ല എന്നാണ്. She said : “I will weep with my friends because i will never marry.” ന്യായാധിപൻമാർ 11:37. She wept because she would never marry. ന്യായാധിപൻമാർ 11:38.

ബഹുമാന്യ സഹോദരാ, പ്രിയ സഹോദരി, ഇന്ന് ക്രിസ്തുവിനോട് പറയുമോ, ഞാൻ കലപ്പയ്ക്ക് കൈവെച്ച

ശേഷം പുറകോട്ടു നോക്കുകയില്ല. ഞാൻ യഹോവയോട് പറഞ്ഞുപോയി; എനിക്കു പിൻമാറിക്കൂടാ. താങ്കൾ ചില തീരുമാനങ്ങൾ പറഞ്ഞത് താങ്കൾ മറന്നുപോയി; ദൈവം മറന്നിട്ടില്ല. ദൈവസന്നിധിയിൽ പറഞ്ഞ വാക്കുകളും ഉടമ്പടികളും പാലിക്കുമെന്ന് ഇന്ന് തീരുമാനിക്കുമോ? യോന മത്സ്യത്തിൻെറ വയറ്റിൽ കിടന്നുകൊണ്ട് തീരുമാനം ഉറപ്പിച്ചു പറഞ്ഞു : ''നേർന്നിരിക്കുന്നത് ഞാൻ കഴിക്കും.'' താങ്കളും അപ്രകാരം പറയുമോ? ക്രിസ്തുവിൻെറ മുറിവേറ്റ കരങ്ങളിലേക്ക് ഒരിക്കൽക്കൂടി ജീവിതം ഏല്പിക്കുമോ? താങ്കൾ ഉടമ്പടി പുതുക്കി ജീവിതം ക്രിസ്തുവിൻ പാദത്തിൽ പ്രതിഷ്ഠിക്കുമോ?

നമുക്ക് പ്രാർത്ഥിക്കാം. കരുണയുള്ള യേശുവേ, അവിടത്തെ കരുണയൂറുന്ന വചനങ്ങൾക്കായി സ്തോത്രം. എൻെറ എളിയ ജീവിതം ഞാനിതാ അവിടത്തെ ആണിപ്പഴുതുള്ള കരങ്ങളിലേക്ക് സമർപ്പിക്കുന്നു. എന്നെ തിരുരക്തത്താൽ ശുദ്ധീകരിക്കണമേ. എന്നെ വീണ്ടെടുക്കണമേ. എന്നെ നിൻെറ മകനും അവകാശിയുമാക്കണമേ. യേശുവിൻെറ നാമത്തിൽതന്നെ. ആമ്മീൻ.

★★★

## റേഡിയോ പ്രഭാഷണം - 13

*"മൂഢാ, ഈ രാത്രിയിൽ നിൻെറ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചത് ആർക്കാകും?"*
*ലൂക്കോസ് 12:20.*

മരണം ഒരു യാഥാർത്ഥ്യമാണ്. ഏതു മനുഷ്യനും മരണത്തെ നേരിട്ടേ പറ്റുകയുള്ളു. മരണത്തെ ഒഴിവാക്കാൻ ആദിമകാലം മുതൽ മനുഷ്യൻ കിണഞ്ഞു പരിശ്രമിച്ചിട്ടുണ്ട്. അതിൽ മനുഷ്യൻ പരാജയപ്പെട്ടിട്ടേയുള്ളു. മരണം ഒരു യാഥാർത്ഥ്യമായിരിക്കുന്നതുപോലെ നിത്യതയും ഒരു യാഥാർത്ഥ്യമാണ്. നിത്യത ഒന്നുകിൽ സ്വർഗ്ഗസൗഭാഗ്യം; അല്ലെങ്കിൽ നരകയാതന. ഇവയിൽ ഒന്നിനെ ഓരോ മനുഷ്യനും നേരിടും എന്നത് നിസ്സംശയമാണ്.

ക്രിസ്തു ഭൂമിയിൽ വന്ന് ക്രൂശിൽ മരിച്ചത് നിത്യനരകത്തിന് യോഗ്യനായ മനുഷ്യനെ നിത്യസ്വർഗ്ഗത്തിന് അവകാശിയാക്കാനാണ്. നിത്യനരകത്തിൽനിന്ന് മോചനം പ്രാപി

ക്കണമെങ്കിൽ മനുഷ്യൻ ക്രിസ്തുവിനെ സ്വന്തം കർത്താവും രക്ഷിതാവുമായി ഈ ഭൂമിയിൽവെച്ച് സ്വീക രിക്കുകയും ക്രിസ്തു വസിക്കുന്നതും ക്രിസ്തു പ്രസാദി ക്കുന്നതുമായ ഒരു ജീവിതം നയിക്കുകയും ചെയ്യണം. ക്രിസ്തുവിനെ സമ്പാദിക്കുന്നതിനെക്കുറിച്ച് ക്രിസ്തു പറ യുന്ന മറ്റൊരു പ്രയോഗമാണ് ''ദൈവവിഷയമായി സമ്പന്നനാകുക'' എന്ന്. ദൈവവിഷയമായി സമ്പന്നനാ കാത്ത ഒരു മനുഷ്യന്റെ മരണസമയത്ത് ക്രിസ്തു അവനോട് ചോദിക്കുകയാണ് :

''മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചത് ആർക്കാകും?'' ലൂക്കോസ് 12:20.

ഒരു ധനവാനായ മനുഷ്യനെക്കുറിച്ചാണ് ക്രിസ്തു ഇവിടെ പറയുന്നത്. ധാരാളം നിലംപുരയിടങ്ങളുള്ള ഒരു സമ്പന്നനായ മനുഷ്യൻ. ഭൂമി നന്നായി വിളഞ്ഞു. ധാരാളം ധാന്യം ലഭിച്ചു. കണക്കില്ലാത്ത സമൃദ്ധിയായിരുന്നു. നല്ല വിളവെടുപ്പ്. ഇനിയിപ്പോൾ കുറെയേറെ വർഷത്തേക്ക് നാട്ടിൽ ക്ഷാമം ഉണ്ടായാലും എനിക്ക് പേടിക്കാനൊന്നുമി ല്ലല്ലൊ എന്നവൻ വിചാരിച്ചു. For many many years എന്നാണ് അവൻ പറയുന്നത്. എനിക്ക് ഏറിയ ആണ്ടു കൾക്ക് മതിയായ അനവധി വസ്തുവക സ്വരൂപിച്ചു വെച്ചി രിക്കുന്നു; ഇനി എനിക്ക് തിന്നാം, കുടിക്കാം, ആശ്വ സിക്കാം, ആനന്ദിക്കാം, സുഖിച്ച് പുളച്ച് കഴിയാം എന്നവൻ ഏറിയ ആണ്ടത്തേക്ക് കണക്കു കൂട്ടുകയാണ്.

അപ്പോഴിതാ ഒരു പ്രശ്നം. ഞാൻ എന്തു ചെയ്യേണ്ടു? എന്റെ വിളവും വസ്തുവകയും കൂട്ടിവെപ്പാൻ സ്ഥലം

പോര എന്നവൻ ചിന്തിച്ചു. 'എന്റെ കളപ്പുരകളെ പൊളിച്ച് അധികം വലിയവ പണിത് എന്റെ വിളവും വസ്തുവകയും അതിൽ കൂട്ടിവെയ്ക്കും.' ചിന്തിച്ചും ആലോചിച്ചും മനോരാജ്യംകൊണ്ടും ആകാശക്കോട്ടകൾ കെട്ടിയും അങ്ങനെ നേരം ഏറെ കഴിഞ്ഞു.

പെട്ടെന്നാണ് അതുണ്ടായത്. ഒരു പ്രയാസം. ഒരു വേദന. അത് പെട്ടെന്ന് കൂടി. നെഞ്ച് പിളരുന്നതുപോലെ. മിണ്ടാൻ കഴിയാത്തതുപോലെ. അയ്യോ, മരിക്കാൻ പോവുകയാണോ? അപ്പോഴിതാ നിത്യനായ ദൈവത്തിന്റെ സ്വരം : ''മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചത് ആർക്കാകും.'' For many many years എന്ന് കണക്കു കൂട്ടിക്കൊണ്ടിരുന്നവനോട് ദൈവം പറയുന്നു : Tonight.

ദൈവപൈതലേ, മരണം നിന്നെ പിടികൂടുന്നതെപ്പോഴെന്ന് നീ അറിയുന്നില്ലല്ലൊ. നിത്യതയ്ക്കുവേണ്ടി ഒരുങ്ങിയോ? നിത്യസ്വർഗ്ഗത്തിന്റെ അവകാശം പ്രാപിച്ചുവോ? ക്രിസ്തു നിന്റെ ഹൃദയത്തിൽ വാഴുന്നുവോ? നീ ദൈവവിഷയമായി സമ്പന്നനാകുന്നുവോ?

ദൈവം ആ ധനികനായ മനുഷ്യനെ 'മൂഢാ' എന്ന് വിളിച്ചത് എന്തുകൊണ്ടാണ്? അവൻ വിഡ്ഢിത്തം ഒന്നും ചെയ്തതായി നാം കാണുന്നില്ലല്ലൊ. പൊതുജനങ്ങൾ അവനെ 'ബുദ്ധിമാൻ' എന്നല്ലേ പറയൂ. ബുദ്ധിപൂർവ്വം കൃഷി ചെയ്തു. ബുദ്ധിപൂർവ്വം വയലിൽ പണിയെടുത്തു. എല്ലാ വിളവും വസ്തുവകയും കൂട്ടിവെയ്ക്കാൻ പുതിയ വലിയ കളപ്പുരകൾ പണിയുവാൻ ബുദ്ധിപൂർവ്വം പരി

പാടി തയ്യാറാക്കി. നല്ല ബുദ്ധിയുള്ള മനുഷ്യൻ. എത്ര ബുദ്ധിയോടെയാണ് അയാൾ ഓരോ കാര്യവും ചെയ്യുന്നത് - എന്നല്ലേ നാട്ടുകാർ പറയൂ. പിന്നെ എന്തായിരിക്കും ദൈവം അവനെ 'മൂഢാ' എന്ന് വിളിക്കാൻ കാരണം. നമുക്ക് ചിന്തിക്കാം.

ഒന്നാമത്തെ കാരണം, അവന് മരണത്തെക്കുറിച്ച് കരുതലുണ്ടായിരുന്നില്ല. He was not conscious of death. He was not death conscious.

സങ്കീർത്തനക്കാരൻ പാടി. സങ്കീ. 39:46. ''യഹോവേ, എന്റെ അവസാനത്തേയും എന്റെ ആയുസ്സ് എത്ര എന്നതിനെയും എന്നെ അറിയിക്കണമേ. ഞാൻ എത്ര ക്ഷണികൻ എന്ന് ഞാൻ അറിയുമാറാകട്ടെ. ഇതാ, നീ എന്റെ നാളുകളെ നാലു വിരൽ നീളമാക്കിയിരിക്കുന്നു. എന്റെ ആയുസ്സ് നിന്റെ മുമ്പാകെ ഏതുമില്ലാത്തതുപോലെ ഇരിക്കുന്നു. ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരുശ്വാസമത്രേ. മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം. അവൻ ധനം സമ്പാദിക്കുന്നു. ആര് അനുഭവിക്കും എന്നറിയുന്നില്ല.''

തൊണ്ണൂറാം സങ്കീർത്തനത്തിൽ മരണത്തെക്കുറിച്ചും ആയുസ്സിന്റെ ക്ഷണികതയെക്കുറിച്ചും പറയുന്നുണ്ട്. ''ദൈവമേ, നീ മർത്ത്യനെ പൊടിയിലേക്ക് മടങ്ങിച്ചേരുമാറാക്കുന്നു. മനുഷ്യന്റെ ആയുഷ്ക്കാലം എഴുപതു സംവത്സരം; ഏറെയായാൽ എൺപത് സംവത്സരം. അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ.''

പൗലോസ് അപ്പോസ്തലൻ എഴുതി : ''ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല; ഇവിടെനിന്ന് യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല.'' 1 തീമോഥെയോസ് 6:7.

മഹാനായ അലക്സാണ്ടർ ചക്രവർത്തിയെക്കുറിച്ച് കേട്ടിട്ടുണ്ട്. മരിക്കാൻ കിടക്കുമ്പോൾ അദ്ദേഹം പറഞ്ഞു പോലും : ''ഞാൻ മരിച്ച് ശവസംസ്ക്കാരത്തിനു കൊണ്ടുപോകുമ്പോൾ ശവമഞ്ചത്തിനിരുവശത്തും ഓരോ ദ്വാരമുണ്ടാക്കി എന്‍െറ കൈ രണ്ടും വെളിയിലേക്കിട്ടിരിക്കണം.'' ''പ്രഭോ, എന്തിനാണത്?'' ''നിങ്ങൾക്ക് മനസ്സിലായില്ലേ? ലോകം വെട്ടിപ്പിടിച്ച മഹാനായ അലക്സാണ്ടർ വെറും കൈയായിട്ടാണ് കടന്നുപോകുന്നത് എന്ന് ലോകത്തെ അറിയിക്കാൻ.''

സ്നേഹിതാ, താങ്കൾ മരണത്തെക്കുറിച്ച് കരുതലുള്ളവനാണോ? ഇന്ന് മരിച്ചാൽ ക്രിസ്തുവിന്‍െറ രാജ്യത്തിലെത്തുമോ? പരിശുദ്ധൻമാർക്കുവേണ്ടി ഒരിക്കിയിരിക്കുന്ന സ്വർഗ്ഗസൗഭാഗ്യം താങ്കൾക്ക് ലഭിക്കുമോ?

രണ്ടാമതായി, ആ ധനവാനെ 'മൂഢാ' എന്നു വിളിക്കാൻ കാരണം അവന് ദൈവത്തെക്കുറിച്ച് ബോധമുണ്ടായിരുന്നില്ല. He was not conscious of God. He was not God-conscious. അവൻ അവിടെ ഒരിടത്തും ദൈവത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. ഞാൻ, എനിക്ക്, എന്‍െറ എന്നിങ്ങനെ മാത്രമാണ് അവൻ പറയുന്നത്. പ്രിയ സഹോദരാ, താങ്കൾക്ക് ദൈവബോധമുണ്ടോ? ദൈവഭയമുണ്ടോ? ഒരു ദൈവം ജീവിക്കുന്നു എന്ന് അറിയാമോ? ദൈവം പ്രസാദി

ക്കുന്ന ജീവിതം മാത്രമേ ശാശ്വത സമാധാനം തരികയുള്ളൂ എന്നറിയാമോ?

ചാൾസ് ഡാർവിന് ദൈവവിശ്വാസം ഉണ്ടായിരുന്നില്ല. Origin of Spicies എന്ന ഗ്രന്ഥത്തിലൂടെ അദ്ദേഹം പ്രോൽഘാടനം ചെയ്ത Theory of Evolution-ന്റെ (പരിണാമ സിദ്ധാന്തം) ആകത്തുക ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്ന ബൈബിൾ വചനം ശരിയല്ല. കുരങ്ങിൽ നിന്ന് മനുഷ്യനുണ്ടായി, മനുഷ്യൻ അതിമാനുഷൻ (Super man) ആകും എന്നതാണ്.

‘‘വാനരൻ മൂത്തു വാൽ പോയ് നരനായി
വാനവനാകാൻ മുതിരുകയായ്’’ എന്ന് കവി പാടി.

ആ ചാൾസ് ഡാർവിൻ ജീവിതത്തിന്റെ സായന്തന കാലത്ത് മാനസാന്തരപ്പെട്ടു. ദൈവവിശ്വാസിയായിത്തീർന്നു. Creation or Evolution എന്ന ഗ്രന്ഥത്തിൽ ചാൾസ് ഡാർവിന്റെ മാനസാന്തരത്തെക്കുറിച്ച് പറയുന്നുണ്ട്.

സുപ്രസിദ്ധ നിരീശ്വരനായിരുന്ന വോൾട്ടയർ മരണത്തോടടുത്തപ്പോൾ ഒരു ക്രിസ്തുവിശ്വാസി വരണമെന്നും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നും ആഗ്രഹിച്ചു. ജീവിതം മുഴുവൻ പാഴായിപ്പോയല്ലോ എന്നദ്ദേഹം വിലപിച്ചു. മരണത്തോടടുത്തപ്പോൾ മരണക്കിടക്കയുടെ ചുറ്റും നിന്ന സ്നേഹിതരെ മാറി മാറി നോക്കിയിട്ട് അദ്ദേഹം ഏങ്ങലടിച്ച് പറഞ്ഞു : “O, I am sinking deep deep into the fire of hell. Who can rescue me from this fire of hell.” ‘‘ഞാനിതാ നരകത്തീയിലേക്ക് താണുതാണ് പോകുന്നു; എന്നെ ഈ നര

കാഗ്നിയിൽനിന്ന് രക്ഷിക്കാൻ ആരുമില്ലല്ലൊ'', എന്ന് മഹാനായ ആ തത്വചിന്തകൻ നിരാശയോടെ പറഞ്ഞു.

ആ ധനവാനായ മനുഷ്യനെ ദൈവം 'മൂഢാ' എന്ന് വിളിക്കാനുള്ള മൂന്നാമത്തെ കാരണം, അവന് അവന്റെ ആത്മാവിനെക്കുറിച്ച് കരുതലുണ്ടായിരുന്നില്ല. He was not conscious of his soul. He was not soul-conscious. സ്നേഹിതാ, ഈ ലോക ജീവിതംകൊണ്ട് എല്ലാം തീരുമെന്നാണോ താങ്കളുടെ കണക്കുകൂട്ടൽ. മനുഷ്യന് ദേഹവും ദേഹിയും ആത്മാവും ഉണ്ട്. ദേഹത്തിൽനിന്ന് ദേഹി മാറുന്നതാണ് ശാരീരിക മരണം. എന്നാൽ ആത്മാവ് നിത്യമാണ്. ഈ ശരീരത്തിൽ ദേഹി കുടികൊള്ളുന്ന സമയത്ത് ആത്മാവ് ദൈവരാജ്യത്തിലെത്താൻ കരുതിയില്ലെങ്കിൽ നിത്യ ദണ്ഡനത്തിലേക്ക് പോകേണ്ടിവരും. അവരുടെ പുഴു ചാകുന്നില്ല. അവരുടെ തീ കെടുന്നില്ല എന്ന് ക്രിസ്തു അരുളി ചെയ്തു.

മാന്യ സഹോദരാ, പ്രിയ സഹോദരി, നിന്റെ ആത്മാവിന്റെ വീണ്ടെടുപ്പിനുവേണ്ടി ക്രിസ്തു ക്രൂശിൽ മരിച്ചു എന്ന് നീ വിശ്വസിക്കുന്നുവോ? എങ്കിൽ ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി വെടിപ്പാക്കുന്ന ക്രിസ്തുവിന്റെ രക്തത്തിൽ നിന്നെത്തന്നെ സമർപ്പിച്ച് നിത്യജീവൻ നേടുവിൻ.

അവനെ 'മൂഢാ' എന്ന് വിളിക്കാനുള്ള നാലാമത്തെ കാരണം, അവൻ മറ്റുള്ളവരെക്കുറിച്ച് ഒരു കരുതലും ഉള്ളവനായിരുന്നില്ല എന്നതാണ്. He was self conscious. He was not consious of others. He was not others-conscious. അവൻ മറ്റാരുടെയും ഒരു കാര്യവും പറയുന്നില്ല. എനിക്കു

തിന്നാം, എനിക്കു കുടിക്കാം, എനിക്ക് ആശ്വസിക്കാം, എനിക്ക് ആനന്ദിക്കാം എന്നാണവൻ പറയുന്നത്. മാന്യ സ്നേഹിതാ, വേദനിക്കുന്നവൻെറ വേദനയിൽ പങ്കു ചേർന്ന് വേദനിക്കാൻ താങ്കൾക്ക് കഴിയുന്നുണ്ടോ? Pain with the pain of the pained.

ആ ധനവാൻ മൂഢനായിപ്പോയി. ആ ദുർഗ്ഗതി നമുക്കാർക്കും വരരുതേ. ഇപ്പോൾതന്നെ മായയായ ലോകത്തിൻെറ ഇമ്പങ്ങളെയും വെറിക്കൂത്തുകളെയും ഉപേക്ഷിക്കുക. ജഡമോഹങ്ങളോടും ലോകസുഖങ്ങളോടും യാത്ര പറയുക. ജീവൻെറ ഉടയവനായ ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുക. ജീവിതം ക്രിസ്തുവിൻെറ ആണിപ്പാടുള്ള കരങ്ങളിലേക്ക് സമർപ്പിക്കുക. ക്രിസ്തു വസിക്കുന്ന ഒരു പുതിയ ജീവിതം ഇന്നു മുതൽ നയിക്കുക.

എങ്കിൽ അരികിൽ വന്നു നില്ക്കുന്ന ക്രിസ്തുവിനോട് പറയുക. യേശുവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഞാൻ ഇന്നു മുതൽ നിനക്കായി ജീവിക്കും.

നമുക്ക് പ്രാർത്ഥിക്കാം. നാഥാ, യേശുവേ, കരുണാമയനേ, സ്നേഹവാനേ, അവിടുന്നു തന്ന ജീവമൊഴികൾക്കായി സ്തോത്രം. നിത്യജീവൻെറ വചനങ്ങൾക്കായി സ്തോത്രം. ഈ വാക്കുകളെ കേട്ട എല്ലാവരെയും അനുഗ്രഹിക്കണമേ. യേശുവിൻെറ നാമത്തിൽ തന്നേ. ആമ്മീൻ.

★ ★ ★

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ്

## പ്രധാന യോഗങ്ങൾ

**കടയിരുപ്പ് – പ്രൊഫ. എം.വൈ. യോഹന്നാൻെറ ഭവനം**

| | | |
|---|---|---|
| രണ്ടാം ശനി | : | 10 a.m. – 2 p.m. |
| രണ്ടാം ഞായർ | : | 11 a.m. – 2 p.m. |
| മൂന്നാം ഞായർ | : | 11 a.m. – 2 p.m. |
| തിങ്കൾ | : | 6.30 p.m. – 8 p.m. |

**കോലഞ്ചേരി – പ്രൊഫ. സി.എം. മാത്യുവിൻെറ ഭവനം ബൈബിൾ ക്ലാസ്സ്**

| | | |
|---|---|---|
| വെള്ളി | : | 6.30 p.m. – 8 p.m. |

**എറണാകുളം – പ്രാർത്ഥനാലയം, മാർക്കറ്റ് റോഡ്**

| | | |
|---|---|---|
| ചൊവ്വ | : | 6.30 p.m. – 8 p.m. |

**കോട്ടയം, കൽപ്പറ്റ, അടിമാലി**

| | | |
|---|---|---|
| ഒന്നാം ഞായർ | : | 2.30 p.m. – 5 p.m. |

**മണ്ണാർക്കാട് - പോതോപ്പാടം**

| | | |
|---|---|---|
| നാലാം ശനി | : | 10 a.m. – 2 p.m. |

**മാവേലിക്കര - കൊല്ലകടവ്**

| | | |
|---|---|---|
| അവസാന ശനി | : | 10 a.m. – 2 p.m. |

**ചിങ്ങവനം - കേളചന്ദ്ര ഓഡിറ്റോറിയം**

| | | |
|---|---|---|
| നാലാം ഞായർ | : | 2.30 p.m. – 5 p.m. |

**എല്ലാ ചൊവ്വാഴ്ചയും സന്ധ്യയ്ക്ക് 6.41 മുതൽ 6.56 വരെ S.W. 25 മീറ്ററിൽ ഫീബാ റേഡിയോയിൽ പ്രൊഫ. എം.വൈ. യോഹന്നാൻ പ്രസംഗിക്കുന്നു - അമൃതധാര.**